D35:23 32H0 BHASHA: ABHISHEKA NADAKAM.

015:2D35:23
[32H0]

015 : 2D35 : 23
[32 40]
a :
akam
MUL
165321

**Madras University Library.**

Call Number 015: 2D35:23 …2H0.

Accession Number 16532…

Available for loan from

This book should be returned on or before the date last marked below.

…PR 1961

NATAKA SERIES.

# അഭിഷേകനാടകം

Abhisheka Nadakam

(ഭാഷ)

UNIVERSITY LIBRARY
20 JUL 1955
MADRAS

ഗ്രന്ഥകർത്താ:

**വള്ളത്തോൾ നാരായണമേനോൻ**

Vallathol Narayana menon

Kamalalaya Book Depot, Trivandr

കമലാലയാ ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

1116

പരിഷ്കരിച്ച പതിപ്പ്] [വില ൧൨ ണ.

165321
38249
015:2D35:23
32H0

# ആമുഖം.

## ഭാസനാടകങ്ങൾ:—

സ്വപ്നവാസവദത്തം, പ്രതിജ്ഞായൌഗന്ധരായണം, പഞ്ചരാത്രം, ചാരുദത്തം, ദൂതഘടോൽകചം, അവിമാരകം, ബാലചരിതം, മദ്ധ്യമവ്യായോഗം, കൎണ്ണഭാരം, ഊരുഭംഗം എന്ന **കണ്ടുപിടിത്തം.** പത്തു രൂപകങ്ങൾ തിരുവിതാംകൂറിലെ പ്രാചീന സംസ്കൃത പുസ്തകപ്രസിദ്ധീകരണവകുപ്പുകാർ ൧൯൧൨-ൽ പത്മനാഭപുരത്തുള്ള മണലിക്കരപ്പോററിയുടെ മഠത്തിൽ നിന്നു കണ്ടുപിടിച്ചതോടുകൂടി, സാഹിത്യരസികന്മാർ അന്നുവരെ പേരു മാത്രം കേട്ടിട്ടുണ്ടായിരുന്ന ഭാസമഹാകവിയുടെ കൃതികളേയോ, അപ്രകാരം വിചാരിക്കപ്പെട്ടുന്നവയേയോ അവക്കു വായിച്ചു രസിക്കുവാൻ സാധിച്ചു. അനന്തരം പ്രസ്തുത വകുപ്പുകാരിൽ നിന്നുതന്നെ ഭാസകൃതികളെന്നു വിചാരിക്കപ്പെട്ടുന്ന അഭിഷേകനാടകം, പ്രതിമാനാടകം, ദൂതവാക്യം എന്നീ മൂന്നു രൂപകങ്ങൾ കൂടി നമുക്കു ലഭിച്ചിട്ടുണ്ട്. ഈ ൧൩ നാടകങ്ങളിൽ ആറെണ്ണം മഹാഭാരതോപജീവിതങ്ങളാകുന്നു. വാസവദത്താഹരണമാണ് നാടികയെന്നു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഒരു ഈഹാമൃഗമായി പരിഗണിക്കാവുന്ന പ്രതിജ്ഞായൌഗന്ധരായണത്തിലെ കഥ, വിരാടപൎവ്വകഥയെ ആസ്പദിച്ചെഴുതിയ ഒരു സമവകാരമത്രേ പഞ്ചരാത്രം. ഭീമസേനകൃതമായ ഊരുഭംഗവും തൽഫലമായ ദുൎയ്യോധനമരണവുമാണ് ഒരു ഉത്സൃഷ്ടികാങ്കമായ ഊരുഭംഗത്തിലെ കഥാവസ്തു. മദ്ധ്യമവ്യായോഗവും ദൂതഘടോൽകചവും ഘടോൽകചകഥയേയും, ദൂതവാക്യം കൃഷ്ണദൂതിനേയും, കൎണ്ണഭാരം കൎണ്ണകഥയേയും ആധാരമാക്കി രചിക്കപ്പെട്ടിട്ടുള്ള വ്യായോഗങ്ങളാകുന്നു. പ്രതിമാനാടകവും അഭിഷേകനാടകവും രാമായണാധികൃതങ്ങളാണ്. ബൌദ്ധജാതകകഥകളേയോ, ഗുണാഢ്യന്റെ ബൃഹത്കഥയേയോ ആസ്പദമാക്കിയാണ് അവിമാരകമെന്ന നാടകം രചിച്ചിട്ടുള്ളത്. മൃച്ഛകടികത്തിലെ കഥതന്നെയാണു ചാരുദത്തത്തിലും കാണുന്നത്. ശ്രീകൃഷ്ണകഥ ബാലചരിതത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

20 JUL 1955
MADRAS

ഇങ്ങിനെ കണ്ടെടുക്കപ്പെട്ട സ്വപ്നവാസവദത്തത്തിൻെറ പ്രസിദ്ധീകരണത്തോടുകൂടി ഭാസകൃതികളെപ്പററി തീവ്രമായ വാദപ്രതിവാദങ്ങൾ പണ്ഡിതലോകത്തിൽ ഉത്ഭവിക്കുകയുണ്ടായി. അവ ഇന്നും അവസാനിച്ചിട്ടില്ല. ഈ നാടകങ്ങളെല്ലാംതന്നെ ഭാസകൃതികളാണെന്നു ചിലർ വിചാരിക്കുന്നുണ്ടെങ്കിലും മററു ചിലർ ഇതിനെ നിഷേധിക്കുകയാണു ചെയ്യുന്നതു്. സ്വപ്നവാസവദത്തം എന്നൊരു നാടകം ഭാസൻ രചിച്ചിട്ടുണ്ടെന്നു് എല്ലാപേരും സമ്മതിക്കുന്നു. എന്നാൽ നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തംതന്നെയാണോ അതു് എന്നു ചിലർ സംശയിക്കുന്നു. സ്വപ്നവാസവദത്തവും പ്രതിജ്ഞായൌഗന്ധരായണവും മാത്രമേ ഭാസൻെറ കൃതികളായി നമുക്കു ലഭിച്ചിട്ടുള്ളു എന്നും, മറെറല്ലാം അന്യർ അവയെ അനുകരിച്ചെഴുതിയ കൃതികളാണെന്നുമാണു ചിലരുടെ അഭിപ്രായം. ഭാസൻെറ കാലത്തെപ്പററിയും തർക്കമുണ്ടു്. ഈ വാദകോലാഹലത്തിൻെറ സ്വഭാവവും ഗതിയും ശരിയായി മനസ്സിലാക്കുവാനായി, ആദ്യമായി പ്രസ്തുത നാടകചക്രം ഭാസകൃതമാണെന്നു വിചാരിക്കുന്ന ഭാസപക്ഷക്കാരുടെ ഓരോ വാദങ്ങളേയും അതിന്നു് എതിരായി എതിർപക്ഷം കൊണ്ടുവന്നിട്ടുള്ള ഖണ്ഡനവിമർശനങ്ങളേയും, പിന്നീടു് എതിർപക്ഷം പുറപ്പെടുവിച്ചിട്ടുള്ള പുതിയ വാദങ്ങളേയും ഇവിടെ മുറയ്ക്കു ചുരുക്കി വിവരിക്കാം.

ഭാസനാടകചക്രത്തിൻെറ പ്രസാധകനും പണ്ഡിതശിരോമണിയുമായ മഹാമഹോപാദ്ധ്യായ ഡാക്ടർ ടി. ഗണപതിശാസ്ത്രികളാണു് ഭാസപക്ഷത്തിന്റെ തലവൻ.

**പൊതുവായ ലക്ഷണ വിശേഷണങ്ങൾ**

നാടകങ്ങളുടെ പ്രാരംഭത്തിൽ നാന്ദിക്കുശേഷം "നാന്ദ്യന്തേ സൂത്രധാരഃ" എന്നു പറയുകയാണു സാധാരണയായി ചെയ്യാറുള്ളതു്. ഭാസനാടകങ്ങളിൽ "നാന്ദ്യന്തേ തതഃ പ്രവിശ്യതി സൂത്രധാരഃ" എന്നു് ആദ്യമായി തുടങ്ങി, അനന്തരം മംഗളശ്ലോകം പറയുകയും, "പ്രസ്താവന" എന്നു പറയേണ്ടിടത്തു് "സ്ഥാപന" എന്നു നിർവ്വചിക്കുകയും ചെയ്തിരിക്കുന്നു. ഭാസനാടകചക്രത്തിൽപെട്ട നാടകങ്ങളൊന്നുംതന്നെ സംസ്കൃതനാടകങ്ങളുടെ പതിവനുസരിച്ചു് സ്ഥാപനയിൽ ഗ്രന്ഥകർത്താവിന്റെ പേർ പറയുകയോ, അയാളുടെ കൃതിയെ പ്രശംസിക്കുകയോ ചെയ്യുന്നില്ല. "അസ്മാകം രാജശ്രേഷ്ഠഃ കൃൽസ്നാം ഭൂമിം പ്രശാസ്തു" എന്നോ, "അസ്മാകം രാജാ ഭൂമിം പ്രശാസ്തു" എന്നോ ഉള്ള ഒരു മുദ്ര അവയിൽ പലതിന്റേയും ഭരതവാക്യങ്ങളിൽ കാണാവുന്നതുമാണു്.

പ്രസ്തുത വിശേഷലക്ഷണങ്ങളിൻ മിക്കവയും ഭാസനാടകചക്രത്തിൽ മാത്രമല്ല, മഹേന്ദ്രവൎമ്മൻെറ മത്തവിലാസം, ശക്തിഭദ്രൻെറ ആശ്ചൎയ്യചൂഡാമണി, കുലശേഖരവൎമ്മൻെറ തപതീസംവരണം, സുഭദ്രാധനഞ്ജയം; വരരുചിയുടെ ഉഭയാഭിസാരികാ, ഈശ്വരദത്തന്റെ ധൂൎത്തവിടസംവാദം, ശൂദ്രകൻെറ പത്മപ്രാഭൃതിക, ശ്യാമിളകൻെറ പദതാഡിതക എന്നീ നാടങ്ങളിലും, കാളിദാസൻെറ ശാകുന്തളം, വിക്രമോവ്ശീയം, വിശാഖദത്തൻെറ മുദ്രാരാക്ഷസം, ഹൎഷൻെറ നാഗാനന്ദം എന്നീ നാടകങ്ങളുടെ ദക്ഷിണഭാരതത്തിലെ കൈയെഴുത്തുപ്രതികളിൽ പോലും കൂടി കാണാവുന്നതാണെന്നാണ് ഇതിനെതിരായി എതിർപക്ഷം കൊണ്ടുവരുന്ന വാദം.

സ്വപ്നവാസവദത്തത്തിൻെറ മംഗളശ്ലോകത്തിൽ അതിലെ പ്രധാന കഥാപാത്രങ്ങളുടെ നാമങ്ങളെ നിർദ്ദേശിച്ചിരിക്കുന്നതുപോലെ

**അന്യോന്യ സാദൃശ്യങ്ങൾ.**

പ്രതിജ്ഞ, പഞ്ചരാത്രം, പ്രതിമ എന്ന നാടകങ്ങളിലെ മംഗളശ്ലോകങ്ങളിലും ചെയ്തിരിക്കുന്നു. പ്രതിജ്ഞ, അവിമാരകം, പ്രതിമ, കൎണ്ണഭാരം, ചാരുദത്തം എന്നിവയിലൊഴിച്ച് മറ്റെല്ലാററിലും സൂത്രധാരൻെറ പ്രാരംഭപ്രസംഗം ഒരേ വാക്കുകളിലാണ്.

"ഇമാം സാഗരപൎയ്യന്താം ഹിമവദ്വിന്ധ്യകുണ്ഡലാം
മഹീമേകാതപത്രാങ്കാം രാജസിംഹഃ പ്രശാസ്തു നഃ"

എന്നുള്ള ഭരതവാക്യം സ്വപ്നവാസവദത്തത്തിലും ബാലചരിതത്തിലും ഒന്നുപോലെ കാണുന്നു.

"ഭവന്ത്വരജസോ ഗാവഃ പരചക്രം പ്രശാമ്യതു
ഇമാമപി മഹീം കൃത്സ്നാം രാജസിംഹഃ പ്രശാസ്തു നഃ"

എന്നുള്ള ഭരതവാക്യം പ്രതിജ്ഞ, അവിമാരകം, അഭിഷേകം എന്നീ മൂന്നിലും, ഒടുവിൽ ഉദ്ധരിച്ച ഭരതവാക്യത്തിൻെറ മൂന്നും നാലും വരികൾ പഞ്ചരാത്രത്തിൻെറ ഭരതവാക്യത്തിലും കാണാവുന്നതാണ്.

"ലിമ്പതീവ തമോഽംഗാനി, വൎഷതീവാഞ്ജനം നഭഃ
അസൽപുരുഷസേവേവ, ദൃഷ്ടിർവിഫലതാം ഗതഃ"

എന്നുള്ള ശ്ലോകം ചാരുദത്തത്തിലേയും ബാലചരിതത്തിലേയും പ്രഥമാങ്കങ്ങളിൽ കാണ്മാനുണ്ട്. പ്രസ്തുത നാടകചക്രത്തിൽനിന്നു നൂററിഅൻപതോളം സമാനഘട്ടങ്ങൾ ഡാക്ടർ സുക്തങ്കർ സമാഹരിച്ചു കാണി

ച്ചിട്ടുമുണ്ട്. അനുകരണഭ്രമവും, ആശയചോരണവും, പദചോരണം പോലും, സാഹിത്യലോകത്തിൽ സർവ്വത്ര കാണാവുന്നതിനാൽ, പ്രസ്തുത സാദൃശ്യങ്ങൾകൊണ്ടു മാത്രം ഈ നാടകങ്ങൾ ഒരു ഒററഗ്രന്ഥകത്താവിൻെറ കൃതികളാണെന്നു വരുന്നതല്ലെന്നാണ് എതിർപക്ഷം ഇതിനു സമാധാനം പറയുന്നത്.

**രാജശേഖരാദി സാഹിത്യകാരന്മാരുടെ തെളിവ്.**

മുകളിൽ വിവരിച്ച പ്രകാരമുള്ള സാദൃശ്യങ്ങൾ പ്രസ്തുത ൧൩ നാടകങ്ങളിലും കാണുന്നതിനാലും, അവയിൽ ഒന്നിൻെറ പേരും ഗ്രന്ഥകത്താവിൻെറ നാമവും സൂക്തിമുക്താവലിയിലെ, "ഭാസനാടകചക്രേഽപി ഛേകൈഃ ക്ഷിപ്തേ പരീക്ഷിതും സ്വപ്നവാസവദത്തസ്യ ദാഹകോഽഭൂന്ന പാവകഃ" എന്ന രാജശേഖരപദ്യം പ്രസ്താവിക്കുന്നതുകൊണ്ടും ഈ നാടകങ്ങളെല്ലാംതന്നെ ഭാസകൃതികളാണെന്നു വേണം വിചാരിക്കേണ്ടത്. അഗ്നിപരീക്ഷയെ സ്വപ്നവാസവദത്തം അതിജീവിച്ചു എന്ന ഐതിഹ്യംതന്നെ എ. ഡി. ൧൨-ാംശതകത്തിൽ ജീവിച്ചിരുന്ന ജയനാഥൻെറ "ഭാസസ്യ കാവ്യം ഖലു വിഷ്ണുധർമ്മൻ, സോപ്യാനനാത് ഭാരതവന്മുമോച" എന്ന ശ്ലോകാർദ്ധവും സൂചിപ്പിക്കുന്നുണ്ട്. ൧൨-ാംശതകത്തിൽ തന്നെ ജീവിച്ചിരുന്ന "നാട്യദർപ്പണ"കർത്താക്കന്മാരായ രാമചന്ദ്രനും ഗുണചന്ദ്രനും പ്രസ്തുത കൃതിയിൽ സ്വപ്നവാസവദത്തം ഭാസൻേറതാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

"സൂത്രധാരകൃതാരംഭൈർന്നാടകൈർബഹുഭൂമികൈഃ
സപതാകൈർയശോ ലേഭേ ഭാസോ ദേവകുലൈരിവ"

എന്നുള്ള ബാണൻെറ ശ്ലോകത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഭാസനാടകങ്ങളുടെ സ്വഭാവവിശേഷങ്ങൾ—അതായത് സൂത്രധാരനാൽ ആരംഭിക്കപ്പെടുക, പല വേഷങ്ങളും ഉണ്ടായിരിക്കുക, ഉപകഥകൾ കൂടി അടങ്ങിയിരിക്കുക എന്നുള്ളത്—പ്രസ്തുത നാടകചക്രത്തിലും കാണാവുന്നതാണ്. "പ്രസന്നരാഘവ"കർത്താവായ ജയദേവൻ ഭാസൻെറ ഒരു ഗുണമായി ചൂണ്ടിക്കാണിച്ചിട്ടുള്ള ഹാസ്യരസം പ്രതിജ്ഞ, ബാലചരിതം, അവിമാരകം എന്നീ നാടകങ്ങളിൽ ദൃശ്യമാണ്. "ഗൌഡവഹ"കർത്താവായ പ്രാകൃതകവി വാക്പതി ഭാസനു നൽകിയിരിക്കുന്ന "ജലണമിത്തം", അതായത്, "ജ്വലനമിത്രം" എന്ന നാമം സ്വപ്നവാസവദത്തത്തിലെ ലാവാണകഗ്രാമദഹനത്തേയും, പഞ്ചരാത്രത്തിലെ ദാവാനലവർണ്ണന

യെയും, അഭിഷേകത്തിലെ സീതയുടേയും അവിമാരകത്തിലെ നായക ന്റെയും അഗ്നിപ്രവേശത്തെയുമാണു സൂചിപ്പിക്കുന്നതു്. ൧൧-ാംശതക ത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധനായ ഭോജൻ തന്റെ "ശൃംഗാരപ്രകാ ശ"ത്തിൽ സ്വപ്നവാസവദത്തത്തിന്റെ പേരും പറഞ്ഞു് അതിന്റെ അഞ്ചാമങ്കത്തിലെ ഇതിവൃത്തം വിസ്തരിച്ചു വിവരിക്കുകയും, ആ നാടക ത്തിന്റെ അച്ചുതണ്ടാകുന്ന സ്വപ്നത്തിൽ നിന്നു് അതിന്റെ പേരു ജനി ച്ചു എന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു.

**ശാരദാതനയനും സോമപ്രഭനും.**

൧൨-ാംശതകത്തിൽ ജീവിച്ചിരുന്ന ശാരദാതനയൻ തന്റെ "ഭാവ പ്രകാശ"ത്തിൽ പ്രശാന്തനാടകമെന്ന തരത്തിൽ പെട്ട നാടകങ്ങളെ ഉദാഹരിയ്ക്കുവാനായി സ്വപ്നവാസവദത്ത ത്തിലെ ഇതിവൃത്തം മുഴുവനും സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്. വാസവദത്തയെ ഉദയ നനിൽനിന്നു വേർപെടുത്തി പത്മാവതിയെ ഏല്പിക്കുന്നു. പത്മാവതിയുടെ നെററിയിൽ ഒരു പ്രത്യേക അടയാളം കണ്ടു് വാസവദത്ത ജീവിച്ചിരിക്കുന്നു എന്നു വിചാരിച്ചു് അവളെ പേർ പറഞ്ഞു വിളിച്ചു് ഉദയനൻ "ഏഹി വാസവദത്തേ ക്വയാസി, ക്വയാ സി................" എന്നും മററും പറയുന്നു. അനന്തരം ഘോഷവതി എന്ന വീണ കണ്ടു നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തത്തിലുള്ള "ചിരപ്രസുപ്തഃ" എന്നു തുടങ്ങുന്ന ശ്ലോകം (vi, 3) ചൊല്ലുന്നു. "കിം തേ ഭൂയഃ പ്രിയം കുർയ്യാം" ഇത്യാദി വാക്കുകൾ ഇല്ലാതെ നാടകം അവ സാനിക്കുകയും ചെയ്യുന്നു. ശാരദാതനയന്റെ ഈ വിവരണം നമുക്കു ലഭിച്ചിട്ടുള്ള വാസവദത്തത്തെ സൂക്ഷ്മമായി അനുഗമിക്കുന്നുണ്ടെങ്കിലും, പത്മാവതിയുടെ നെററിയിലുള്ള അടയാളം കണ്ടു് വാസവദത്ത ജീവി ച്ചിരിക്കുന്നു എന്നു് രാജാവു കണ്ടുപിടിക്കുന്നതു് അതിൽ കാണുന്നില്ല. "ഏഹി വാസവദത്തേ ക്വയാസി" എന്നീ വാക്കുകൾ രാജാവു പറയുന്ന തായി അതിൽ പറഞ്ഞിട്ടുമില്ല. "ശയ്യായാം" എന്നു തുടങ്ങുന്ന ൫-ാം അങ്കത്തിലെ എട്ടാംശ്ലോകത്തിനു ശേഷം

"കിഞ്ച പത്മാവത്യാം മുഖം വീക്ഷ്യ വിശേഷകവിഭൂഷിതം
ജീവത്യാവന്തികേത്യേതത് ജ്ഞാനമേവ പുരാ മയാ"

എന്നു ചേർത്തു വായിക്കണമെന്നു് ഡാക്ടർ ഗണപതിശാസ്ത്രി അഭിപ്രാ യപ്പെട്ടിട്ടുണ്ടു്. ഒരു നിരൂപകനായ പണ്ഡിതൻ ഗ്രന്ഥം പകർത്തിയതു കൊണ്ടായിരിക്കും ഈ ശ്ലോകം വിട്ടുകളഞ്ഞതു്. ശാകുന്തളത്തിന്റെയും വിക്രമോർവ്വശീയത്തിന്റെയും കേരളത്തിലെ കൈയെഴുത്തുപ്രതികളിൽ

ഇങ്ങനെ ചില ശ്ലോകങ്ങൾ വിട്ടുകളഞ്ഞിട്ടുമുണ്ട്. അതിനാൽ ശാരദാതനയനും നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തം ഭാസന്റേതാണെന്നുള്ളതിനു സാക്ഷ്യം വഹിക്കുകയാണ് വാസ്തവത്തിൽ ചെയ്യുന്നതു്. ൧൨-ാംശതകത്തിൽ ജീവിച്ചിരുന്ന സോമപ്രഭന്റെ "കുമാരപാലപ്രബോധ"ത്തിൽ പ്രതിജ്ഞാനാടികയിൽ കാണുന്നതുപോലെ ഗ്രന്ഥകർത്താവ് ഉദയനകഥ പറയുകയും അതിലുള്ള ഒരു ശ്ലോകം ഉദ്ധരിക്കുകയും ചെയ്യുന്നുമുണ്ട്.

ഭാസപക്ഷത്തിന്റെ മുകളിൽ പറഞ്ഞ വാദത്തെ എതിർക്കുന്നവർ ചുവടെ ചേർക്കുന്ന പ്രകാരം വാദിച്ചിരിക്കുന്നു. അഭിനവഗുപ്തന്റെ

**സഞ്ചിതപക്ഷ്മ കപാടവാദം.**

"ധ്വന്യാലോകലോചന"ത്തിൽ ഭാസന്റെ സ്വപ്നവാസവദത്തത്തിൽനിന്ന് ഉദ്ധരിക്കുന്നു എന്നു പറഞ്ഞു് ഉദ്ധരിച്ചിട്ടുള്ളതും "കാവ്യാനുശാസന"ത്തിൽ ഹേമചന്ദ്രനും ഉദ്ധരിക്കുന്നതുമായ

"സഞ്ചിതപക്ഷ്മകപാടം നയനദ്വാരം സ്വരൂപതഡനേന
ഉദ്ഘാട്യ സാ പ്രവിഷ്ടാ ഹൃദയഗൃഹം മേ നൃപതനൂജാ."

എന്ന ശ്ലോകം നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തത്തിൽ കാണുന്നില്ല. കൂടാതെ സുഭാഷിതാവലി, ശാർങ്ഗധരപദ്ധതി, ഹരിഹരാവലി എന്നീ സംസ്കൃതപദ്യാവലികളിൽ ഭാസന്റെ പദ്യങ്ങളായി ഉദ്ധരിച്ചിട്ടുള്ള ൧൦ ശ്ലോകങ്ങളും പ്രസ്തുത നാടകചക്രത്തിൽ കാണ്മാനില്ല. അതിനാൽ ഈ നാടകചക്രം ഭാസന്റേതല്ല. പ്രഥമദൃഷ്ടിയിൽത്തന്നെ അനുരാഗമുണ്ടാകുന്നതിനെ സൂചിപ്പിക്കുന്ന "സഞ്ചിതപക്ഷ്മകപാടം" എന്ന ശ്ലോകത്തിനു്, കഥ തുടങ്ങുന്നതിനു മുമ്പുതന്നെ വിവാഹിതയായിത്തീർന്നിരുന്ന വാസവദത്തയും രാഷ്ട്രീയകാര്യലാഭാർത്ഥം ഉദയനൻ വരിച്ചവളായ പത്മാവതിയും നായികമാരായിട്ടുള്ള സ്വപ്നവാസവദത്തത്തിൽ, സ്ഥാനമില്ലെന്നു പറഞ്ഞാണ് ഡാക്ടർ ഗണപതിശാസ്ത്രി ഈ വാദത്തിനു സമാധാനം പറഞ്ഞിരിക്കുന്നതു്. ഭാസപക്ഷക്കാരായ മററു ചിലർ ഈ ശ്ലോകത്തിനു് സ്വപ്നവാസവദത്തത്തിൽ സ്ഥാനമുണ്ടെന്നും, അതു് ആറാമങ്കത്തിൽ വിഷ്കംഭം കഴിഞ്ഞു് രാജാവും വിദൂഷകനും പ്രവേശിച്ചു് രാജാവ് "മട്ടുകിടമൊഴി നീ നതാംഗിയാളിൻ" എന്ന ശ്ലോകം പറയുന്നതിനു മുമ്പാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. കൂടാതെ, ആലങ്കാരികന്മാരുടെ മുന്നണിയിൽ നിൽക്കുന്ന അഭിനവഗുപ്തനു് തെററു പററിപ്പോകാനിടയില്ലായ്കയാൽ, ആ ശ്ലോകത്തിനു് സ്വപ്നവാസവദത്തത്തിൽ സ്ഥാനമില്ലെന്നുള്ള ഡാക്ടർ ഗണപതിശാസ്ത്രിയുടേയും പ്രൊഫസ്സർ വിന്റർനിററ്സിന്റേയും വാദം, ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തം ഭാസകൃതമല്ലെന്നു പറയുന്ന

തിനു തുല്യമാണെന്നും, ആ ശ്ലോകം നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തത്തിൽ കാണാതെയിരിക്കുന്നതു് ഗ്രന്ഥം പകർത്തിയവന്റെ സൂക്ഷ്മക്കുറവുകൊണ്ടോ, ത്രം കഥൈക്യം അവിടെ അനുയോജ്യമല്ലെന്നുള്ള അഭിനവഗുപ്തമതത്തെ പുരസ്കരിച്ചു് അതിനെ മനഃപൂർവം വിട്ടുകളഞ്ഞതുകൊണ്ടോ ആയിരിക്കണമെന്നും ഇവർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. സുഭാഷിതാവലി ആദിയായ പദ്യാവലികളിൽ ഭാസന്റേതായി ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങൾ പ്രസ്തുത നാടകചക്രത്തിൽ കാണാതെയിരിക്കുന്നതിനു് ഒരു സമാധാനമായി ഭാസപക്ഷം പറയുന്നതു് നമുക്കു ലഭിച്ചിട്ടില്ലാത്ത ഇതരഭാസകൃതികളിൽനിന്നു് ഒരുപക്ഷേ അവയെ എടുത്തിരിക്കാം എന്നാകുന്നു. പ്രസ്തുത പത്തു പദ്യങ്ങളും ഭാസന്റേതു് എന്നു തെറ്റായി അവർ പറഞ്ഞുപോയി എന്നാണു് ഇതിനു മറ്റൊരു സമാധാനം. "ഭേയാ സ്വഃ പ്രിയതമാ മദ്വീക്ഷിതവ്യം" എന്നു തുടങ്ങുന്ന മഹേന്ദ്രവർമ്മന്റെ "മത്തവിലാസ"ത്തിലെ ശ്ലോകം ഭാസന്റേതായി സോമദേവന്റെ യശസ്തിലകത്തിലും, ഭാസന്റെ ഒരു ശ്ലോകം ലക്ഷ്മീധരന്റേതായി "കവീന്ദ്രവചനസമുച്ചയ"ത്തിലും ഉദ്ധരിച്ചിരിക്കുന്നതും, സുഭാഷിതാവലിയിൽ അശ്വഘോഷന്റേതായി ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങളൊന്നുതന്നെ 'ബുദ്ധചരിത'ത്തിൽ കാണാതെയിരിക്കുന്നതും, "ലിമ്പതീവ" എന്നു തുടങ്ങുന്ന ശ്ലോകം പ്രതിഹാരേന്ദുരാജൻ ദണ്ഡിയുടേതായും, വല്ലഭദേവൻ വിക്രമാദിത്യന്റേതായും, "കാവ്യപ്രകാശ"വ്യാഖ്യാതാക്കൾ ശൂദ്രകന്റേതായും പ്രസ്താവിച്ചിരിക്കുന്നതും ഇത്തരം പ്രമാദങ്ങൾക്കു് ഉദാഹരണങ്ങളത്രേ. "നാട്യദർപ്പണ" കർത്താക്കന്മാർ സ്വപ്നവാസവദത്തത്തെ "യഥാ ഭാസകൃതേ സ്വപ്നവാസവദത്തേ" എന്നു് ഭാസന്റെ പേരു പറഞ്ഞു നിർദ്ദേശിക്കുന്നതു്, ആ കൃതിയെ അതേ നാമമുള്ള മറ്റൊന്നിൽനിന്നു വേർതിരിച്ചു കാണിക്കാനാണെന്നു് ഡാക്ടർ സിൽവെയിൽ ലെവി വാദിക്കുന്നു. എന്നാൽ നാട്യദർപ്പണകർത്താക്കന്മാർ തന്നെ "മൃച്ഛകടിക"ത്തെയും ഇതര കൃതികളേയും കൂടി ഗ്രന്ഥകർത്താക്കന്മാരുടെ പേരു പറഞ്ഞു നിർദ്ദേശിച്ചിരിക്കുന്നതിനാൽ, ഡാക്ടർ ലെവിയുടെ അനുമാനം ഒഴിച്ചുകൂടാത്തതായി വരുന്നില്ല.

൧൨-ാം ശതകത്തിൽ ജീവിച്ചിരുന്ന സർവ്വാനന്ദന്റെ "അമരകോശടീകാസർവ്വസ്വ"ത്തിൽ "ശൃംഗാരവീരകരുണാ" ഇത്യാദി പദ്യവ്യാഖ്യാനത്തിൽ സ്വപ്നവാസവദത്തം കാമശൃംഗാരത്തിനു് ഒരു ഉദാഹരണമാണെന്നു പറഞ്ഞിരിക്കുന്നതുപോലെ തോ

**കാമശൃംഗാരവാദം.**

ന്നുന്നു. പ്രസ്തുത കാമശൃംഗാരം നമുക്കു ലഭിച്ചിട്ടുള്ള അർത്ഥശൃംഗാരപ്രചുരമായ സ്വപ്നവാസവദത്തത്തിലില്ലായ്കയാൽ, സർവ്വാനന്ദൻ പ്രസ്താവിച്ചിട്ടുള്ള സ്വപ്നവാസവ

ദത്തമല്ല നമുക്കു ലഭിച്ചിട്ടുള്ളതെന്ന് എതിർപക്ഷക്കാർ വാദിക്കുന്നു. സർവാനന്ദൻ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:—‘‘ത്രിവിധഃ ശൃംഗാരോ ധർമ്മാർത്ഥകാമഭിന്നഃ, തത്രാദ്യോ യഥാ നന്ദയന്ത്യാം ബ്രാഹ്മണഭോജനം, ദ്വിതീയഃ സ്വദിശമാത്മസാത്കർത്തുമുദയനസ്യ പത്മാവതീപരിണയഃ അർത്ഥശൃംഗാരഃ, തൃതീയഃ സ്വപ്നവാസവദത്ത തസ്യൈവ വാസവദത്താ പരിണയഃ കാമശൃംഗാരഃ’’ എന്നാൽ ഭോജനും, ശാരദാതനയനും, പിന്നീട് ഇവിടെ പ്രസ്താവിക്കാൻ പോകുന്ന സാഗരനന്ദിയും സ്വപ്നവാസവദത്തത്തിന്റെ ഇതിവൃത്തം പത്മാവതിപരിണയമെന്ന് ഐകകണ്ഠ്യേന പറഞ്ഞിരിക്കുന്നു. കൂടാതെ, സ്വപ്നനാടകത്തെ കാമശൃംഗാരത്തിന് ഉദാഹരണമായി എടുക്കുന്നതായാൽ, അർത്ഥശൃംഗാരത്തിന് ഒരു ഉദാഹരണമില്ലാതായിപ്പോകും. നമുക്കു കിട്ടിയിട്ടുള്ള സ്വപ്നവാസവദത്തവും, ഒരു പ്രാചീന കൃതിയായ (ഉദ്ദേശം ൧൧–ാംശതകം) ‘‘ലോചന’’ത്തിൽ പ്രസ്താവിച്ചിരിക്കുന്ന ‘‘താപസവത്സരാജം’’വും അർത്ഥശൃംഗാരത്തിന് ഉദാഹരണങ്ങളായി സർവാനന്ദൻ പറയാമായിരുന്നു. അതുകൊണ്ട് മുകളിൽ ഉദ്ധരിച്ച ഭാഗത്തിൽ ‘‘സ്വപ്നവാസവദത്തേ’’ എന്നുള്ള പദം ‘‘ദ്വിതീയഃ’’ എന്നതിനു ശേഷമാണ്, ഇപ്പോഴുള്ളതുപോലെ ‘‘തൃതീയഃ’’ എന്നതിനു ശേഷമല്ല വരേണ്ടതെന്നും, ഇത് പ്രസ്തുത ഗ്രന്ഥം പകർത്തിയവർ വരുത്തിവച്ച തെറ്റാണെന്നും, അപ്പോൾ കാമശൃംഗാരത്തിന് ഉദാഹരണമില്ലാതായിപ്പോകുന്നതിനു സമാധാനം അത് സംസ്കൃതനാടകങ്ങളിൽ സർവസാധാരണമാകയാൽ അതിനെ ഉദാഹരിക്കേണ്ട ആവശ്യമില്ലെന്നുള്ള വിചാരമാണെന്നും ആണ് പ്രസ്തുത വാദത്തിന് ഉത്തരമായി ഭാസപക്ഷം പറയുന്നത്.

**നാടകലക്ഷണ രത്നകോശവാദം.**

സാഗരനന്ദിയുടെ ‘‘നാടകലക്ഷണരത്നകോശ’’ത്തിൽ സ്വപ്നവാസവദത്തത്തിന്റെ പ്രസ്താവനയുടെ അവസാനഭാഗം ചുവടെ ചേർക്കുന്ന പ്രകാരം ഉദ്ധരിച്ചിരിക്കുന്നു:—‘‘യഥാ സ്വപ്നവാസവദത്തേ, നേപഥ്യേ സൂത്രധാരഃ (ഉത്സാരണം ശ്രുത്വാ പഠതി) അയേ! കഥം തപോഽവനേപ്യുത്സാരണാ (വിലോക്യ) കഥം മന്ത്രീ യൌഗന്ധരായണോ വത്സരാജസ്യ രാജ്യപ്രത്യാനയനം കർത്തുകാമഃ പത്മാവതീയജനേന ഉത്സാര്യതേ ഇത്യുത്സാരണാംശബ്ദോഽത്ര പൂർവകപ്രയോഗമുത്സാര്യ നാടകാർത്ഥസൂചക ഇതി പ്രയോഗാതിശയഃ’’ ഇതു നമുക്കു ലഭിച്ചിട്ടുള്ള സ്വപ്നവാസവദത്തത്തിൽ കാണായ്കയാൽ, അത് ഭാസന്റെ യഥാർത്ഥകൃതിയുടെ ഒരു

ച്ഛായ മാത്രമാണെന്ന് ഡാക്ടർ സിൽവെയിൻ ലവി വാദിക്കുന്നു. ഇതിന്ന് ഡാക്ടർ ഗണപതിശാസ്ത്രി ഇങ്ങിനെ സമാധാനം പറഞ്ഞിരിക്കുന്നു. "ഉദ്ധൃതഭാഗത്തിൽ 'അയേ' എന്നു തുടങ്ങി 'ഉത്സാര്യതേ' എന്നുവരെയുള്ള ശബ്ദാനുപൂർവി സ്വപ്നവാസവദത്തത്തിലെസൂത്രധാരവാക്യമാണെന്നും സാഗരനന്ദി അത്രയും അനുവദിച്ചിരിക്കയാണെന്നും ലെവി മഹോദയൻ വിചാരിക്കുന്നു. നാം വിചാരിക്കുന്നു:—'ഉസ്സരഹ ഉസ്സരഹ' എന്നു നേപഥ്യത്തിൽ (അണിയറയിൽ) നിന്നുളവായ ഉത്സാരണശബ്ദത്തെ കേട്ടിട്ട് സൂത്രധാരൻ (നമ്മുടെ സ്വപ്നവാസവദത്തത്തിൽ),

'ഭൃത്യൈർമഗധരാജസ്യ സ്നിഗ്ദ്ധൈഃ കന്യാനുഗാമിഭിഃ;
ധൃഷ്ടമുത്സാര്യതേ സർവ്വസ്തപോവനഗതോ ജനഃ'

എന്നു സാമാന്യേന പറഞ്ഞിട്ടുള്ള കാര്യത്തെ, സാഗരനന്ദി സ്വന്തം വകയായ മേൽ കാണിച്ച ശബ്ദാനുപൂർവികൊണ്ട് അനുവദിച്ചിരിക്കുന്നു എന്ന്..............................അങ്ങിനെ അനുവദിക്കുന്നതായാലേ സൂചനീയമായ നാടകാർത്ഥം സ്ഫുടതരവും വിവൃതവുമായിബ്ഭവിക്കൂ." "നേപഥ്യേ ഉത്സാരണം ശ്രുത്വാ" എന്ന പ്രയോഗവും, 'നേപഥ്യേ' എന്ന പദത്തെ "സൂത്രധാരഃ" എന്നതിന്നു മുമ്പു വച്ചിരിക്കുന്നതും ഡാക്ടർ ഗണപതിശാസ്ത്രിയുടെ അനുമാനത്തെ പിന്താങ്ങുന്നുണ്ട്.

എതിർപക്ഷക്കാരുടെ മുന്നണിയിൽ നില്ക്കുന്നവരാണ് ശ്രീമാന്മാരായ ആററൂർ കൃഷ്ണപ്പിഷാരൊടിയും രാമപ്പിഷാരൊടിയും. മുകളിലുദ്ധരിച്ചിട്ടുള്ള വാദങ്ങൾക്കു പുറമേ, ഇരുവരും, മററു രണ്ടു പണ്ഡി
തന്മാരായ മെസ്സേർസ് ആർ. വി. ജഹ
പിഷാരൊടിമാരുടെ ഗിർദാരും, ഇ. എച്ച്. ജാൺസ്റ്റനും പുറപ്പെ
വാദങ്ങൾ. ടുവിച്ചിട്ടുള്ള പുതിയ എതിർവാദങ്ങളിലേക്ക്
ഇനി നമുക്കു കടക്കാം. പ്രതിമാനാടകം കാളിദാസന്നു പിൻപും, ശൂദ്രകന്നു ശേഷം ചാരുദത്തവും, ദണ്ഡിക്കു പിന്നീട് അവിമാരകവും ഉണ്ടായി എന്നു പിഷാരൊടിമാർ വാദിക്കുന്നു. കാളിദാസന്റെ രഘുവംശത്തിൽ പറഞ്ഞിട്ടുള്ളതുപോലെ പ്രതിമാനാടകത്തിൽ രഘുവംശാവലി ക്രമപ്പെടുത്തിയിരിക്കുന്നതുനിമിത്തം രഘുവംശത്തെ ഉപജീവിച്ച് പ്രതിമാനാടകം രചിക്കപ്പെട്ടു എന്നാണ് ഇവരുടെ വാദം. രണ്ടു കവികൾക്കും വംശാവലിസൃഷ്ടിയിൽ ആധാരമായിരുന്നത് വിഷ്ണുപുരാണമാണെന്ന്, രഘുവംശവ്യാഖ്യാതാക്കളായ ദക്ഷി

ണാവത്തനാഥനും അരുണാചലനാഥനും രഘുവംശം ൧൧-ാംസഗ്ഗത്തിലെ ൧൧-ാം ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ "വംശക്രമോഽയം വിഷ്ണുപുരാണാനുസാരീ" എന്നു പറഞ്ഞു് ആ പുരാണത്തിലുള്ള രഘുവംശാവലിക്രമം ഉദ്ധരിച്ചു് തങ്ങളുടെ അഭിപ്രായത്തെ സ്ഥാപിക്കുന്നതിൽനിന്നും അനുമാനിക്കാവുന്നതാണെന്നാണു് ഡാക്ടർ ഗണപതിശാസ്ത്രി ഇതിനു പറഞ്ഞിരിക്കുന്ന സമാധാനം. കേരളീയനടന്മാരുടെ സൌകര്യാത്ഥം മൃച്ഛകടികത്തിന്റെ അഞ്ചാമങ്കം മുതൽക്കുള്ള കഥാവസ്തുവിനെ വിട്ടുകളഞ്ഞതിനു ശേഷം, നാലങ്കങ്ങളെ സംക്ഷേപിച്ചു സങ്കലനം ചെയ്തിട്ടുള്ളതും പരിപൂണ്ണമായതുമാണു് ചാരുദത്തം എന്നും, എളുപ്പത്തിൽ അത്ഥം മനസ്സിലാക്കുവാൻ വേണ്ടി മൃച്ഛകടികത്തിലെ ഭാഷ ചാരുദത്തനിൽ കുറേ സരളീകരിച്ചിട്ടുണ്ടെന്നുമാണു് പിഷാരൊടിമാരുടെ അഭിപ്രായം. ചാരുദത്തം അപൂണ്ണമാണെന്നും, അതിന്റെ ഭാഷയുടെ സാരള്യം പ്രാചീനത കാണിക്കുന്നു എന്നുമാണു് ഡാക്ടർ ഗണപതിശാസ്ത്രി ഇതിനു മറുപടിയായി പറഞ്ഞിരിക്കുന്നതു്. ചാരുദത്തത്തിൽ മംഗളശ്ലോകവും ഭരതവാക്യവും ഇല്ലാതെയിരിക്കുന്നതും, വസന്തസേനയുടെ പ്രണയകഥ മുമ്പോട്ടു പോകാതെയിരിക്കുന്നതും, ചാരുദത്തന്റെ മാല തിരിച്ചു കൊടുക്കുന്നതാണെന്നു പറയുന്ന വസന്തസേനയുടെ ഉദ്ദേശം സാദ്ധ്യമാകാതെയിരിക്കുന്നതും മററും ചാരുദത്തം സമ്പൂണ്ണമല്ലെന്നു തെളിയിക്കുന്നുണ്ടു്. അവിമാരകത്തിലെ കഥ ദണ്ഡിയുടെ "ദശകുമാരചരിത"കഥയോടൊത്തതാണെന്നുള്ള പിഷാരൊടിമാരുടെ വാദത്തിനും തക്കതായ സമാധാനം പറയാവുന്നതാണു്. അവിമാരകകഥ ദണ്ഡി മാത്രമല്ല വിവരിച്ചിരിക്കുന്നതു്. ബൌദ്ധജാതകകഥകളായ "കുണാലജാതക"ത്തിലും, "ജാതകകട്ഠവണ്ണന"യിലും (ഒടുവിലത്തേതിൽ സവിസ്തരം) അതിനെ വിവരിച്ചിരിക്കുന്നു. കൂടാതെ "കഥാസരിത്സാഗര"ത്തിലും (തന്മൂലം അതിന്റെ മൂലമായ ഗുണാഢ്യന്റെ 'ബൃഹത്കഥ'യിലും), വാത്സ്യായനന്റെ 'കാമസൂത്ര'ത്തിനു ജയമംഗലൻ എഴുതിയിട്ടുള്ള വ്യാഖ്യാനത്തിലും ചില വ്യത്യാസങ്ങളോടുകൂടി ഈ കഥ പറഞ്ഞിട്ടുണ്ടു്. അതിനാൽ അവിമാരകത്തിന്റെ കഥാബീജം എ. ഡി. ഒന്നാം ശതകത്തിലോ രണ്ടിലോ ജീവിച്ചിരുന്ന ഗുണാഢ്യന്റെ ബൃഹത്കഥയിൽനിന്നു ഭാസൻ എടുത്തതാണെന്നു വിചാരിക്കുന്നതാണു് എ. ഡി. എട്ടാംശതകത്തിൽ ജീവിച്ചിരുന്ന ദണ്ഡിയിൽനിന്നു പകത്തിയെന്നു വിചാരിക്കുന്നതിനേക്കാൾ അധികം സ്വീകാര്യമായിരിക്കുന്നതു്.

പ്രതിമാനാടകത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രതിമാപൂജയുടെ ബീജം ഒട്ടുവിലത്തെ ചേരമാൻപെരുമാളായ ഭാസ്കരരവിവൎമ്മന്റെ പ്രതിമാസ്ഥാപനമായിരിക്കുവാൻ ഇടയുള്ളതിനാൽ, ഭാസൻ പ്രതിമാനാടകം നിൎമ്മിച്ചിരിക്കുവാൻ ഇടയില്ലെന്നാണ് പിഷാരൊടിമാരുടെ മറെറാരു വാദം. ഭാസ്കരരവിവൎമ്മനു വളരെ മുമ്പുള്ള കുഷാണരാജാക്കന്മാർ മുതലായവർ തങ്ങളുടെ പ്രതിമകളെ സൃഷ്ടിച്ചിരുന്നതായി നമുക്ക് അറിവുള്ളതിനാൽ ഈ വാദവും സ്വീകാൎയ്യമല്ല. പ്രതിമാനാടകത്തിന്റെ ഒന്നാമങ്കത്തിൽ ശ്രീരാമാഭിഷേകസമയത്ത് സീത രാമനോടൊരുമിച്ചിരുന്നില്ലെന്നു പറഞ്ഞിരിക്കുന്നതു് കേരളീയാചാരം അനുസരിച്ചുള്ളതാകയാൽ, അതിന്റെ കൎത്താവ് ഒരു കേരളീയകവിയാണെന്നു വരുന്നു എന്നാണ് അവരുടെ അടുത്ത വാദം. പ്രതിമാനാടകം ഒന്നാമങ്കത്തിൽ പറഞ്ഞിട്ടുള്ള അഭിഷേകം രാമനു യുവരാജത്വം നൽകുന്ന അപ്രധാനമായ ഒന്നാണെന്നും, പ്രധാനമായ സാമ്രാജ്യാഭിഷേകസന്ദർഭത്തിൽ രാമൻ സീതാസമേതനായിരുന്നു എന്ന് ഏഴാമങ്കത്തിൽ വിവരിക്കുന്നുണ്ടെന്നുമാണ് ഇതിനു സമാധാനമായി ഡാക്ടർ ഗണപതിശാസ്ത്രി പറഞ്ഞിരിക്കുന്നതു്. ഭാസനാടകചക്രത്തിലെ സംസ്കൃതത്തിനും പ്രാകൃതത്തിനും പ്രാചീനത്വമുണ്ടെന്നുള്ള ഡാക്ടർ ഗണപതിശാസ്ത്രിയുടെ വാദം അഭിപ്രായരഹിതമാണെന്നും പിഷാരൊടിമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഭാസപ്രാകൃതത്തെപ്പററി പ്രത്യേക ചർച്ച നടത്തിയിട്ടുള്ള ഡാക്ടർ ലെൻസി ഭാസന്റെ പ്രാകൃതം അശ്വഘോഷപ്രാകൃതത്തെക്കാൾ അർവാചീനവും കാളിദാസന്റെ പ്രാകൃതത്തേക്കാൾ പുരാതനവുമാണെന്നു പറഞ്ഞിട്ടുണ്ട്. ആധുനികകവികൾ പോലും നാടകങ്ങളിലെ പ്രാകൃതം രചിക്കുമ്പോൾ പ്രാചീന പ്രാകൃതമാതൃകകളെ അനുസരിക്കുന്ന പതിവുള്ളതുകൊണ്ടും, പ്രാചീന പ്രാകൃതസംഭാഷണങ്ങളെ പകൎത്തുമ്പോൾ പകൎപ്പുകാർ നവീന പ്രാകൃതരൂപങ്ങൾ കുത്തിച്ചെലുത്തുന്നതു കാണാവുന്നതിനാലും, പ്രാകൃതശബ്ദങ്ങളുടെ യഥാൎത്ഥരൂപം നിൎണ്ണയിക്കുവാൻ പ്രയാസമായിരിക്കുന്നതിനാലും, പ്രാകൃതത്തെ ആസ്പദിച്ച് വാദങ്ങൾ കെട്ടിപ്പൊക്കുന്നതു് ഉചിതമല്ലെന്നുള്ള ഡാക്ടർ ബാർണററിന്റെ അഭിപ്രായമാണ് ഇവിടെ സ്വീകാൎയ്യമായിട്ടുള്ളതു്.

**ഭാസനാടകചക്രവും ചാക്യാന്മാരും.**

പണ്ടു നാടകങ്ങളെ സങ്കലനംചെയ്യുവാനുള്ള ശ്രമം തീവ്രമായി ഉണ്ടായിരുന്നു എന്നും, ഭാസനാടകചക്രം കേരളീയനടന്മാരുടെ അഭിനയാഭിവൃദ്ധിയെ പുരസ്കരിച്ചു പ്രാചീനകൃതികളിൽ നിന്നു് അതാതു ഭാഗങ്ങൾ എടുത്തു കൂട്ടിച്ചേർത്തതിന്റെ ഫലമാണെന്നും, വിച്ഛിന്നാഭിഷേകം എന്നൊരു നാടകം ഭാസ്കരരവിവർമ്മൻ എന്ന ചേരമാൻപെരുമാൾ രചിച്ചിട്ടുണ്ടെന്നും പിഷാരൊടിമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ചാക്യാന്മാരുടെ കുടുംബങ്ങളിൽ സൂക്ഷിച്ചുവയ്ക്കുക പതിവുള്ള "ആട്ടപ്രകാരം" എന്ന ഗ്രന്ഥത്തിൽ ഉൾപ്പെട്ടതും, അവർ അഭിനയിച്ചുവരുന്നതുമായ രൂപകങ്ങളുടെ ഒരു പട്ടിക പിഷാരൊടിമാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കുലശേഖരവർമ്മന്റെ തപതീസംവരണവും, സുഭദ്രാധനഞ്ജയവും, ഹർഷന്റെ നാഗാനന്ദം, ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി, നീലകണ്ഠന്റെ കല്യാണസൌഗന്ധികം, ശ്രീകൃഷ്ണചരിതം, വിച്ഛിന്നാഭിഷേകം (ഇതു പ്രതിമാനാടകത്തിലെ ഒന്നാമങ്കമാണു്), ശേഫാലികാങ്കവും സ്വപ്നാങ്കവും (ഇവ രണ്ടും സ്വപ്നവാസവദത്തത്തിലെ നാലും അഞ്ചും അങ്കങ്ങളാണു്), തോരണയുദ്ധവും ബാലിവധവും (ഇവ അഭിഷേകനാടകത്തിലുള്ളവയാണു്), മല്ലാങ്കം (ഇതു ബാലചരിതം നാലാമങ്കമാണു്), മന്ത്രാങ്കം (ഇതു പ്രതിജ്ഞായൌഗന്ധരായണത്തിന്റെ മൂന്നാമങ്കമാണു്), ദൂതവാക്യം, കർണ്ണഭാരം, ദൂതഘടോൽകചം എന്നിവയാണു് ഈ പട്ടികയുടെ ഉള്ളടക്കം. പ്രസിദ്ധസംസ്കൃതനാടകങ്ങളിൽ നിന്നും രസവത്തമങ്ങളെന്നു തങ്ങൾ വിചാരിക്കുന്ന ഓരോ അങ്കങ്ങളെ തിരഞ്ഞെടുത്തു്, അവയെ കേരളത്തിലെ നടനപ്രമാണികളായ ചാക്യാന്മാർ അഭിനയിച്ചിരുന്നതു വാസ്തവം തന്നെ എന്നും, എന്നാൽ പ്രകൃതനാടകങ്ങൾ ഇപ്രകാരം അന്യഗ്രന്ഥങ്ങളിൽനിന്നുദ്ധരിച്ചു സങ്കലനം ചെയ്തതിൽ നിന്നു് ഉത്ഭൂതമായവയാണെന്നു പറയുന്നതിനു കേട്ടുകേൾവി അല്ലാതെ ഒരു പ്രമാണവുമില്ലെന്നും, നേരെമറിച്ചു് ഭാസനാടകങ്ങളിലുള്ള രസഭൂയിഷ്ഠങ്ങളായ അങ്കങ്ങളെ എടുത്തു് അവയ്ക്കു് ഓരോ പ്രത്യേക പേരും കൊടുത്തു് അഭിനയിക്കുക

യാണ് ചാക്യാന്മാർ ചെയ്തിരുന്നതെന്നും ആകുന്നു ഡാക്ടർ ഗണപതി ശാസ്ത്രി ഇതിനു പറഞ്ഞിട്ടുള്ള സമാധാനം.

പ്രസ്തുത നാടകചക്രം ഭാസകൃതമെന്നു സ്ഥാപിക്കുന്നതിന് ഓരോ നാടകത്തിലും കാണുന്ന ഗുണഭേദം പ്രതിബന്ധമാകുന്നു എന്നുള്ള പിഷാരൊടിമാരുടെ അതിപ്രധാനമായ വാദം

**അനുഷ്ടുപ്പുവാദം.**

പരിശോധിക്കുന്നതിനു മുമ്പ്, ശ്രീമാൻ ആർ. വി. ജഹഗിർദാർ (൧൯൩൧-ൽ) പുറപ്പെടുവിച്ചിട്ടുള്ളതും ഭാസനാടകചക്രത്തിലുള്ള അനുഷ്ടുപ്പ്ശ്ലോകങ്ങളുടെ സംഖ്യയെ ആസ്പദിച്ചുള്ളതുമായ വാദത്തെ പരിശോധിക്കേണ്ടിയിരിക്കുന്നു. ചാരുദത്തം, അഭിഷേകം, പ്രതിമ എന്നീ മൂന്നു നാടകങ്ങളെ തള്ളിക്കളഞ്ഞിട്ട് ശേഷിച്ച പത്തു നാടകങ്ങളെ ആധാരമാക്കിയാണ് ജഹഗിർദാർ വാദിക്കുന്നത്. പ്രസ്തുത പത്തു നാടകങ്ങളിൽ ഓരോന്നിലുമുള്ള പദ്യങ്ങളുടെ ആകെ സംഖ്യയും അനുഷ്ടുപ്പ്ശ്ലോകങ്ങളുടെ സംഖ്യയും താരതമ്യപ്പെടുത്തി നോക്കുവാനായി അദ്ദേഹം ചുവടെ ചേർക്കുന്ന പട്ടിക നിർമ്മിച്ചിരിക്കുന്നു:—

| നാടകത്തിന്റെ പേര്. | അനുഷ്ടുപ്പുകളുടെ സംഖ്യ. | ആകെയുള്ള പദ്യങ്ങൾ. |
|---|---|---|
| സ്വപ്നം | ൨൭ | ൫൭ |
| പ്രതിജ്ഞ | ൨൪ | ൩൩ |
| പഞ്ചരാത്രം | ൭൩ | ൧൫൨ |
| അവിമാരകം | ൧൫ | ൯൭ |
| ബാലചരിതം | ൩൭ | ൧൦൩ |
| മദ്ധ്യമവ്യായോഗം | ൩൨ | ൫൧ |
| ദൂതവാക്യം | ൨൨ | ൫൩ |
| ദൂതഘടോൽകചം | ൨൧ | ൫൨ |
| കർണ്ണഭാരം | ൮ | ൨൫ |
| ഊരുഭംഗം | ൧൨ | ൩൩ |

ഈ സംഖ്യകൾ തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ ചില നാടകങ്ങളിൽ ആകെയുള്ള പദ്യങ്ങളുടെ സംഖ്യയെ അപേക്ഷിച്ച് അനുഷ്ടുപ്പുകളുടെ സംഖ്യ കൂടിയിരിക്കുന്നു എന്നും മററു ചിലതിൽ അതു വളരെ കുറഞ്ഞിരിക്കുന്നു എന്നും കാണാമല്ലോ. ഈ ഏററക്കുറവ്

കളെ ആസ്പദിച്ച് പ്രസ്തുത പത്തു നാടകങ്ങളേയും (എ) എന്നും, (ബീ) എന്നും രണ്ടു തരങ്ങളായി വിഭജിക്കാവുന്നതാണ്. (എ)-യിൽ സ്വപ്നം, പ്രതിജ്ഞ, പഞ്ചരാത്രം, മദ്ധ്യമവ്യായോഗം, ദൂതവാക്യം, ദൂതഘടോൽകചം എന്നീ ആറു നാടകങ്ങളും, (ബീ)-യിൽ അവിമാരകം, ബാലചരിതം, കർണ്ണഭാരം, ഊരുഭംഗം എന്നീ നാലു നാടകങ്ങളും ഉൾപ്പെടുന്നതാണ്. (ബീ)-യിൽപെട്ട ഒന്നിലും തന്നെ സ്വപ്നത്തിലോ, പ്രതിജ്ഞയിലോ, പഞ്ചരാത്രത്തിലോ ഉള്ളതുപോലെ മംഗളശ്ലോകങ്ങൾ പ്രധാന കഥാപാത്രങ്ങളെ നിർദ്ദേശിക്കുന്നില്ല. ഭരതവാക്യത്തെ സംബന്ധിച്ചിടത്തോളം (ബീ)-യിലെ നാലു നാടകങ്ങളും പിന്നീടു കൂട്ടിച്ചേർത്ത ഭരതവാക്യമുള്ളവയോ, ഭരതവാക്യമോ ഇല്ലാത്തവയോ, വ്യത്യാസപ്പെട്ട ഭരതവാക്യങ്ങളോടുകൂടിയവയോ ആണെന്നു മാത്രമേ സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ തോന്നുകയുള്ളൂ. സ്ഥാപനയെ സംബന്ധിച്ചും ഈ നാലു നാടകങ്ങൾക്കു മററുള്ളവയിൽ നിന്നു വ്യത്യാസമുണ്ട്. ഈ നാലു നാടകങ്ങളും പ്രാരംഭത്തിലും അന്ത്യത്തിലും കൃഷ്ണനെ ഒരു ഭാവത്തിലല്ലെങ്കിൽ മറെറാന്നിൽ സ്തുതിക്കുന്നുണ്ട്. (എ)-യിൽ തന്നെ മദ്ധ്യമവ്യായോഗം, ദൂതവാക്യം, ദൂതഘടോൽകചം എന്ന മൂന്നു നാടകങ്ങളേയും ശേഷിച്ച സ്വപ്നം, പ്രതിജ്ഞ പഞ്ചരാത്രം എന്നിവയിൽ നിന്നു യുക്ത്യനുസരണം വേർപെടുത്തി, ഒടുവിലത്തെ മൂന്നിനും ഏ (ഫ) എന്നും ആദ്യത്തെ മൂന്നിനും ഏ (വ) എന്നും സംജ്ഞകൾ നൽകാവുന്നതാണ്. ഏ (വ)-ലെ മംഗളശ്ലോകങ്ങൾ ഏ (ഫ)-ലെ മംഗളശ്ലോകങ്ങളെപ്പോലെ പ്രധാന കഥാപാത്രങ്ങളുടെ പേരുകളെ നിർദ്ദേശിക്കുന്നില്ല. ഏ (വ)-ലെ ഭരതവാക്യങ്ങൾ ശ്ലോകരൂപത്തിലുള്ള പതിവായ പ്രാർത്ഥനയായി വരുന്നുമില്ല. സ്ഥാപനയെ സംബന്ധിച്ചിടത്തോളം ഏ (വ)-ൽ അതു കാണാമെങ്കിലും അതു് ഏ (ഫ)-നെ അനുകരിച്ചു നിർമ്മിച്ചിട്ടുള്ളതാണെന്നു തോന്നുന്നതാണ്. ദൂതഘടോൽകചത്തിലെ മംഗളശ്ലോകമായ,

> ''നാരായണസ്ത്രിഭുവനൈകപരായണോ വഃ
> പായാദുപായശതയുക്തികരഃ സുരാണാം
> ലോകത്രയാവിരതനാടകതന്ത്രവസ്തു-
> പ്രസ്താവനപ്രതിസമാപനസൂത്രധാരഃ''

ഇതു കാണിക്കുന്നില്ലേ? ഒടുവിലത്തെ രണ്ടു വരികളിൽ ഒരു നാടകത്തിലെ പ്രസ്താവനാജോലി നിർവഹിക്കുന്നതു് സൂത്രധാരനാണെന്നു പറഞ്ഞിരിക്കുന്നു. സ്വപ്നം, പ്രതിജ്ഞ, പഞ്ചരാത്രം എന്നീ നാടകങ്ങളെപ്പോലെയുള്ള നാടകങ്ങളെ രചിച്ചതിനു ശേഷം, തന്റെ നാട്യശാസ്ത്രജ്ഞാനം

ദാസൻ പഠിച്ചു എന്നോ അതു പ്രയോഗിച്ചു നോക്കുവാൻ ശ്രമിച്ചു എന്നോ നമുക്കു വിചാരിക്കാമോ എന്നു് മി. ജഹഗിർദാർ ചോദിക്കുന്നു. ഈ മൂന്നു തരങ്ങളിൽ; ഏ (൧)-ൽ പെട്ടവ മാത്രമേ—അതായതു് സ്വപ്നം, പ്രതിജ്ഞ, പഞ്ചരാത്രം മാത്രമേ—ഭാസന്റെ കൃതികളായിട്ടുള്ളു. ഏ (൨)-ലും ബീ-യിലും പെട്ടവ ഏ (൧)-ലേ നാടകങ്ങളുടെ പിന്നീടുണ്ടായ, ഗുണം കുറഞ്ഞ, അനുകരണങ്ങളാണു്.

**ഗുണഭേദവാദം.**

പിഷാരൊടിമാരുടെ ഏററവും ശ്രദ്ധേയമായ എതിർവാദം പ്രസ്തുത നാടകചക്രത്തിലെ ഓരോ നാടകത്തിലും കാണുന്ന ഗുണഭേദം അതിന്റെ ഏകകർത്തൃത്വത്തിനു വിഘാതമായി നിൽക്കുന്നു എന്നുള്ളതത്രേ. കുറേക്കൂടി സൂക്ഷ്മമായും ശരിയായും പറയുകയാണെങ്കിൽ, ഗുണഭേദത്തിനു പകരം കവിയുടെ രീതിഭേദത്തേയും സാങ്കേതികമാർഗ്ഗഭേദത്തേയും ആസ്പദിച്ചുള്ള ഗുണഭേദം എന്നാണു് ഇവിടെ പറയേണ്ടതു്. രസഭാവാദികൾക്കു ഭേദമുള്ള ദിക്കിൽ തദനുരൂപമായ ഗുണഭേദവും കൂടാതെ കഴികയില്ലെന്നു് മൌലികമായ ഈ ആക്ഷേപത്തിനു് ഡാക്ടർ ഗണപതിശാസ്ത്രി നൽകിയിട്ടുള്ള സമാധാനം ഒട്ടുംതന്നെ തൃപ്തികരമല്ല. ഇതിനു തൃപ്തികരമായ സമാധാനം നൽകുവാൻ ആൎക്കുംതന്നെ കഴിയുമെന്നും തോന്നുന്നില്ല. ഈ വാദകോടിയെ ആസ്പദിച്ചു് മിസ്റ്റർ ഈ. എച്ചു്. ജാൺസ്റ്റൺ പ്രസ്തുത നാടകചക്രത്തെ സൂക്ഷ്മമായി പരിശോധിച്ചതിന്റെ ഫലമായി, അതിൽ സ്വപ്നവാസവദത്തവും പ്രതിജ്ഞയും ഒഴിച്ചു് മറെറാരു നാടകവും ഭാസന്റെ കൃതിയായിട്ടില്ലെന്നുള്ള തന്റെ അഭിപ്രായത്തെ ൧൯൨൨-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരുന്നു. ഭാസനാടകചക്രമെന്നു വിളിക്കപ്പെടുന്നതിനെ സംബന്ധിച്ചുള്ള വാദങ്ങൾ ഇന്നും അവസാനിച്ചിട്ടില്ലാത്തതിനാലും, 'സംസ്കൃതപണ്ഡിതന്മാരിൽ ഭൂരിഭാഗത്തിന്റേയും ഇന്നത്തെ അഭിപ്രായം പ്രസ്തുത ൧൩ നാടകങ്ങൾ മുഴുവനും ഭാസന്റെ നാടകങ്ങളല്ലെന്നും, അവയിൽ ചിലതു് ഭാസകൃതങ്ങളായ നാടകങ്ങളുടെ പുതുവാർപ്പുകളായിരിക്കാമെന്നുമാണു്'' എന്നു് ഭാസപക്ഷപ്രമാണികളിൽ ഒരാളായ പ്രൊഫസ്സർ വിന്റർണിററ്സ് പോലും തിരുവിതാംകൂർ സംസ്കൃതഗ്രന്ഥപ്രസിദ്ധീകരണവകുപ്പിന്റെ ൧൯൨൮-ൽ നടത്തപ്പെട്ട രജതജൂബിലി ആഘോഷാവസരത്തിൽ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കും, പ്രൊഫസ്സർ വിന്റർണിററ്സ് ചൂണ്ടിക്കാണിച്ചിട്ടുള്ള ഭൂരിപക്ഷത്തിന്റെ നിലയ്ക്കു് ആധാരമായ പ്രസ്തുത ഗുണഭേദവാദത്തെ അതിന്റെ ഏററവും നവീനമായ പ്രചാര

കൻ മി: ജാൺസ്റ്റൻെറ വാദത്തിൽക്കൂടി അല്പം വിസ്തരിച്ചു പരിശോധിക്കേണ്ടിയിരിക്കുന്നു. മി. ജാൺസ്റ്റൻെറ വാദം ചുവടെ ചേർക്കുന്നു.

പ്രസ്തുത നാടകചക്രത്തിൽ കാണുന്ന സാങ്കേതികസാദൃശ്യങ്ങൾ, അവയിൽ ഉപയോഗിച്ചിട്ടുള്ള പ്രാകൃതത്തിൻെറ പ്രകൃതം, പദപ്രയോഗസാദൃശ്യങ്ങൾ എന്നിവയെ ആസ്പദിച്ചാണ് അതിൽ ഇതുവരെ ഏകകർത്തൃത്വം ആരോപിച്ചിരുന്നത്. ഇവയിൽ സാങ്കേതികസാദൃശ്യങ്ങളും പ്രാകൃതത്തിൻെറ പ്രകൃതവും കർത്താവിനെ നിർണ്ണയിക്കുന്നതിൽ പ്രയോജനശൂന്യമാണെന്ന് ഇപ്പോൾ പണ്ഡിതലോകത്തിനു പരക്കെ ബോധ്യമായിരിക്കുന്നു. നടന്മാർക്കുള്ള നിർദ്ദേശങ്ങളോ, അവരുടെ വാമൂടികളോ മാത്രമായ പദപ്രയോഗങ്ങളുടെ സാദൃശ്യങ്ങളും ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പ്രശ്നത്തിൻെറ പരിഹാരത്തിന് ഉപകരിക്കുന്നതല്ല. നിർമ്മാണരീതിയും ഭാഷയും സൂക്ഷ്മമായി പരിശോധിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നത്തിനു തൃപ്തികരമായ പരിഹാരം ലഭിക്കുകയുള്ളു. നിർമ്മാണരീതിയുടെ ഒരു അംശം ശ്രീമാൻ ജഹഗിർദാർ പരിശോധിച്ചതിൽ (ഇതു മുകളിൽ ചേർത്തിട്ടുണ്ടല്ലോ) സ്മരണീയമായ ഫലം ഉണ്ടായിട്ടുണ്ട്. നിർമ്മാണരീതിയുടെ മറെറാരു അംശത്തെയാണ് ഇവിടെ പരിശോധിക്കുന്നത്.

**ഭാസന്റെ കലാമുദ്ര.**

സകല കലകളിലും കലാകാരൻ തനിക്കു ലഭിച്ചിട്ടുള്ള അസംസ്കൃതസാധനങ്ങളിൽനിന്ന് ഒരു തിരഞ്ഞെടുപ്പു നടത്തുന്നുണ്ട്. തന്റെ കൃതിയിൽ പ്രത്യക്ഷപ്പെടുത്തുന്നതിനായി ഒരു കലാകാരൻ തിരഞ്ഞെടുക്കുന്ന സാധനങ്ങളിലാണ്, അഥവാ, പ്രസ്തുത സാധനങ്ങളോട് അയാൾ സ്വീകരിക്കുന്ന നിലയാണ് അയാളുടെ പ്രത്യേക വ്യക്തിത്വം (Individuality), അഥവാ, പ്രത്യേക മുദ്ര സ്ഥിതിചെയ്യുന്നത്. വിഷയങ്ങൾ വിഭിന്നങ്ങളായി വരുമ്പോഴും അയാളുടെ ഈ വ്യക്തിത്വത്തിന്, ഈ മുദ്രയ്ക്ക്, ഭേദഗതി ഉണ്ടാകുന്നതല്ല. ദീർഘമായ കലാജീവിതം നയിക്കുവാൻ സാധിച്ചിട്ടുള്ള ഒരു കലാകാരനിൽ സജീവമായ ഈ മുദ്രയുടെ സ്വാഭാവികമായ വളർച്ച കണ്ടേക്കാം. അത്രേയുള്ളു. പ്രസ്തുത പ്രത്യേക വ്യക്തിത്വത്തിൻെറ പ്രകടനത്തെ സംസ്കൃതസാഹിത്യലോകത്തിലെ ആലങ്കാരികന്മാർ തടയുവാൻ സർവ്വശക്തികളും പ്രയോഗിക്കുക പതിവാണെങ്കിലും, ഭാസനെപ്പോലെയുള്ള ചിലരെ സംബന്ധിച്ചിടത്തോളം അവരുടെ ശ്രമങ്ങൾ വിഫലങ്ങളായതേയുള്ളു. ഭാസൻെറ ഈ വ്യക്തിത്വം എന്തിലാണു സ്ഥിതിചെയ്യുന്നത്? ഇതിനുത്തര

മായി, കഥാപാത്രങ്ങളുടെ വികാരങ്ങളുടെ വർദ്ധനമായ ശ്വാസംമുട്ടൽ പ്രത്യക്ഷപ്പെടുത്തുന്നതിലാണ് അതു സ്ഥിതിചെയ്തിരുന്നതു് എന്നു വേണം പറയുവാൻ. ഒരു കഥയിൽ ഭാസന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നതു് പാത്രങ്ങളുടെ സ്വഭാവവിശേഷങ്ങളല്ല; പിന്നെയോ, അവരുടെ വികാരങ്ങളുടെ സ്വച്ഛന്ദമായ പ്രവാഹത്തിനു വിഘാതമുണ്ടാകുമ്പോൾ ജന്യമാകുന്ന ഫലങ്ങളാകുന്നു. സ്വപ്നവാസവദത്തം ഈ നിർമ്മാണരീതിക്കു മകുടോദാഹരണമത്രെ. ക്രൂരമായ പരിതഃസ്ഥിതിയിൽ സ്ഥാപിതമാകുന്ന ആദർശപരയായ ഒരു നാരിയുടെ—അതായതു്, വാസവദത്തയുടെ—വികാരങ്ങളെ പ്രത്യക്ഷപ്പെടുത്തണമെന്നാണ് അതിൽ ഭാസൻ ഉദ്ദേശിച്ചതു്. പ്രസ്തുത ഉദ്ദേശത്തിനു പ്രതിബന്ധമായി വന്നേക്കാവുന്ന എല്ലാററിനേയും കവി ഇതിൽ നിർദ്ദാക്ഷിണ്യം ഉപേക്ഷിച്ചിരിക്കുന്നു. മറെറല്ലാ പാത്രങ്ങളേയും ഈ പരമോദ്ദേശത്തിനു കീഴ്പ്പെടുത്തി മാത്രമേ അദ്ദേഹം ചിത്രീകരിച്ചിട്ടുള്ളു. നാടകത്തിന്റെ യഥാർത്ഥ ഉദ്ദേശത്തിനു വിരുദ്ധമായി പ്രേക്ഷകരുടെ ശ്രദ്ധയേയോ അനുകമ്പയേയോ അപഹരിച്ചേക്കാവുന്ന ഉദയനനെ നാലാമങ്കംവരെ കവി രംഗത്തിൽ കൊണ്ടുവരുന്നില്ല. രാജാവു രംഗത്തിൽ പ്രത്യക്ഷപ്പെടുമ്പോൾതന്നെയും, വാസവദത്തയെ ബാധിക്കുന്ന അദ്ദേഹത്തിന്റെ സ്വഭാവവൈചിത്ര്യങ്ങളേയും പ്രവൃത്തികളേയും മാത്രമേ കവി നമുക്കു കാണിച്ചുതരുന്നുള്ളു. വാസ്തവത്തിൽ ഭാസന്റെ ദൃഷ്ടിയിൽ നാടകീയപ്രശ്നം (Dramatic problem) ക്രമേണ വർദ്ധനമായി വരുന്നതും, ഒടുക്കം പൊട്ടിത്തെറിക്കുന്ന ഘട്ടംവരെ എത്തുന്നതുമായ വികാരത്തള്ളലിന്റെ ഞെരുക്കത്തിൻ കീഴിൽ വലയുന്ന ഒരു കഥാപാത്രത്തിന്റെ വിവിധ വശങ്ങളും പ്രത്യക്ഷീകരിക്കുന്നതാണെന്നു് സ്വപ്നവാസവദത്തത്തിന്റെ വ്യവച്ഛേദം നമ്മെ പഠിപ്പിക്കും. ഈ വീക്ഷണകോടിയുള്ള മറെറാരു നാടകകൃത്താവും സംസ്കൃതസാഹിത്യലോകത്തിൽ ഉണ്ടായിട്ടില്ല.

ഈ വിഷയത്തെ സംബന്ധിച്ച് കാളിദാസനെ ഭാസനോടു താരതമ്യപ്പെടുത്തി നോക്കുന്നതു രസകരമായിരിക്കും. ശാകുന്തളത്തിലെ കഥാഗതി സ്വപ്നവാസവദത്തത്തിന്റേതിൽനിന്നു വളരെ ഭിന്നമായിട്ടുള്ളതല്ല. എങ്കിലും കാളിദാസൻ ശകുന്തളയുടെ വികാരങ്ങളോടു സ്വീകരിച്ചിരിക്കുന്ന വിഭിന്ന നില നോക്കുക! ശകുന്തളയുടെ വികാരങ്ങൾ നാടകത്തിലെ ഒരു പ്രധാന ഭാഗമാണെങ്കിലും, കവി ഭാസനെപ്പോലെ അതിൽ മാത്രം നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിപ്പിക്കുകയോ, ആ വികാരങ്ങളുടെ പരമകാഷ്ഠവരെ എത്തുവാൻ അനുവദിക്കുകയോ, ചെയ്യുന്നില്ല,

ഭാസൻ സ്വീകരിച്ച മാർഗ്ഗം ചെന്നു പര്യവസാനിക്കുന്നതു് വികാരങ്ങളുടെ അടിത്തട്ടുവരെ പ്രവേശിക്കുന്നതോ, മനുഷ്യപ്രവൃത്തികളുടെ മൌലികതത്വങ്ങളേയും, മനുഷ്യസൃഷ്ടിയുടെ പരമോദ്ദേശത്തേയും ആരായുന്നതോ ആയ പാശ്ചാത്യരുടെ ട്രാജഡികളിൽ (ദുഃഖപര്യവസായികളായ നാടകങ്ങളിൽ) ആകുന്നു. ദുഃഖപര്യവസായികളായി നാടകങ്ങൾ കലാശിക്കരുതെന്നുള്ള ആലങ്കാരികമതത്തെ പുരസ്കരിച്ചു്, ഭാസൻ സ്വീകരിച്ച മാർഗ്ഗത്തിന്റെ യുക്തിപരമായ അവസാനത്തിൽ, സ്വപ്നവാസവദത്തം അതിന്റെ അവസാനത്തെ അങ്കത്തിൽ ചെന്നു കലാശിച്ചില്ലെന്നേയുള്ളു. ഭാസന്റെ അനുയായികൾ അദ്ദേഹത്തിന്റെ മാർഗ്ഗം സ്വീകരിച്ചു് അതിന്റെ സ്വാഭാവികമായ കലാശത്തിൽ ചെന്നെത്തായ്കയാൽ സംസ്കൃതനാടകലോകത്തിൽ ട്രാജഡികൾ ഇല്ലാതായിത്തീൎന്നു. പാശ്ചാത്യരുടെ ട്രാജഡികളോടു് ഏററവും അടുത്തു നിൽക്കുന്നവ സംസ്കൃതസാഹിത്യത്തിൽ ഭാസനാടകങ്ങൾ മാത്രമേ ഉള്ളു.

പ്രതിജ്ഞായൌഗന്ധരായണത്തിലും ഭാസന്റെ കൈയ് നല്ലപോലെ കാണാമെങ്കിലും, അവിടെ ഒരു നല്ല മന്ത്രിയുടെ വികാരത്തിന്റെ വളൎച്ചയിലല്ല, അയാളുടെ സ്വഭാവചിത്രീകരണത്തിലാണു് ഭാസൻ കൂടുതൽ ശ്രദ്ധ പതിപ്പിച്ചതെന്നുള്ള കാരണത്താൽ, അതു സ്വപ്നനാടകംപോലെ ഒരു സംപൂൎണ്ണവിജയമായിത്തീൎന്നിട്ടില്ല. നാടകത്തിന്റെ യഥാൎത്ഥ ഉദ്ദേശത്തിൽ നിന്നു് അതിലെ രണ്ടാമങ്കം പ്രേക്ഷകരുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിനാൽ, അതു് പിന്നീടു് ആരോ കൂട്ടിച്ചേൎത്തതാണെന്നു് പ്രൊഫസ്സർ വൂൾനെർ സംശയിക്കുന്നുമുണ്ടു്. നാടകങ്ങൾ രംഗപ്രയോഗാർഹങ്ങളായി വന്നേ മതിയാവൂ എന്നും, ഭൂരിഭാഗം സംസ്കൃതനാടകങ്ങളെപ്പോലെ പാരായണമാത്രക്ഷമങ്ങളായിരുന്നാൽ മാത്രം പോരാ എന്നും ഭാസൻ നല്ലപോലെ അറിഞ്ഞിരുന്നു. ലളിതവും, സുപരിചിതപദനിബദ്ധവും, സംഭാഷണാനുരൂപവുമായ സംഭാഷണഭാഷ നിൎമ്മിക്കുന്നതിലുള്ള പാടവവും, ലളിതമായ ഹാസ്യരസവും മേൽ പറഞ്ഞ ഗുണങ്ങളോടുകൂടി ഭാസനിൽ കുടികൊള്ളുന്നുണ്ടു്. പ്രസ്തുത ഗുണങ്ങൾ ഒന്നിച്ചു് സ്വപ്നനാടകത്തിലും പ്രതിജ്ഞയിലും ഒഴിച്ചു മററുള്ളവയിൽ കാണായ്കയാൽ, ഇവ ഭാസന്റേതല്ല. സ്വപ്നനാടകത്തിന്റേയും പ്രതിജ്ഞയുടേയും അനുകരണങ്ങളാണിവ. ഇവയിൽ ചാരുദത്തവും, പ്രതിമാനാടകവും കുറേ ഭേദപ്പെട്ടവയാണെന്നും, അഭിഷേകനാടകമാണു് ഏററവും വഷളായിട്ടുള്ളതെന്നും കൂടി മി. ജാൺസ്റ്റനു് അഭിപ്രായമുണ്ടു്.

മിസ്റ്റർ ജാൺസ്റ്റൻെറ അഭിപ്രായത്തോടു സാമാന്യമായി ഈ ലേഖകനും യോജിക്കുന്നു. മിസ്റ്റർ ജാൺസ്റ്റൻെറ വാദത്തെ സാമാന്യീകരിച്ചും, നിരൂപണശാസ്ത്രപരമായ സൂക്ഷ്മപദങ്ങൾ പ്രയോഗിച്ചും ഇവിടെ വിവരിക്കാം.

**ബാഹ്യസാങ്കേതികമാർഗ്ഗവും മാനസിക സാങ്കേതികമാർഗ്ഗവും.**

തനിക്കു ലഭിച്ചിട്ടുള്ള കലാസാധനങ്ങളിൽ (Materials), അഥവാ വിഭാവനാംശങ്ങളിൽ, ഒരു കലാകാരൻ സൃഷ്ടിപരമായി ചെയ്യുന്ന പ്രവൃത്തിക്കാണ് സാങ്കേതികമാർഗ്ഗം (Technique) എന്ന സംജ്ഞ നൽകാവുന്നതു്. ഒരു നാടകകർത്താവിൻെറ സാധനങ്ങൾ, അഥവാ വിഭാവനാംശങ്ങൾ, കഥാപാത്രങ്ങളുടെ പ്രവൃത്തികൾ, സ്വഭാവം, വികാരങ്ങൾ മുതലായവയും, തന്റെ സ്വന്തം മനസ്സുമാകുന്നു. ഈ സാധനങ്ങളിൽ തൻെറ ഭാവന ചെലുത്തി അവയെ തിരഞ്ഞെടുത്തു് അവയിൽ പരിവർത്തനം വരുത്തി, തൻെറ കരുക്കൾ (Medium), അതായതു്, വാക്കുകൾ, രംഗങ്ങൾ, നടനം മുതലായവകൊണ്ടു് നാടകം എന്ന രൂപം (Form) സൃഷ്ടിക്കുന്ന മാർഗ്ഗത്തിനു് നാടകകർത്താവിൻെറ സാങ്കേതികമാർഗ്ഗം (Dramatic technique) എന്ന നാമം നൽകാം. മേൽ പറഞ്ഞ പ്രകാരം തിരഞ്ഞെടുക്കുന്നതു രസം (value) ഉണ്ടെന്നു്—ഇവിടെ 'രസം' എന്ന പദം അതിനെ ആലങ്കാരികന്മാർ അതിൻെറ ആദ്യത്തെ അർത്ഥത്തെ വക്രിപ്പിക്കുന്നതിനു മുമ്പിലുള്ള അർത്ഥത്തിലാണു പ്രയോഗിച്ചിരിക്കുന്നതെന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ—കലാകാരനു തോന്നുന്ന സാധനങ്ങൾ ആയിരിക്കും. പ്രസ്തുത രസത്തെ (value) കലാകാരൻെറ മനസ്സിൽനിന്നു് തന്റെ കലാസൃഷ്ടിയിലേക്കു പകർത്തുന്ന വിധത്തിനാണ് രീതി (style) എന്ന സംജ്ഞ നൽകാവുന്നതു്. പ്രസ്തുത സാങ്കേതികമാർഗ്ഗത്തിനും രീതിക്കും തമ്മിൽ വ്യത്യാസമുണ്ടെന്നു് ഇപ്പോൾ സ്പഷ്ടമാകുന്നുണ്ടല്ലോ. സാങ്കേതികമാർഗ്ഗത്തെത്തന്നെ, ബാഹ്യസാങ്കേതികമാർഗ്ഗം (objective technique) എന്നും, മാനസികസാങ്കേതികമാർഗ്ഗം (subjective technique) എന്നും രണ്ടായി തരം തിരിക്കാവുന്നതാണ്. ഒരു നാടകകാരനെ എടുക്കുകയാണെങ്കിൽ, അയാളുടെ ബാഹ്യസാധനങ്ങളായ, അഥവാ വിഭാവനാംശങ്ങളായ മേൽ വിവരിച്ച കഥാപാത്രങ്ങളുടെ പ്രവൃത്തികൾ, സ്വഭാവം, വികാരങ്ങൾ മുതലായവയിൽ, ഭാവന ചെലുത്തി അവയെ തിരഞ്ഞെടുത്തു്, തൻെറ കരുക്കൾ (medium), അതായതു് വാക്കുകൾ, രംഗങ്ങൾ, നടനം മുതലായവകൊണ്ടു് നാടകം സൃഷ്ടിക്കുന്ന മാർഗ്ഗത്തിനാ

ണ് ബാഹ്യസാങ്കേതികമാർഗ്ഗം (objective technique) എന്ന പേരു നൽകാവുന്നതു്. അയാളുടെ സാധനങ്ങളിൽ ശേഷിച്ച ഭാഗമായ അയാളുടെ സ്വന്തം മനസ്സിൻെറ സ്ഥിതിക്കു് ഭാവനമുഖേന പരിവർത്തനം വരുത്തി അതിനെ നാടകസൃഷ്ടിയിൽ ഉപയോഗപ്പെടുത്തുന്ന മാർഗ്ഗത്തെ മാനസികസാങ്കേതികമാർഗ്ഗം (subjective technique) എന്നു വിളിക്കാവുന്നതാണ്. ഒരു മനുഷ്യൻെറ മനസ്സിൻെറ ഘടന മറെറാരുവന്റെ മനസ്സിൻെറ ഘടനയിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ, ഒരേ തരം ഭാവന ഇരുവരുടേയും മനസ്സുകളിൽ പ്രവർത്തിച്ചാലും അതിൻെറ ഫലമായുണ്ടാകുന്ന മനസ്ഥിതി വ്യത്യാസപ്പെട്ടുതന്നേ ഇരിക്കും. അതിനാൽ ഒരു കവിയുടെ മാനസികസാങ്കേതികമാർഗ്ഗം ഒരിക്കലും മറെറാരുവൻെറ മാനസികസാങ്കേതികമാർഗ്ഗത്തോടു് ഒത്തിരിക്കുകയില്ല. ഈ മാനസികസാങ്കേതികമാർഗ്ഗത്തെയാണ് മി. ജാൺസ്റ്റൻ ഒരു കവിയുടെ പ്രത്യേക വ്യക്തിത്വം (individuality) അഥവാ, പ്രത്യേക മുദ്ര എന്നു വിവരിച്ചിരിക്കുന്നതു്. ഇതിനെ മറെറാരു കവിയ്ക്കു് അതേ രൂപത്തിൽ ഒരിക്കലും അനുകരിക്കുവാൻ സാധിക്കുന്നതല്ല. ഇതു് ആ കവിയിൽ ശാശ്വതമായി നിലനിൽക്കുകയും ചെയ്യും.

ഇനി നമുക്കു പ്രസ്തുത സാമാന്യങ്ങളായ നിരൂപണശാസ്ത്രപദങ്ങളെ പ്രയോഗിച്ചു് പ്രകൃതനാടകചക്രത്തിൻെറ ഏകകർത്തൃത്വത്തെപ്പററിയുള്ള വാദങ്ങളുടെ ഗതി സംക്ഷേപിച്ചു വിവരിക്കാം. പ്രസ്തുത നാടകചക്രത്തിൽ കാണുന്ന ബാഹ്യസാങ്കേതികമാർഗ്ഗസംബന്ധവും കരുപ്രയോഗസംബന്ധവുമായ സാദൃശ്യങ്ങളെ മാത്രം ആസ്പദിച്ചാണ് ഡാക്ടർ ഗണപതിശാസ്ത്രിപ്രഭൃതികളായ ഭാസപക്ഷക്കാർ അതിൽ ഏകകർത്തൃത്വം ആരോപിച്ചിരിക്കുന്നതു്. അതിൽ കാണാവുന്ന പദസാദൃശ്യങ്ങളും, ഘട്ടസാദൃശ്യങ്ങളും, നടനാത്മകത്വത്തെ സംബന്ധിച്ച സാദൃശ്യങ്ങളും, വൈഷ്ണവമതപ്രതിപത്തിയെ സംബന്ധിച്ചുള്ള സാദൃശ്യങ്ങളും മററും ബാഹ്യസാങ്കേതികമാർഗ്ഗസംബന്ധമായ സാദൃശ്യങ്ങളിലും കരുപ്രയോഗസംബന്ധമായ സാദൃശ്യങ്ങളിലും ഉൾപ്പെടുന്നതാണ്. ഈ അംശങ്ങൾ മറെറാരു കവിയ്ക്കു് അനുകരിക്കാവുന്നവയുമാകുന്നു. കരുപ്രയോഗസംബന്ധമായ ചില അംശങ്ങളിൽ പോലും സ്വപ്നം, പ്രതിജ്ഞ, പഞ്ചരാത്രം എന്നിവയ്ക്കും ശേഷിച്ച നാടകങ്ങൾക്കും തമ്മിൽ വ്യത്യാസമുണ്ടെന്നു് ശ്രീമാൻ ജഹഗിർദാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഇവിടെ സ്മരണീയമാണ്. പ്രസ്തുത നാടകചക്രത്തിൽ ഉൾപ്പെട്ട സ്വപ്നനാടകം, പ്രതിജ്ഞ എന്നീ നാടകങ്ങൾക്കും, ശേഷിച്ചവയ്ക്കും

തമ്മിൽ മാനസികസാംസ്കൃതികമാൎഗ്ഗങ്ങളെ സംബന്ധിച്ചും രീതിയെ സംബന്ധിച്ചും വിപുലമായ അന്തരമുണ്ടെന്നു് മിസ്റ്റർ ജാൺസ്റ്റനെപ്പോലെയുള്ള എതിർപക്ഷക്കാർ വാദിക്കുന്നു. ഈ ഒടുവിൽ പറഞ്ഞ രണ്ടും മററുള്ളവക്ക് സൂക്ഷ്മമായി അനുകരിക്കുവാൻ സാധിക്കുന്നല്ല. അതുനിമിത്തമാണ് സ്വപ്നവും, പ്രതിജ്ഞയും, ഒരുപക്ഷെ, മററു ചിലതും ഒഴിച്ചുള്ള ശേഷം നാടകങ്ങൾ ഭാസൻെറ അനുകരണങ്ങളാണെന്നു് ചിലൎക്കു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുള്ളതും.

**ഭാസൻെറ കാലം.**

ഭാസൻെറ അപാണിനീയമായ ഭാഷാപ്രയോഗങ്ങളിൽനിന്നും, ഭരതനാട്യശാസ്ത്രവിധികളുടെ ലംഘനങ്ങളിൽനിന്നും അദ്ദേഹം പാണിനിക്കു മുമ്പ്, അതായതു് ഡാക്ടർ ഗണപതിശാസ്ത്രിയുടേ കാലഗണനയിൽ ബി. സി. ൩൦൦-ന മുമ്പ് (പാണിനി ബി. സി. ൪൦൦-ന സമീപിച്ചു ജീവിച്ചിരുന്നു എന്നാണ് പല നവീനപണ്ഡിതന്മാരുടേയും മതമെന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ) ജീവിച്ചിരുന്നു എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഈ കാലനിൎണ്ണയത്തെ ഇന്നത്തെ മിക്ക പണ്ഡിതന്മാരും ന്യായമായി തള്ളിക്കളഞ്ഞിരിക്കുന്നു. കാളിദാസൻ കുമാരസംഭവത്തിലും, മേഘദൂതിലും, രഘുവംശത്തിലും പാണിനിയുടെ വിധികൾ ലംഘിച്ചിരിക്കുന്നതുകൊണ്ടും, വരരുചി തൻെറ ഭാണങ്ങളിലും, ഹൎഷൻ നാഗാനന്ദത്തിലും, രാജശേഖരൻ വിദ്ധശാലഭഞ്ജികയിലും ഭരതനാട്യശാസ്ത്രവിധികളെ വകവയ്ക്കാതിരുന്നതുകൊണ്ടും, ഡാക്ടർ ഗണപതിശാസ്ത്രി, തൻെറ മേൽപറഞ്ഞ വാദത്തിലെ യുക്തി അനുസരിച്ച്, കാളിദാസൻ പാണിനിക്കു മുമ്പും, വരരുചിയും ഹൎഷനും രാജശേഖരനും ഭരതനു മുമ്പും ജീവിച്ചിരുന്നു എന്നു വാദിക്കുമോ എന്നറിയുന്നില്ല. കാളിദാസനും, ബാണനും ഭാസനെ യഥാക്രമം മാളവികാഗ്നിമിത്രത്തിലും, ഹൎഷചരിതത്തിലും പ്രശംസിക്കുന്നുണ്ടു്. തന്നിമിത്തം ഇവൎക്കു മുമ്പു് ഭാസൻ ജീവിച്ചിരുന്നു എന്നു വരുന്നു. കാളിദാസൻെറ കാലം ക്രിസ്ത്വാബ്ദം ഏതു ശതകത്തിലാണെന്നു നിസ്സംശയം പറയുവാൻ വേണ്ട തെളിവു് നമുക്കു ലഭിച്ചിട്ടില്ലെങ്കിലും, ലഭിച്ചിട്ടുള്ളിടത്തോളം തെളിവുകളിൽനിന്നു് അദ്ദേഹം ആറാംശതകത്തിൽ ജീവിച്ചിരുന്നിരിക്കണം എന്നാണ് ഇന്നത്തെ ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു്. ബാണൻ ഏഴാംശതകത്തിൽ ജീവിച്ചിരുന്നു. അതുകൊണ്ടു് ഭാസൻ ആറാംശതകത്തിനു മുമ്പു ജീവിച്ചിരുന്നു എന്നു പറയാവുന്നതാണ്.

എന്നാൽ ഏതു ശതാബ്ദത്തിനു ശേഷമാണ് ഭാസൻ ജീവിച്ചിരുന്നതെന്ന്, ഇന്നത്തെ അറിവിൻെറ സ്ഥിതിക്ക്, ഖണ്ഡിച്ചു പറയുവാൻ സാധിക്കുകയില്ല. എന്നാലും ഉദ്ദേശം ഏതു ശതാബ്ദത്തിനു ശേഷം അദ്ദേഹം ജീവിച്ചിരുന്നു എന്നു നമുക്ക് അനുമാനിക്കുവാൻ കഴിയും. പ്രതിജ്ഞായൌഗന്ധരായണത്തിൽ ഭാസൻ "നവാംശരാവാം സലി-ലൈ സുപൂർണ്ണം" എന്നു തുടങ്ങുന്ന കൌടിലീയ അർത്ഥശാസ്ത്രത്തിലെ ശ്ലോകം ഉദ്ധരിച്ചിരിക്കുന്നു. ഭാസനിൽനിന്നാണു കൌടില്യൻ ഇതു് ഉദ്ധരിച്ചിട്ടുള്ളതെന്ന ഡാക്ടർ ഗണപതിശാസ്ത്രിയുടെ വാദം, യൌഗന്ധരായണൻതന്നെ തൻെറ സകല നയോപായങ്ങളും അർത്ഥശാസ്ത്രത്തെ ആധാരമാക്കി വിവരിച്ചിട്ടുള്ളവയാണെന്ന് ആ നാടകത്തിൽ പറഞ്ഞിരിക്കുന്നതിനാലും മററു ചില കാരണങ്ങളാലും സ്വീകാര്യമല്ല. കൌടിലീയ അർത്ഥശാസ്ത്രത്തിൻെറ കാലം ബി. സി. ൩൦൦ മുതൽക്ക് ഏ. ഡി. ൪൦൦-വരെയുള്ള വിവിധ കാലഘട്ടങ്ങളിൽ പല പണ്ഡിതന്മാരും പല വിധത്തിൽ സ്ഥാപിക്കുവാൻ ശ്രമിച്ചുവരുന്നുണ്ട്. ഇവയിൽ ഏററവും പ്രാചീനമായ ബി. സി. ൩൦൦ എടുക്കുന്നതായാൽ ഭാസൻ അതിനു ശേഷം ജീവിച്ചിരുന്നു എന്നു വരും. "കംസവധം", "ബാലിബന്ധം" എന്ന രണ്ടു നാടകങ്ങൾഉൾപ്പെടേ തൻെറ കാലത്തുള്ള മിക്കതിനേയും "മഹാഭാഷ്യ"ത്തിൽ പ്രസ്താവിച്ചിരിക്കുന്ന പതഞ്ജലി ഭാസനാടകങ്ങളെപ്പററി ഒന്നും പറഞ്ഞിട്ടില്ല. അതിനാൽ പതഞ്ജലിയുടെ കാലത്തിനു ശേഷമാണ്—അതായത്, ബി. സി. ൧൫൦-നു ശേഷമാണ്—ഭാസൻെറ കാലമെന്നു നമുക്കു വിശ്വസിക്കാം. സ്വപ്നവാസവദത്തത്തിലും പ്രതിജ്ഞയിലും ഭാസൻ അശ്വഘോഷൻെറ ബുദ്ധചരിതം വായിച്ചിട്ടുണ്ടെന്നു കാണിക്കുന്ന ഭാഗങ്ങളുണ്ട്. ഇതു സ്ഥാപിക്കുവാനായി സാമ്യം കാണിക്കുന്ന ബുദ്ധചരിതത്തിലേയും പ്രതിജ്ഞയിലേയും ശ്ലോകങ്ങൾ ചുവടെ ഉദ്ധരിക്കുന്നു:—

"കാഷ്ഠം ഹി മഥ്നൻ ലഭതേ ഹുതാശം
ഭൂമിം ഖനൻ വിന്ദതി ചാപി തോയം
നിർബന്ധിനഃ കിഞ്ചന നാസ്ത്യസാദ്ധ്യം
ന്യായേന യുക്തം ച കൃതം ച സർവം."    (ബുദ്ധചരിതം)

കാഷ്ഠാദഗ്നിർജ്ജായതേ മത്ഥ്യമാനാദ്
ഭൂമിസ്തോയം ഖന്യമാനാ ദദാതി
സോത്സാഹാനാം നാസ്ത്യസാദ്ധ്യം നരാണാം
മാർഗ്ഗാരബ്ധാഃ സർവ്വയത്നാഃ ഫലന്തി." (പ്രതിജ്ഞാ)

ഈ രണ്ടു ശ്ലോകങ്ങളേയും താരതമ്യപ്പെടുത്തി നോക്കി, ഡാക്ടർ ഗണപതിശാസ്ത്രി ഒഴിച്ചുള്ള മിക്ക സംസ്കൃതപണ്ഡിതന്മാരും ഭാസനാണ് അശ്വഘോഷനെ അനുകരിച്ചതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അശ്വഘോഷൻ എ. ഡി. ഒന്നാംശതകത്തിന്റെ അന്ത്യത്തിലും രണ്ടാംശതകത്തിന്റെ ആദ്യകാലത്തും നാടുവാണിരുന്ന കുഷാണചക്രവർത്തിയായ കനിഷ്കന്റെ പണ്ഡിതസദസ്സിലെ ഒരു അംഗമായിരുന്നു. ഇതിൽനിന്നും എ. ഡി. രണ്ടാംശതാബ്ദത്തിനു ശേഷമാണ് ഭാസന്റെ കാലമെന്നു വരുന്നു. ഏവംവിധങ്ങളായ കാരണങ്ങളാൽ എ. ഡി. ആറാംശതാബ്ദത്തിനു മുമ്പും, എ. ഡി. രണ്ടാംശതാബ്ദത്തിനു ശേഷവും, അതായതു് എ. ഡി. ൨൦൦-നും ൫൦൦-നും മദ്ധ്യേ, ഭാസൻ ജീവിച്ചിരുന്നു എന്നു വിചാരിക്കാവുന്നതാണ്.

**ഭാസനും ശൂദ്രകനും.**

ഭാസനും മൃച്ഛകടികകർത്താവായ ശൂദ്രകനും ഒന്നാണെന്നും, ഭാസൻ, അഥവാ ശൂദ്രകൻ എ. ഡി. ൪൫-നും ൫൦൦-നും മദ്ധ്യേ മാലവരാജ്യം ഭരിച്ചിരുന്ന ഒരു രാജാവാണെന്നും മി. കെ. ജി. ശങ്കരയ്യർ ഒരു പത്തു വർഷത്തിനു മുമ്പു പുറപ്പെടുവിച്ചിരുന്ന വാദം കൌതുകകരമായതിനാലും ഭാസനാടകചർച്ചയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അതു് ഒരു പക്ഷേ സഹായകവുമായിത്തീർന്നേക്കാവുന്നതിനാലും, അതിനെപ്പററി രണ്ടു വാക്കുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. വാക്പതി തന്റെ "ഗൌഡവഹ" എന്ന പ്രാകൃതകാവ്യത്തിൽ ഭാസന് ജ്വലനമിത്രം എന്ന നാമം നൽകിയിരിക്കുന്നതും, ജ്വലനമിത്രം അഗ്നിമിത്രം എന്നതിന്റെ ഒരു പര്യായമായിരിക്കുന്നതും, അമരകോശത്തിന് ക്ഷീരസ്വാമി എഴുതിയിട്ടുള്ള വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഒരു നാമമാലയിൽ, ശൂദ്രകൻ എന്ന പേരിന്റെ പര്യായങ്ങളിൽ ഒന്നായി അഗ്നിമിത്രൻ എന്ന നാമം പ്രസ്താവിച്ചിരിക്കുന്നതും, ശൂദ്രകന്റെ ഭാണമായ "പത്മപ്രാഭൃതിക"ത്തിന്റെ പ്രസാധകൻ, പ്രതിജ്ഞായൌഗന്ധരായണത്തിന്റെ മറെറാരു പേരായ വത്സരാജചരിതമെന്ന പേരുതന്നെ വഹിക്കുന്ന മറെറാരു

നാടകംകൂടി ശൂദ്രകൻ രചിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നതും, ഭാസ നാടകങ്ങളുടെ വിശേഷലക്ഷണങ്ങൾ ശൂദ്രകന്റെ പത്മപ്രാഭൃതികത്തിൽ കാണുന്നതും ബാലചരിതത്തിലും ചാരുദത്തത്തിലും മൃച്ഛകടികത്തിലുമുള്ള "ലിമ്പതീവ" എന്നു തുടങ്ങുന്ന ശ്ലോകത്തിന്റെ കർത്തൃത്വം ശൂദ്രകനുൾപ്പെടെ പല കവികൾക്കും ആരോപിക്കപ്പെട്ടുണ്ടെങ്കിലും, ഭാസനിൽ അതിന്റെ സൃഷ്ടി ചുമത്താതെയിരിക്കുന്നതും മററുമാണ് ഈ വാദത്തിനു കാരണങ്ങളായി മി. ശങ്കരയ്യർ പറഞ്ഞിട്ടുള്ളതു്. ഇതു ശരിയാണോ എന്നു് ഭാവിയിലെ കണ്ടുപിടിത്തങ്ങൾ നിമിത്തമേ പറയാവൂ.

ഏ. ബാലകൃഷ്ണപിള്ള.

# അഭിഷേകനാടകം.

(ഭാഷ)

## ഒന്നാമങ്കം.

[നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.]

സൂത്രധാരൻ:—

പോരാടിക്കൗശികാത്മജക്രതു മുടക്കുന്നോരെയാർ കൊന്നിതോ;
വീറുള്ളുന്ന വിരാധദൂഷണഖരക്ഷ്വാരന്തകപ്രായനായ്;
ആരേകീ മൃതി ഗർവ്വോടെത്തിയ കബന്ധന്നും കപിപ്രൗഢന്നും;
നേരേ കാക്കണമാദ്ദശാനനകുലപ്രോന്മർദ്ദനൻ നിങ്ങളെ! ൧

ഞാൻ സഭാവാസികളോട്ട് ഇപ്രകാരം അറിയിക്കട്ടെ. (ചുററിനടന്നു നോക്കിയിട്ട്) എയ്, ഞാൻ അറിയിക്കാൻ തുടങ്ങിയപ്പോൾ എന്താണൊരു ശബ്ദം കേൾക്കുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

സുഗ്രീവ, ഇവിടെ, ഇവിടെ.

പാരിപാർശ്വികൻ:—(പ്രവേശിച്ച്) അങ്ങുന്നേ,

സ്വയംകനപ്പെട്ടെ,വിടത്തിൽനിന്നുദിച്ചുയന്നിടുന്നു ചെവികീറുമീരവം:
കട്ടുത്തകാററിൽ ദിവി ഘോരമായലഞ്ഞിടഞ്ഞ കാറിന്റെയിരമ്പൽ
[പോലവേ? ൨

സൂത്രധാരൻ:—മാരിഷ, തനിക്കു മനസ്സിലായില്ലയോ? ഇതാ സീതാപഹരണം നിമിത്തം സന്തപ്തനായി രഘുകുലപ്രദീപമായി സർവ്വലോകങ്ങൾക്കും നയനാഭിരാമനായിരിക്കുന്ന രാമനും, ഭാര്യയും നാട്ടം

ERSITY LIBRAR
20 JUL 1955

പോയ സവ്വാനരർക്ഷരാജാവായ സുവിപുലമഹാഗ്രീവൻ സുഗ്രീവനും, പരസ്പരം സഹായിക്കാമെന്നു പ്രതിജ്ഞ ചെയ്തതിന്നുശേഷം, വാനരപ്പെരുമാളും ഹേമമാലിയുമായ ബാലിയെ നിഗ്രഹിക്കുന്നതിന്നുള്ള ഒരുക്കം തുടങ്ങിയിരിക്കുന്നു. അതിനാൽ ഇതാ,

വന്നെത്തി, രാമലക്ഷ്മണരിന്നേരം നാട്ടുപോയ രവിസുതനെ
വീണ്ടും വാഴിപ്പതിനായ്: വിണ്ണിൻപെരുമാളെ വിഷ്ണുശിവർപോലെ. ൩

(രണ്ടുപേരും പോയി.)

സ്ഥാപന കഴിഞ്ഞു.

---

(പിന്നെ രാമനും ലക്ഷ്മണനും സുഗ്രീവനും ഹനുമാനും പ്രവേശിക്കുന്നു.)

രാമൻ:—സുഗ്രീവ, ഇവിടെ, ഇവിടെ.

എന്നമ്പുകൊണ്ടുടൽ പിളർത്തു തകർത്തിദാനിം
നിൻവൈരിയെ പ്രസഭമൂഴിയിൽ വീഴ്ത്തുവൻ ഞാൻ;
രാജൻ, ഭയം വെടിയുകെൻ നികടസ്ഥിതൻ നീ;
നീ കണ്ടു ബാലിയെയിവൻയുധി കൊന്നതായ്ത്താൻ! ൪

സുഗ്രീവൻ:—തിരുമേനി, ഇവിടുത്തെ പ്രസാദത്താൽ എനിക്കു വാനവന്മാരുടെ രാജ്യംപോലും ലഭിച്ചേക്കാം; എന്നിട്ടാണോ വാനരന്മാരുടെ! എന്തെന്നാൽ,

പോരും ശ്രീധര, ബാലിനെഞ്ചു പിളരാൻ, കില്ലില്ലെനിക്കിന്നു വൻ-
പേറും കാട്ടിലെഴും ഹിമാദ്രിമുടിപോലുള്ളേഴു സാലങ്ങളെ
കീറി, ക്ഷോണിതലത്തിലാണ്ടുരുജവാൽ പാതാളലോകത്തു ചെ-
ന്നേറി, സ്സിന്ധുവിൽ മുങ്ങി, വീര, തിരിയെ താൻ വന്നോരീ നിൻശരം!

ഹനുമാൻ:—

ഭയമഴലിവ വിട്ടൊഴിഞ്ഞു ഞങ്ങൾ-
ക്കരച, ഭവാനരുൾചെയ്ത വാക്കിനാൽത്താൻ;
കരിമുകിലെതിരാം മലയ്ക്കുമുഴുന്ന-
ള്ളക രഘുവീര, ജയം കപിക്കു നൽകാൻ! ൬

(എല്ലാവരും ചുററിനടക്കുന്നു.)

ലക്ഷ്മണൻ:—ആൎയ്യ, വനപ്രദേശത്തിന്റെ സ്നിഗ്ദ്ധതയാൽ; ഇവിടം കിഷ്കിന്ധയായിരിക്കണം.

സുഗ്രീവൻ:—ശരിയാണു് കുമാരൻ പറഞ്ഞതു്.

എത്തിക്കഴിഞ്ഞു; ഹരിവൎയ്യഭുജങ്ങൾ കാക്കും
കിഷ്കിന്ധയിൽ ക്ഷിതിപ, നിൻഭുജഗുപ്തർ ഞങ്ങൾ;
നിൽക്കു ഭവാൻ, മലകുലുങ്ങി മയങ്ങിയുള്ളോ-
ന്നാക്കട്ടെ മാനുഷജഗത്തൊരലർച്ചയാൽ ഞാൻ! ൧

രാമൻ:—അങ്ങനെയാകട്ടെ, ചെല്ലു.

സുഗ്രീവൻ:—തിരുമേനിയുടെ കല്പനപോലെ. (ചുററിനടന്നിട്ടു്) ഹേ,

ഒരു തെററുമെന്നിയെ വിഭോ, തിരുമേനി പരിത്യജിച്ച സുഗ്രീവൻ
പരിഃചാടടരിൽത്തവപദപരിചരണം ചെയ്യുവാൻ കൊതിക്കുന്നു. ൨

(അണിയറയിൽ)

എന്തെന്തു്, സുഗ്രീവൻ എന്നോ?

(പിന്നെയും ബാലിയും, ബാലിയുടെ വസ്ത്രം പിടിച്ചുകൊണ്ടു താരയും പ്രവേശിക്കുന്നു.)

ബാലി:—എന്തെന്തു്, സുഗ്രീവൻ എന്നോ?

താരേ, വരാംഗി, വിടുകെന്നുടയാട; വാട്ടം
താവുന്ന കൺമുഖമൊടെന്തിനു നിന്നൊരുക്കം?
ചിക്കന്നു മെയ്യിൽ മുഴുവൻ ചുടുചോരവാന്നാ-
സ്സുഗ്രീവനിന്നടരിൽ വീഴ്വതു കണ്ടുകൊൾക! ൩

താര:—മഹാരാജാവു പ്രസാദിക്കണേ! പ്രസാദിക്കണേ! ചില്ലറസ്സംഗതികൊണ്ടായിരിക്കയില്ല, സുഗ്രീവൻ വന്നിരിക്കുന്നതു്. അതിനാൽ മന്ത്രിമാരുമായി ആലോചിച്ചിട്ടു വേണം എഴുന്നള്ളാൻ.

ബാലി:—ഛീ,

മരുത്വാനാകട്ടെ മതിമുഖി, മദീയപ്രതിഭട-
ന്നൊരാലംബം; ദീപ്യൽപരശുശിവനാകട്ടെയഥവാ;
സ്ഫുരൽപാഥോജാക്ഷൻമധുമഥനനാകട്ടെ; മതിയാ-
യ്വരാ നേരേ വന്നൊന്നെടർ പൊരുതുവാനെന്നൊടു ദൃഢം. ൨൦

താര:—മഹാരാജാവു പ്രസാദിക്കണേ! പ്രസാദിക്കണേ! ഇയ്യുള്ളവരിൽ തിരുവുള്ളമുണ്ടാകണം.

ബാലി:—എന്റെ പരാക്രമം കേട്ടുകൊൾക:

താരേ, പണ്ടമൃതിന്നു പാൽക്കടൽ കടഞ്ഞീടുന്ന ഘട്ടത്തിലും
ചാരേ ചെന്നു സുരാസുരപ്പരിഷയെപ്പാൎത്തുൽസ്മിതം ചെയ്തു ഞാൻ
പാരം കണ്ണുതുറിച്ചുപോയ പടുമെയ്യൊക്കും ഫണിശ്രേഷ്ഠനെ
സൈ്വൎയ്യം ചുററിവലിച്ചിടുന്ന വലികണ്ടാശ്ചൎയ്യമാണ്ടാരവർ! ൨൧

താര:—പ്രസാദിക്കണേ, മഹാരാജാവു പ്രസാദിക്കണേ!

ബാലി:—ഛീ, നീ എന്റെ ചൊൽപ്പടിക്കു നിൽക്കുക. അകത്തേയ്ക്കു പൊയ്ക്കൊൾക.

താര:—ഇതാ, ഭാഗ്യംകെട്ട ഞാൻ പൊയ്ക്കൊള്ളയാം. (പോയി)

ബാലി:—കൊള്ളാം. താര അകത്തേയ്ക്കു പോയി. ഇനി ഞാൻ സുഗ്രീവനെ ഭഗ്നഗ്രീവനാക്കിയേയ്ക്കാം. (വേഗത്തിൽ അടുത്തുചെന്നിട്ട്) സുഗ്രീവ, നിൽക്ക നിൽക്ക.

സുരപതിയാകട്ടേ തവ ശരണം പ്രഭു കൈടഭാരിയാകട്ടേ;
അയി, മമ കണ്ണിലണഞ്ഞിട്ടുയിരോടേ നീ തിരിച്ചുപോകില്ല! ൨൨

ഇവിടെ, ഇവിടെ.

സുഗ്രീവൻ:—മഹാരാജാവിന്റെ കല്പനപോലെ.

(ഇരുവരും ദ്വന്ദ്വയുദ്ധം ചെയ്യുന്നു.)

രാമൻ:—ഇതാ, ഇതാ, ബാലി,

പാരം ചൊടി കടിച്ചു കണ്ണിണ കടുത്തു ചോരച്ചു, ക-
യ്യൂറ്റപ്പൊട്ടു ചുരുട്ടിയുൽപ്രകടദംഷ്ട്രനായ് മൎക്കടൻ

കരാളരവമാൎത്തുകൊണ്ടടരിലുല്ലസിക്കുന്നു: പാ-
രെരിപ്പതിനൊരുമ്പെട്ടും പ്രളയപാവകൻപോലവേ. ൱൩

ലക്ഷ്മണൻ:—ജ്യേഷ്ഠ, സുഗ്രീവനേയും നോക്കുക.

വിരിഞ്ഞൊരല്ലിത്താരൊട്ടു കിടപെട്ടും കണ്ണുകൾ തുട്ട-
ത്ത,രിപ്പൊരക്കേയൂരം തടവിന ബൃഹത്താം ഭുജവുമായ്,
കുരങ്ങിൻശീലത്താൽ ഗുരുവെയവമാനിച്ചനഘർതൻ
ചരിത്രത്തെത്തള്ളി,ക്കപിവരനോടേല്ക്കുന്നു രഭസാൽ. ൱൪

ബാലിയുടെ പ്രഹരമേറ്റിട്ടു് സുഗ്രീവൻ വീണുപോയി.

ഹനുമാൻ:—അയ്യോ, കഷ്ടം! (സംഭ്രമത്തോടേ രാമന്റെ (അടുക്കൽ ചെന്നിട്ടു്) തിരുമേനി ജയിച്ചാലും! ഇതാ ഇദ്ദേഹത്തിന്റെ സ്ഥിതി:

ബലവാനാകുന്നു കപിത്തലവൻ; മത്സ്വാമി ദുർബലനുമത്രേ;
നിലയും ശപഥവുമെല്ലാം നലമോടാൎയ്യൻ നിനയ്ക്കുണമേ! ൱൫

രാമൻ:—ഹനുമാനേ, പരിഭ്രമിക്കേണ്ടാ, പരിഭ്രമിക്കേണ്ടാ. ഇതാ, കഴിച്ചേയ്ക്കാം. [അമ്പെയ്തിട്ടു്] ഹാ, ബാലി വീണുപോയി.

ലക്ഷ്മണൻ:—ഇതാ, ഇതാ, ബാലി.

ഉടലിൽ നിണമിണങ്ങി,ച്ചെന്നിറക്കൺ മയങ്ങി,-
ക്കഠിനവൃഢഭുജാഢ്യൻ കാലന്നൂർ പൂകുവാനായ്,
കൊടിയ കണ തറച്ചിട്ടക്കപൊദ്ധ്യോയ തന്നെ-
യ്യിടർ തടവിയിഴച്ചുംകൊണ്ടു വീഴുന്നു ധീരം! ൱൬

ബാലി:—(മോഹാലസ്യപ്പെട്ടു, വീണ്ടും ആശ്വസിച്ചു, ശരത്തിന്മേൽ ഉള്ള പേർ വായിച്ചു രാമനോടായിട്ടു്,)

ഹേ രാമ, നന്നു നിയതം മറ തള്ളിയെന്നെ-
പ്പോരിൽച്ചതിച്ചതു, നരേന്ദ്രനയസ്ഥനായ് ത്താൻ
പാരിൽച്ചതിപ്പണിയകററിവിടാൻ മുതിന്ന
വീരൻ ഭവാൻ കിമപി ധൎമ്മവിചാരമെന്ന്യേ! ൱൭

ഛീ, കഷ്ടം!

വളരെസ്സുകുമാരരൂപനായിളയിൽ കീൎത്തിയുമാണ്ടെഴും ഭവാൻ
കളവായ്പൂണ്ണയെന്നിലെയ്തയാലുളവാക്കി വലുതാമകീൎത്തിയെ ൧൮

അല്ലയോ രാഘവ, മരവുരിയുടുത്തു വേഷത്തിന്നെതിരായ സ്വഭാവം പൂണ്ടിരിക്കുന്ന അങ്ങുന്ന് എന്നെ അനുജനോടു പോരാടുന്നതിന്നിടയിൽ, മറഞ്ഞുനിന്നു വധിച്ചത് അധൎമ്മമായിപ്പോയി.

രാമൻ:—എന്ത്, മറഞ്ഞുനിന്നു വധിച്ചത് അധൎമ്മമായി എന്നോ?

ബാലി:—എന്തു സംശയം?

രാമൻ:—അങ്ങിനെയല്ല, ആലോചിച്ചു നോക്കു!

വലവെച്ചുമൊളിച്ചു നിന്നുമേ കൊലചെയ്യാം നിയതം മൃഗങ്ങളെ
ഒളിവിൽക്കൃതദണ്ഡനായി നീ മൃഗവും വദ്ധ്യനുമാകകൊണ്ടു താൻ. ൧൯

ബാലി:— ഞാൻ ദണ്ഡ്യനാണെന്നാണോ, അങ്ങു വിചാരിക്കുന്നതു?

രാമൻ:—എന്തു സംശയം?

ബാലി:—എന്തുകൊണ്ട്?

രാമൻ:—അഗമ്യാഗമനംകൊണ്ട്. ഇതു ഞങ്ങളുടെ ധൎമ്മമാണ്.

രാമൻ:—ശരി, തരക്കേടില്ല!

ധൎമ്മാധൎമ്മവിവേകം ധാരാളമിയന്ന വാനരേന്ദ്രൻ നീ,
തായെയൊരു മൃഗമെന്നെണ്ണി ഭ്രാതാവിൻഭാൎയ്യയെഗ്ഗമിക്കാമോ? ൨൦

ബാലി:—ഭ്രാതൃഭാൎയ്യാഗമനദോഷം ഞങ്ങൾ രണ്ടുപേൎക്കും ഒരുപോലെയിരിക്കെ, എന്നെ മാത്രമല്ലേ ശിക്ഷിച്ചുള്ളു? സുഗ്രീവനെ ശിക്ഷിച്ചില്ലല്ലോ!

രാമൻ:-ശിക്ഷാൎഹനായതുകൊണ്ടു നിന്നെ ശിക്ഷിച്ചു; ശിക്ഷാൎഹനല്ലാത്തവനെ ശിക്ഷിക്കാറില്ലല്ലോ.

ബാലി:—സുഗ്രീവൻ തീണ്ടിനാൻ ജ്യേഷ്ഠനാകുമെൻ ധർമ്മപത്നിയെ;
തദ്ദാരസ്പർശനാൽ ഞാനെന്തിട്ടു രാഘവ! ദണ്ഡ്യനായ്? ൨൧

രാമൻ:—ജ്യേഷ്ഠൻ അനുജന്റെ ഭാര്യയെ ഒരിക്കലും തൊട്ടുകൂടാ.

ബാലി:—അയ്യോ, ഞങ്ങൾക്കിനി മറുപടിയില്ല. ഇവിടുന്നു ശിക്ഷിച്ചതുകൊണ്ട് എന്റെ പാപം നീങ്ങിയല്ലോ?

രാമൻ:—അങ്ങനെയാവട്ടെ.

സുഗ്രീവൻ:—ഹാ, കഷ്ടം!

ഹസ്തീന്ദ്രയാന, ഗജഹസ്തസമം, സപത്ന-
ശസ്ത്രക്ഷതാംഗദയുതം തവ ബാഹുയുഗ്മം
ശുദ്ധം നിലത്തു കപിവര്യ, കിടപ്പതായ്ക്ക-
ണ്ടുൾത്തട്ടെന്റെ ഹഹഹ, പൊട്ടിവിഴുംപടിക്കായ്. ൨൨

ബാലി:—സുഗ്രീവ, വ്യസനിക്കേണ്ട, വ്യസനിക്കേണ്ട. ഇങ്ങനെയാണ് ലോകധർമ്മം.

(അണിയറയിൽ)

അയ്യോ, അയ്യോ, മഹാരാജാവ്!

ബാലി:—സുഗ്രീവ, സ്ത്രീകളെ വിലക്കു, വിലക്കു. ഈ നിലയിൽ എന്നെ കാണേണ്ട.

സുഗ്രീവൻ:—മഹാരാജാവിന്റെ കല്പനപോലെ, ഹനുമാനേ, ഇങ്ങിനെ ചെയ്യുക.

ഹനുമാൻ:—കൊച്ചുതമ്പുരാൻ കല്പിക്കുന്നതുപോലെ.
(പോയി)

(പിന്നെ അംഗദനും ഹനുമാനും പ്രവേശിക്കുന്നു)

ഹനുമാൻ:—അംഗദ ഇതിലെ ഇതിലെ.

അംഗദൻ:—മൃതിയാണ്ട കപിവ്രജങ്ങൾ തൻ
പതിയാമെൻ ഗുരുവെന്നു കേൾക്കയാൽ
മതിതാപസമേതനാമെനി-
ക്കതിയായ് കാലിടറുന്നു യാത്രയിൽ. ൨൩

ഹനൂമാനെ, മഹാരാജാവ് എവിടെയാണ്?

ഹനൂമാൻ:—ഇതാ, മഹാരാജാവ്.

ശരത്താൽ മാറിടം കീറി നിലത്തായ് വിലസുന്നതേ
കുമാരനുടെ വേലേററ മഹാക്രൌഞ്ചാദ്രിപോലവേ. ൨൪

അംഗദൻ:—(അടുത്തുചെന്ന്) ഹാ, മഹാരാജാവേ

അതുലസുഖമൊടെല്ലാം പള്ളികൊണ്ടു ഭവാൻ മു-
മ്പി;തുപൊഴുതുടൽ മാന്ദ്യംപൂണ്ടു മണ്ണിൽകിടപ്പായ്
ശരവരദളിതം മെയ്‌വിട്ടു ഭാവിക്കയാണോ
ഹരിപരിവൃഢ, വീരസ്വൎഗ്ഗമേറുന്നതിന്നായ്. ൨൫

(നിലത്തു വീഴുന്നു)

ബാലി:—അംഗദ, വ്യസനിക്കേണ്ടാ, വ്യസനിക്കേണ്ടാ. ഹേ സുഗ്രീവ,

മറുത്തു ഞാൻ ചെയ്തതു വിസ്മരിച്ചു, ക-
ക്കുറപ്പുകൈയ്യിട്ടു ഗൃഹീതധൎമ്മനായ്
ശരിയ്ക്കുകൈക്കൊള്ളുക നമ്മൾതൻ കുല-
ക്കരുന്നിനെക്കീശകുലേശ്വരൻ ഭവാൻ. ൨൬

സുഗ്രീവൻ:—മഹാരാജാവിൻെറ കല്പനപോലെ.

ബാലി:—അല്ലയോ രാഘവ, വല്ല തെററും വന്നാൽ ഇവരിരുവരുടേയും വാനരചാപല്യം ഇവിടുന്നു ക്ഷമിക്കണം.

രാമൻ:—അങ്ങിനെതന്നെ.

ബാലി:—സുഗ്രീവ, നമ്മുടെ കുലധനമായിരിക്കുന്ന സ്വൎണ്ണമാല വാങ്ങിക്കൊൾക.

സുഗ്രീ:—ഞാൻ അനുഗൃഹീതനായി (വാങ്ങുന്നു)

ബാലി:—ഹനൂമാനേ, കുറെ വെള്ളം.

ഹനൂ:—കല്പനപോലെ (പോയി പ്രവേശിച്ച്) ഇതാ വെള്ളം.

ബാലി:—(ആചമനം ചെയ്തിട്ട്) പ്രാണൻ എന്നെ വിടുന്നതായി തോന്നുന്നു. ഇതാ, ഗംഗ തുടങ്ങിയ മഹാനദി

കളും, ഇതാ, ഉർവ്വശി മുതലായ അപ്സരസ്ത്രീകളും, എന്റെ അടുക്കലേയ്ക്കു വരുന്നു. ഇതാ, കാലൻ അയച്ച ആയിരം അരയന്നങ്ങളെ പൂട്ടിയിട്ടുള്ള വീരവിമാനം എന്നെ കൊണ്ടുപോവാൻ വന്നിരിക്കുന്നു. ആകട്ടെ; ഇതാ, ഇതാ, ഞാൻ വരുന്നു.
(സ്വർഗ്ഗം പ്രാപിക്കുന്നു)

എല്ലാവരും:—ഹാ, ഹാ, മഹാരാജാവേ!

രാമൻ:—അഹോ, ബാലി സ്വർഗ്ഗം പ്രാപിച്ചുകഴിഞ്ഞു. സുഗ്രീവ, ഇദ്ദേഹത്തിന്റെ സംസ്കാരം കഴിക്കുക.

സുഗ്രീവൻ:—തിരുമേനി ആജ്ഞാപിക്കുന്നതുപോലെ.

രാമൻ:—ലക്ഷ്മണ, സുഗ്രീവന്റെ അഭിഷേകം നടത്തുക.

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ ആജ്ഞപോലെ.

(എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

## രണ്ടാമങ്കം.

(പിന്നെ കകുഭൻ പ്രവേശിക്കുന്നു)

കകുഭൻ:—കാര്യം സാധിച്ച് കൂട്ടത്തിലായതിനാൽ, വാനരയൂഥപന്മാരെല്ലാം ഭക്ഷണത്തിന്നൊരുങ്ങുകയാണ്. അതിനാൽ ഞാനും സ്വല്പം ഭക്ഷണംകഴിച്ചുകളയാം
(അപ്രകാരം ചെയ്യുന്നു)

(പിന്നെ ബിലമുഖൻ പ്രവേശിക്കുന്നു)

ബിലമുഖൻ:—എന്നെ സുഗ്രീവമഹാരാജാവു കല്പിച്ചയച്ചിരിക്കയാണ്—രാമൻതിരുമേനി ചെയ്ത ഉപകാ

രത്തിന്നു പ്രത്യുപകാരമായി, സീതയെ അന്വേഷിപ്പാൻ എല്ലാ ദിക്കുകളിലേയ്ക്കും അയയ്ക്കപ്പെട്ടിരുന്ന വാനരന്മാരെല്ലാം തിരിച്ചെത്തിയിരിക്കുന്നു. അതിൽ തെക്കേദിക്കിലേയ്ക്കു പോയിരിക്കുന്ന അംഗദന്റെണ്ണിയുടെ വൎത്തമാനം അറിഞ്ഞു വേഗത്തിൽ വരിക എന്നു്. കൊച്ചുതമ്പുരാൻ എങ്ങോട്ടെഴുന്നള്ളി? (ചുററിനടന്നു നേരെ നോക്കിയിട്ടു്) ഇതാ, കകുഭനങ്ങുന്നു്, ഇദ്ദേഹത്തോടു ചോദിക്കാം. (അടുത്തു ചെന്നിട്ടു്, ആൎയ്യന്നു കുശലമല്ലയോ?

കകുഭൻ:—ബിലമുഖനോ? താൻ എവിടുന്നു വരുന്നു?

ബിലമുഖൻ:—ങ്ങുന്നേ, മഹാരാജാവു് അരുളിച്ചെയ്കതിനാൽ അംഗദകുമാരനെ അന്വേഷിപ്പാൻ വന്നതാണു് ഞാൻ.

കകുഭൻ:—രാമൻതിരുമേനിക്കും മഹാരാജാവിന്നും ക്ഷേമം തന്നെയല്ലേ?

ബിലമുഖൻ:—അതെ.

കകുഭൻ:—എന്താണു മഹാരാജാവിന്റെ അരുളപ്പാടു്?

ബിലമുഖൻ:—('എന്നെ സുഗ്രീവമഹാരാജാവു്'' എന്നു തുടങ്ങി മുമ്പേത്തെപ്പോലെ പറയുന്നു)

കകുഭൻ:—കാൎയ്യം പകുതിയും സാധിച്ചു കഴിഞ്ഞതു താൻ അറിഞ്ഞില്ലയോ?

ബിലമുഖൻ:—എങ്ങിനെ, എങ്ങിനെ?

കകുഭൻ:—കേട്ടുകൊൾക!

രാമപ്രിയാകഥ ഖഗേന്ദ്രനിൽ നിന്നറിഞ്ഞു,
ഭീമവചിപാവൃതമഹേന്ദ്രമഹാദ്രി കേറി
സാമൎത്ഥ്യവീൎയ്യനിധി മാരുതി ലങ്കപൂകാൻ
കാമം ജവത്തൊടിതുനാളലയാഴി ചാടി.

അതിനാൽ വരിക; നമുക്കു കൊച്ചുതമ്പുരാൻെറ തൃക്കാൽക്കൽ തന്നെ ചെന്നുകൂടാം.

(രണ്ടുപേരും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(പിന്നെ രാക്ഷസിമാരാൽ ചുററപ്പെട്ടു് സീത പ്രവേശിക്കുന്നു.)

സീത:—ഛീ, കഷ്ടം! ഭാഗ്യംകെട്ട എൻെറ മനസ്സുറപ്പു് കേമം തന്നെ; ആൎയ്യപുത്രനുമായിപ്പിരിഞ്ഞു് രാക്ഷസഗൃഹത്തിൽ കൊണ്ടുവന്നാക്കപ്പെട്ട ഞാൻ, ഇവർ തോന്നിയപോലെ പുലമ്പുന്ന അപ്രിയങ്ങളായ നിന്ദ്യവാക്കുകളും കേട്ടുകൊണ്ടു ജീവിച്ചിരിക്കുന്നു വല്ലോ. അഥവാ, ആൎയ്യപുത്രൻെറ ബാണത്തിന്മേലുള്ള വിശ്വാസത്തിലാണു് ഞാൻ ഒരുവിധം പ്രാണധാരണം ചെയ്യുന്നതു്.

എന്തുകൊണ്ടാണിന്നു് ആളിക്കത്തുന്ന കൊല്ലൻെറ തീക്കുഴിയിൽ വെള്ളമൊഴിക്കുന്നതുപോലെ, തെല്ലൊരു മനസ്സന്തോഷം തോന്നുന്നതു്. ആൎയ്യപുത്രൻ എന്നെക്കുറിച്ചു പ്രസാദിച്ചിരിക്കുമോ?

(പിന്നെ മോതിരവും കയ്യിൽവെച്ചു ഹനൂമാൻ പ്രവേശിക്കുന്നു.)

ഹനൂമാൻ:—(ലങ്കയിൽ കടന്നിട്ടു്) അമ്പമ്പാ, രാവണഗൃഹത്തിൻെറ പണിത്തരം!

പവിഴമണിയണിസ്ഥലങ്ങളും പൊൻ-
വിവിധകമാനവുമൊത്തു ലങ്ക പാരം,
സുവിരചിതവിമാനപംക്തിയാലേ
ദിവി വലജിൽപുരിപോലെ മിന്നിടുന്നു. ൨

ആശ്ചൎയ്യം!

ഇതു സമ്പിച്ച രാജശ്രീ നേടിയിട്ടു ദശാനനൻ
കെട്ടമാൎഗ്ഗപ്രിയം മൂലം തുടന്നല്ലോ മുടിക്കുവാൻ! ൩

(എല്ലാടവും നടന്നിട്ട്) ഞാൻ ലങ്കയിൽ മിക്കദിക്കിലും നോക്കിക്കഴിഞ്ഞു.

ആരാമം, നില മച്ച്, വാനസദനം, ശാലാവിമാനാദികം
നീരാട്ടപ്പുര, രാക്ഷസേന്ദ്രഭവനപ്രാസാദഹർമ്മ്യവ്രജം
പോരാസ്ത്രീനിലയാന്തരങ്ങളിവയിൽച്ചെന്നേറി ഞാൻ നോക്കിനേ-
നാരാഞ്ഞേൻ പലവട്ടമെങ്ങു;—മിവിടെക്കാണ്മീല വൈദേഹിയെ. ൪

ഹാ, എൻെറ പ്രയത്നം വെറുതെയായി! ആകട്ടെ, ഈ മാളികയുടെ മുകളിൽ കേറിനിന്നു നോക്കാം. (അങ്ങിനെ ചെയ്തിട്ട്) എയ്, ഇതാ പ്രമദവനം. ഇതിൽ കടന്നു നോക്കുകതന്നെ. (കടന്നു നോക്കീട്ട്) അമ്പോ, പ്രമദവനത്തിൻെറ സമൃദ്ധി! ഇവിടമാകട്ടെ,

ഹരിമണി പവിഴം പതിച്ച പൊന്മാ-
മരനിരചേൎന്നു വിചിത്രമായ് വെട്ടപ്പിൽ
സുരുചിരനഗമായ് ലസിപ്പു; വാനിൽ-
സ്സുരവിഭുവിൻെറ കളിപ്പറമ്പുപോലെ. ൫

എന്നുമാത്രമല്ല,

കണ്ടേൻ കാഞ്ചനധാതു ചിത്രമൊഴുകിശ്ശോഭിച്ച ശൈലങ്ങൾ ഞാൻ;
കണ്ടേൻ ഞാൻ പലജാതി നീർക്കിളികളും മേവുന്ന പൂമ്പൊയ്കകൾ;
കണ്ടേൻ കായ്മലരെന്നുമേറിയ മരത്തോപ്പൊത്ത ദേശങ്ങളും,
കണ്ടേനേവമിതൊക്കെ രാവണഗൃഹേ; കണ്ടീല ഞാൻ സീതയെ! ൬

എന്താണ്, ഈ സ്ഥലത്ത് ഒരു പ്രകാശംപോലെ കാണുന്നത്? അവിടെക്കൂടി നോക്കുകതന്നെ. (അങ്ങിനെ ചെയ്തിട്ട്) എയ്, ആരാണിവർ?

പരിതോ വികൃതാംഗിമാർ നിശാചരിമാരൊത്തൊരു ചാരുമദ്ധ്യയാൾ
കരുകാറണി തൻ നടുക്കെഴും ചെറുമിന്നിൽക്കതിരായ് ലസിപ്പതേ. ൭

ഇവർ,

ഒന്നായ്ക്കൂട്ടിമെടഞ്ഞു കാളഫണിതൻ നേർകൊണ്ട വാർകുന്തലും
നന്നായ്ക്കയ്യിലൊതുങ്ങിനിൽക്കുമരയും പൂണ്ടോൾ, സബാഷ്പാസ്യയാൾ
തന്നാഥൈകമനസ്കയാള,നശനാൽ ഗാത്രച്ചടപ്പേററവും
വന്നാളെന്നാൾ, വെയിലത്തെറിഞ്ഞ നളിനപ്പൂമാലയോടൊക്കുമേ. ൮

എയ്, എന്താണീ ദീപപ്രകാശം? (നോക്കിയിട്ട്)ഓ, രാവണൻ!

നന്മട്ടാൻ തുടുത്തു നീണ്ടമിഴിയും രത്നത്തലപ്പാവുമൊ-
ത്തു,മത്തദ്വിപലീലയോടൊരുമദമേച്ചലൊത്ത കാൽവെപ്പുമായ്,
സമ്മേളിച്ച വധൂജനങ്ങളിലിതാ ശോഭിപ്പു രക്ഷാധിപൻ
ചെമ്മേ മാൻപിടകൾക്കിടയ്ക്കിടപെടും പഞ്ചാസ്യനെപ്പോലവേ. ൯

ഇപ്പോൾ എന്തു ചെയ്യേണ്ടു? ആകട്ടെ, ഉപായമുണ്ട്. ഈ അശോകമരത്തിന്മേൽ കേറി, പൊത്തിൽ ഒളിച്ചിരുന്ന്, വൎത്തമാനം ശരിയ്ക്കറിയാം.

(അപ്രകാരം ചെയ്യുന്നു)

(പിന്നെ പരിജനങ്ങളോടുകൂടിയ രാവണൻ പ്രവേശിക്കുന്നു)

രാവണൻ:—

പോരിങ്കൽ ക്രുദ്ധദേവദ്വിപരദകുലിശം നക്കി നിന്നോരു നെഞ്ചോ-
ത്തോ,രോ ദിവ്യായുധത്താൽ സുരദിതിജരെയോടിച്ച ലങ്കേശ്വരങ്കൽ
ചേരുന്നില,ജ്ഞഭാവാലൊരുവനചരനാം ക്ഷത്രിയച്ചെറ്റനിൽക്കൂ-
റവും വൈദേഹിമുഗ്ദ്ധേക്ഷണ; ഹഹ, വിധിചെയ്യുന്ന വിഘ്നപ്രയോഗം!

(മേല്പോട്ടു നോക്കിയിട്ട്) ഇതാ, ഇതാ, ചന്ദ്രൻ,

സുരജതമുകുരം കണക്കെ മിന്നിക്കരനിരയാൽ മമ നെഞ്ചിനെപ്പൊതുക്കി
ഉരപെരുകിയുദിച്ചിടുന്നിതാമ്പൽപ്പരമസുഹൃത്തു മൃഗാങ്കനംബരത്തിൽ. ൬൧

(ചുററിനടന്നിട്ട്) ഇതാ, സീത, മരത്തിന്റെ ചുവട്ടിൽ, ഉപവാസംകൊണ്ടു കവിളൊട്ടി ചിന്താമഗ്നയായി, സ്വദേഹത്തിൽ കടന്നുകൂടാൻ തുടങ്ങുകയോ എന്നു തോന്നുമാറ്, കുചങ്ങളും വയറും മറച്ച്, ദുൎദ്ദിനത്തിലകപ്പെട്ട ചന്ദ്രക്കല എന്നപോലെ, രാക്ഷസിമാരാൽ പരിവൃതയായി സ്ഥിതി ചെയ്യുന്നു. ഇവൾ

പുരുസൌഖ്യവുമെന്നൊടൊപ്പമിപ്പെരുതാംലക്ഷ്മിയെയും വെടിഞ്ഞഹോ
ഒരു മൎത്ത്യനെയോൎത്തിരിക്കയാം ചെറുതും പാട്ടിൽ വരുന്നതില്ലമേ. ൬൨

ഹനുമാൻ:—ഹാ മനസ്സിലായി!

നിയതമിവളുദാരഭൂപാലപ്രിയസുത, രാമന്റെ പത്നി വൈദേഹി;
ഭയമൊരു സിംഹത്തെക്കണ്ടിയലിന മാൻപേടപോലെ മാഴ്കുന്നു. ൬൩

രാവണൻ:—(അടുത്തുചെന്നിട്ടു്)

നീയുഗ്രവ്രതവിധി വിട്ടുകൊൾക സീതേ;
ശ്രീയുറ്റോരുടലിതുചേൎത്തുവെയ്ക്കുകെങ്കൽ
ആയുസ്സററലർശരമാൎഗ്ഗവും ത്യജിച്ചോ-
നായുള്ളാനരനെ വെടിഞ്ഞിനിസ്സശിലേ! ൪൰

സീത:—എത്ര വിഡ്ഢിയാണു രാവണൻ; എൻെറ ചാരിത്രശക്തിയെ അറിയുന്നില്ലല്ലോ.

ഹനു:—(കോപത്തോടെ) അമ്പോ, രാവണൻെറ കുറുമ്പു്!

രാമൻെറയാക്കയ്യിണയുമാമഹാവില്ലുമസ്ത്രവും
അറിയാതെ പുലമ്പുന്നിതായുസ്സററവനിങ്ങിനെ! ൪൧

എനിക്കു ക്രോധമടക്കുവാൻ വയ്യാ. ആകട്ടെ, ഞാൻ തന്നെ രാമൻതിരുമേനിയുടെ കാൎയ്യം നടത്തിക്കളയാം. അല്ലെങ്കിൽ,

ഞാനീരാവണനെക്കൊന്നേ കാൎയ്യസംസിദ്ധി കൈവരു;
അരമനെന്നെക്കൊന്നാലൊ പെരുംകാൎയ്യം മുടിഞ്ഞുപോം. ൪൨

രാവണൻ:—

അലസതനു, വിശിഷ്ടഗാത്രി, നീലോൽ-
പലമലർമാലയിടഞ്ഞവേണിമാററി,
സുലളിതമിഴി, ദേവി ചേരുകുള്ളാൽ
പലമണിരത്നമണിഞ്ഞരാവണങ്കൽ! ൪൩

സീത:—ഹാ ധൎമ്മം വിപരീതമാണു്. ഈ മഹാപാപി രാക്ഷസൻ ജീവിച്ചിരിക്കുന്നുവല്ലോ!

രാവണൻ:—അല്ലയോ ദേവി,

സീത:—നീ ശപിക്കപ്പെട്ടവനാണു്.

രാവണൻ:—അയ്യയ്യോ, പതിവ്രതയുടെ തേജസ്സു്!

ആരോടിന്ദ്രാദിവാനോരും പോരിൽത്തോററിതു ദൈത്യരും
ആ ഞാനിന്നമ്പരക്കുന്നു സീതതന്നൊററവാക്കിനാൽ. ൪൪

(അണിയറയിൽ)

തിരുമേനി ജയിച്ചാലും! ലങ്കേശ്വരൻ ജയിച്ചാലും! സ്വാമി ജയിച്ചാലും! മഹാരാജാവു ജയിച്ചാലും! പത്തു നാഴിക ചെന്നു. നീരാട്ടത്തിന്നു സമയം വൈകുന്നു. മഹാരാജാവ് ഇതിലെ, ഇതിലെ.

(രാവണനും പരിവാരങ്ങളും പോയി)

ഹനുമാൻ:—കൊള്ളാം, രാവണൻ പോയി: രാക്ഷസിമാർ ഉറക്കവുമായി. ഈ ലാക്കിൽ ദേവിയുടെ അടുക്കൽ ചെല്ലാം. (പൊത്തിൽനിന്നു ഇറങ്ങിയിട്ട്) സുമംഗലി ജയിച്ചാലും!

ഭവതിയിൽ പ്രണയാലഴൽക്കൈവളൎന്നവശമായ മനസ്സോടുകൂടവെ
ഭുവനവിശ്രുതനാകിയ രാമനാം നൃവരനോതിയയച്ചവനാണു ഞാൻ. ൧൯

സീത:—(ആത്മഗതം) ആരായിരിക്കാം ഇവൻ? മഹാപാപി രാക്ഷസൻ, വാനരരൂപമെടുത്ത്, ആൎയ്യപുത്രന്റെ ആളാണെന്ന വ്യാജേന എന്നെ വഞ്ചിപ്പാൻ തുടങ്ങുകയായിരിക്കുമോ? ആകട്ടെ, ഞാൻ മിണ്ടാതിരുന്നേയ്ക്കാം.

ഹനുമാൻ:—ഭവതിക്കു വിശ്വാസം വരുന്നില്ലയോ? മറ്റൊന്നും ശങ്കിക്കേണ്ടാ. ഇവിടുന്നു കേട്ടുകൊൾക:

കപിതന്നാടു ചേൎന്നിണങ്ങിയാരഘുവംശോത്തമദീപമങ്ങതെ
തിരയുന്നതിനായയച്ചവൻ ഹനുമാനെന്നകുരങ്ങനാണു ഞാൻ. ൨൦

സീത:—(ആത്മഗതം) ആരെങ്കിലുമാവട്ടെ; ആൎയ്യപുത്രന്റെ പേർ പറഞ്ഞതുകൊണ്ട് ഇവനോടു സംസാരിക്കാം. (പ്രകാശം) ഭദ്ര, എന്താണ് ആൎയ്യപുത്രന്റെ വൎത്തമാനം?

ഹനുമാൻ:—തിരുമേനി, കേട്ടുകൊൾക:

സുവദനമൊട്ടിരേനത്തനശനാൎദ്ദിതമായ്ത്തിളറി-
ത്തവഗുണചിന്തയാലഴകൊളിക്കളിവിട്ടു തുലോം
വിവശതയാവഹിപ്പിതവിടുന്നു മെലിഞ്ഞു മനോ-
ഭവശരമേററവേകമുടലശ്രുഭൃതാക്ഷിയുഗം. ൨൧

സീത:—(ആത്മഗതം) അയ്യോ, ആൎയ്യപുത്രൻ ഈവിധം ദുഃഖിയ്ക്കുന്നതായി കേട്ടിട്ടു ഭാഗ്യം കെട്ട ഞാൻ ലജ്ജിതയായിത്തീരുന്നു. വാസ്തവമാണ് ഈ വാനരൻ പറയുന്നതെങ്കിൽ, ആൎയ്യപുത്രന്റെ വിരഹത്തളൎച്ചയും എനിക്കു ഫലപ്രദമായിരിക്കും. ആൎയ്യപുത്രന്ന് ഇയ്യുള്ളവളിലുള്ള അനുകമ്പയും, തളൎച്ചയും കേട്ടിട്ട് എന്റെ ഹൃദയം സുഖത്തിന്റേയും ദുഃഖത്തിന്റേയും ഇടയിൽ ഊഞ്ഞാലാടുന്നതായി തോന്നുന്നു. (പ്രകാശം) ഭദ്ര, ഭവാന് എങ്ങിനെയാണു ആൎയ്യപുത്രനോടു ചേൎച്ചയുണ്ടായതു്?

ഹനുമാൻ:—ഇവിടുന്നു കേട്ടുകൊൾക:

ശ്രീരാമൻ ഭവദൎത്ഥ,മത്ര ഭവനാം ബാലിപ്ലവംഗേന്ദ്രനെ-
പ്പോരിൽക്കൊന്നു നരേന്ദ്രപുത്രി, കപിനാടപ്പിച്ചു സുഗ്രീവനിൽ;
ആ രാജാവുടനങ്ങയെത്തിരയുവാൻ വിട്ടു, കപിക്കൂട്ടരെ-
പ്പാരെങ്ങും; ഖഗവാക്കിനാലവരിൽ ഞാൻ കണ്ടെത്തി നിന്നെ ദേവിയെ. ൨൨

എന്നുമാത്രമല്ല, ഈവിധം കൂടി.

സീത:—അയ്യോ, ആൎയ്യപുത്രനെ ഇപ്രകാരം ദുഃഖിപ്പിക്കുന്ന ഈശ്വരന്മാർ നിൎദ്ദയന്മാർ തന്നെ!

ഹനുമാൻ:—ദേവി, വ്യസനിക്കേണ്ടാ. രാമൻ

പ്ലവഗപ്പടയാൽ പരീതനായി-
പ്പെരുതായീടിന പള്ളിവില്ലുമേന്തി,
ദശകണ്ഠനെയുന്മഥിയ്ക്കുവാനായ്
പ്രസഭം ലങ്കയിൽ വന്നു കേവമല്ലോ. ൨൩

സീത:—ഞാൻ സ്വപ്നം കണ്ടതായിരിക്കുമോ! ഭദ്ര, സത്യം തന്നെയോ? എനിക്കറിഞ്ഞുകൂടാ.

ഹനുമാൻ:—(ആത്മഗതം) ഹാ! കഷ്ടം!

ഇത്ര നന്നായറിഞ്ഞിട്ടും ഭൎത്താവെബ് ഭൎത്തൃസക്തയാം
വിശ്വസിപ്പീലഴൽപ്പാടാൽ ജന്മം മാറിയപോലവേ. ൨൪

(പ്രകാശം) ദേവി, ഇതാ, ഞാൻ ഇനി
പ്രവരശരശരാസപാണിയാം നിൻ
ധവനെയണഞ്ഞുവനിങ്ങു രാജകന്യേ;
നൃവരനികടമാൻ മാലകന്നാൽ
ഭവതിയിവങ്കലശങ്കയാകുമല്ലോ. ൨൫

സീത:—ഭദ്ര, എൻെറ ഈ അവസ്ഥ കേട്ടിട്ട് ആയ്യപുത്രൻ ദുഃഖവിവശനായിത്തീരാത്ത വിധത്തിൽ, എൻെറ വൎത്തമാനം അറിയിക്കുക.

ഹനുമാൻ:—ഇവിടത്തെ അരുളപ്പാടുപോലെ.

സീത:—പൊയ്യ്ക്കൊൾക; കായ്യസിദ്ധി വരട്ടെ!

ഹനുമാൻ:—ഞാൻ അനുഗ്രഹീതനായി (ചുററിനടന്നിട്ട്) എങ്ങിനെയാണിനി, ഞാൻ വന്ന വിവരം രാവണനെ അറിയിക്കേണ്ടതു്? ആകട്ടെ, ഉപായമുണ്ട്.

നീരിത്താർനിരയാൽ മനോജ്ഞതരമായ്, പുംകോകിലക്കൂട്ടമൊ-
ത്തേറെശ്ശോഭ തിരണ്ടതാകിയ മരച്ചാർത്തും നിറഞ്ഞുള്ളതായ്
കാറിൻനേർനിറമാം ത്രികൂടവിപിനം തല്ലിച്ചവിട്ടിപ്പൊടി-
ച്ചീരക്ഷഃപ്രഭുവിന്നെഴും വിഷയശവ്വാകെക്കെടുത്തീടുവൻ. ൨൬

(രണ്ടുപേരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

———*———

# മൂന്നാമങ്കം.

—o—

(പിന്നെ ശംകുകൎണ്ണൻ പ്രവേശിക്കുന്നു.)

ശംകുകൎണ്ണൻ:—ഹേ, ആരാണു്, കനകതോരണദ്വാരത്തിൽ കാവൽ നിൽക്കുന്നതു്?

നടയിൽത്തവണക്കാരി:—(പ്രവേശിച്ചു്) ആയ്യ, ഞാൻ വിജയ എന്തുവേണം?

ശംകുകൎണ്ണൻ:—വിജയേ, ലങ്കേശ്വരമഹാരാജാവിനോട്ട് ഉണൎത്തിക്ക, ഉണൎത്തിക്ക—അശോകവനിക മുക്കാലും ഉടച്ചുകളഞ്ഞു എന്ന്. എന്തെന്നാൽ,

പ്രേമത്താൽത്തളിൎന്നുള്ളകല്ലണിയുവാൻ കാംക്ഷിക്കിലും ദേവിയാം
ശ്രീമന്മണ്ഡോദരിയേതിലേതിൽ മലയക്കാററും ചലിക്കാം ഭയാൽ;
ആരും ചെന്നുതൊടാത്തതൈകളിടചേൎന്നൊന്നാകുമാദ്രേവൎകോൻ
വൈരിക്കൊക്കമശോകവാടിയിതുടച്ചാനെന്നുണൎത്തിക്ക നീ. ൧

നടയിൽത്തവണക്കാരി:—ആൎയ്യ, പതിവായി തമ്പുരാന്റെ തൃക്കാൽക്കൽ പെരുമാറുന്ന ആളുകൾക്കു എന്താണീ മുമ്പു കണ്ടിട്ടില്ലാത്ത ഒരു പരിഭ്രമം? എന്താണിതു്?

ശംകുകൎണ്ണൻ:—ഭദ്രേ, ഇതു തിടുക്കമുള്ള കാൎയ്യമാണ്. വേഗം ഉണൎത്തിക്ക, ഉണൎത്തിക്ക

നടയിൽത്തവണക്കാരി:—ആൎയ്യ, ഇതാ ഞാൻ ഉണൎത്തിച്ചേക്കാം. (പോയി.)

ശംകുകൎണ്ണൻ:—(മുന്നോട്ടു നോക്കീയിട്ട്) എയ്, ഇതാ, ലങ്കേശ്വരമഹാരാജാവ് ഇങ്ങോട്ടുതന്നെ എഴുന്നള്ളുന്നു. ഇദ്ദേഹം

കടുമിഴി കമലാഭമായ് വിരിഞ്ഞും,
കനകവിളക്കുകൾ മുൻവശത്തെരിഞ്ഞും
ഉരുജവമൊടണഞ്ഞിടുന്നു രോഷാ-
ലു,ലകവതിക്കു മുതിൎന്ന ഭാനുപോലെ. ൨

(പിന്നെ പറഞ്ഞ മട്ടിൽ രാവണൻ പ്രവേശിക്കുന്നു.)

രാവണൻ:—

എന്തെന്തെ,ടോ പുതിയ വാക്കുരചെയ്യുവോനേ?
ഹന്താശു ചൊല്ലിടുക; ഞാനിഹ കേട്ടിടട്ടേ!
സന്ത്രാസമെന്നിയെ, മരിപ്പതിനായ്ക്കൂടുന്നു
വൻതോപ്പുടച്ചവനെനിക്കവമാനമേററീ? ൩

ശംകുകൎണ്ണൻ:—(അടുത്തു ചെന്നിട്ട്) മഹാരാജാവു ജയിച്ചാലും! എങ്ങിനെയോ വന്നുചേൎന്ന ഒരു കുരങ്ങൻ വാശിയോടെ അശോകവനിക തകൎത്തു കളഞ്ഞു.

രാവണൻ:—(അവജ്ഞയോടെ) എന്ത് ഒരു കുരങ്ങൻ, എന്നോ? ചെന്നു വേഗത്തിൽ പിടിച്ചുകൊണ്ടു വാ.

ശംകുകൎണ്ണൻ:—മഹാരാജാവിന്റെ കല്പനപോലെ. (പോയി)

രാവണൻ:—ആകട്ടെ, ആകട്ടെ

അടരിലുലകിനെല്ലാം ഭീതിചേൎത്താരെനിക്കി-
ന്നടവിലമരരാണീവിപ്രിയം ചെയ്യതെങ്കിൽ,
ഉടനെയനുഭവിച്ചീടട്ടെ പീയൂഷഭോജി-
ക്കൂട;തനതു ശാഠ്യത്തിന്നു ചേരും ഫലത്തെ. ൪

ശംകുകൎണ്ണൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! മഹാരാജാവേ, ആ വാനരൻ വലിയ ബലവാനാണ്. അവൻ സാലവൃക്ഷങ്ങളെ താമരവളയങ്ങൾക്കൊപ്പം പറിച്ചിരിക്കുന്നു. ദാരുപൎവ്വതത്തെ മുഷ്ടികൊണ്ടടിച്ചു ചതച്ചിരിക്കുന്നു; വള്ളിക്കുടിലുകളെ കൈകൾകൊണ്ടു തിരുമ്മിപ്പൊടിച്ചിരിക്കുന്നു; പ്രമദവനക്കാവല്ക്കാരെ അലച്ചുകൊണ്ടുതന്നെ ബോധംകെടുത്തിയിരിക്കുന്നു. അവനെ പിടിപ്പാൻ തക്ക ഒരു സൈന്യത്തെ മഹാരാജാവു കല്പിച്ചയയ്ക്കണം.

രാവണൻ:—എന്നാൽ, കുരങ്ങനെ പിടിപ്പാൻ ഓരായിരം കിങ്കരന്മാരെ പറഞ്ഞയയ്ക്കുക.

ശംകുകൎണ്ണൻ:—മഹാരാജാവിൻെറ കല്പനപോലെ.
(പോയി, പ്രവേശിച്ചിട്ട്) മഹാരാജാവ് ജയിച്ചാലും!

നമ്മുടെ വൻതരുനിരയാൽ, നമ്മുടെ വൻകെല്പിയന്ന കിങ്കരരെ
കൊന്നുകളഞ്ഞു ശീഘ്രം, നിന്നു മരംകൊണ്ടു പൊരുതുമവൻ. ൫

രാവണൻ:—കൊന്നുകളഞ്ഞു എന്നോ? എന്നാൽ കുരങ്ങനെ പിടിപ്പാൻ അക്ഷകുമാരനെ അയയ്ക്കുക.

ശംകുകൎണ്ണൻ:—മഹാരാജാവിന്റെ കല്പനപോലെ (പോയി)

രാവണൻ:—(ആലോചിച്ചിട്ട്)

പടച്ചോരപ്പും ബലവായ്പുമസ്രുപ്പറിപ്പുമൊത്തുള്ളവനാം കുമാരൻ
പിടിക്കുമാക്കാടനെയല്ലയെങ്കിൽച്ചോടിച്ചുകേറി കൊലചെയ്തുകൊള്ളും.

ശംകുകൺന്നൻ:—(പ്രവേശിച്ച്) മഹാരാജാവു പ്രധാന സൈന്യത്തെ കല്പിച്ചയയ്ക്കുമാറാകണം.

രാവണൻ:—എന്തിന്?

ശംകുകൺന്നൻ:—മഹാരാജാവു കേട്ടാലും! കൊച്ചുതമ്പുരാൻ കുരങ്ങൻെറ നേക്ക് എഴുന്നള്ളുന്നതു കണ്ടിട്ട്, മഹാരാജാവിൻെറ കല്പനയില്ലെങ്കിലും അഞ്ചു പടനായകന്മാർകൂടി ഒരുമിച്ചു പോയി.

രാവണൻ:—എന്നിട്ട്?

ശംകുകൺന്നൻ:—അവൻ നേരിടുന്നതു കണ്ടിട്ട്, ആ വാനരൻ കുറഞ്ഞൊന്നു പേടിച്ച നാട്യത്തിൽ തോരണത്തിന്മേൽ കേറി, കാഞ്ചനപരിഘം കയ്യിലാക്കി, അതുകൊണ്ടു പടനായകന്മാരെ അഞ്ചുപേരേയും വീഴിച്ചുകളഞ്ഞു.

രാവണൻ:—പിന്നെ; പിന്നെ?

ശംകുകൺന്നൻ:—പിന്നെ അക്ഷകുമാരൻ,

രോഷത്താൽ കൺചുകന്നും, ത്വരിതതുരഗമായ്ത്തേർതെളിപ്പിച്ചു-
[കൊണ്ടും
വർഷാകാലഭ്രമട്ടിൽപ്പെരുത്തു തെരുതെരെബ്ബാണവർഷം പൊഴിക്കെ,
ആബ്ബാണൌഘം പറപ്പിച്ചു, ശിരൊട്ടു കപി തൂത്തേരിലേയ്ക്കാഞ്ഞുചാടി-
ക്കണ്ഠത്തിങ്കൽപ്പിടിച്ചുന്മുദിതവദനനായ് മുഷ്ടിയാൽക്കൊന്നു ധൃഷ്ടം! ൈ

രാവണൻ:—(ക്രോധത്തോടെ) എന്തെന്ത്, കൊന്നു എന്നോ!

നിൽക്ക നീതി, ത ഞാൻതാൻ ചെന്നക്കപിപ്പുഴവെപ്പരം
മൽക്കോപത്തീപ്പൊരികളാൽ വെക്കം വെൺചാമ്പലാക്കുവൻ. ൮൮

ശംകുകൎണ്ണൻ:—മഹാരാജാവു പ്രസാദിച്ചാലും പ്രസാദിച്ചാലും! അക്ഷകുമാരനെ വധിച്ചതു കേട്ടിട്ടു്, ആ കുരങ്ങന്റെ നേരെ അരിശംകൊണ്ടു കൊച്ചുതമ്പുരാൻ, ഇന്ദ്രജിത്തു് എഴുന്നള്ളീട്ടുണ്ടു്.

രാവണൻ:—എന്നാൽ ചെന്നു വീണ്ടുംവൎത്തമാനമറിയുക.

ശംകുകൎണ്ണൻ:—മഹാരാജാവിന്റെ കല്പനപോലെ (പോയി)

രാവണൻ:—കുമാരൻ അസ്ത്രവിദഗ്ദ്ധനായിരുന്നു:

വധമോ പോരിൽ വീരൎക്കു ജയമോ തീൎച്ചതന്നെയാം;
എന്നാലുമിക്ഷുദ്രകൎമ്മം തെല്ലേകുന്നിതെനിക്കഴൽ. ൯൯

ശംകുകൎണ്ണൻ:—(പ്രവേശിച്ചു്) മഹാരാജാവു ജയിച്ചാലും! ലങ്കേശ്വരൻ ജയിച്ചാലും! ഭദ്രമുഖൻ ജയിച്ചാലും!

അവനും ചെറുതമ്പുരാനുമായ്ബ്ഭൂഹളം കൂടിയ പോർ നടന്നുതേ;
അതിലിപ്പോഴുതാക്കുരങ്ങനെക്കയർകൊണ്ടാശു വരിഞ്ഞു കെട്ടിനാൻ. ൯൦

രാവണൻ:—ഇന്ദ്രജിത്തു് ഒരു മരഞ്ചാടിയെ പിടിച്ചുകെട്ടിയതിൽ എന്താണത്ഭുതം? ആരവിടെ?

ഒരു രാക്ഷസൻ:—(പ്രവേശിച്ചു്) മഹാരാജാവു ജയിച്ചാലും!

രാവണൻ:—ചെന്നു വിഭീഷണനെ വിളിച്ചുകൊണ്ടു വാ.

രാക്ഷസൻ:— കല്പനപോലെ (പോയി)

രാവണൻ:—നീ കുരങ്ങനേയുംകൊണ്ടു വാ.

ശംകുകൎണ്ണൻ:—കല്പനപോലെ. (പോയി)

രാവണൻ:—(ആലോചിച്ചിട്ടു്) ഹാ, കഷ്ടം!

സുരദാനവരൊത്തുകൂടിയാലും കരളാലേ ക്രൂരതാത്ത ലങ്കയിങ്കൽ
ഒരു മൊച്ച കടന്നു കൂടിപോലും, പെരുതാം താഴ്ച ദശാനനന്നിയററി!

പോരിൽദ്ദേവാസുരാഢ്യത്രിഭുവനമഖിലം വെന്നു ഞാനീശശൈലം
കേറിഗ്ഗർവ്വാൽഗ്ഗണൌഘാവൃതപശുപതിയെദ്ദേവിയോടൊത്തിളക്കി,
പ്രാപിച്ചേൻ തൽപ്രസാദം; പുനരഗസുതയും നന്ദിയും ഭക്തികേടാൽ
ശാപം മേ തന്നിരിക്കാം; മറ്റുമൊരു കപിതൻകൊള്ളയായ്ത്തീന്നിരിക്കാം! ൨൭

(പിന്നെ വിഭീഷണൻ പ്രവേശിക്കുന്നു.)

വിഭീഷണൻ:—[ആലോചനയോടു കൂടി] കഷ്ടം. കഷ്ടം! മഹാരാജാവിന്റെ ബുദ്ധി പിഴച്ചുപോയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

ഒരു പാട്ടുരു ചൊല്ലി, 'സീതയെ
ത്തിരിയെ കൊണ്ടുകൊടുക്കുകെ'ന്നു ഞാൻ,
ചെറുതും മമ വാക്കു കേൾപ്പതി-
ല്ലെ,രിമാൽ ബന്ധുജനത്തിനെത്തുവാൻ.

(അടുത്തു ചെന്നിട്ടു്)

മഹാരാജാവു ജയിച്ചാലും.

രാവണൻ:—വിഭീഷണ, വരു, വരു, ഇരിക്കൂ.

വിഭീഷണൻ:—ഇതാ, ഞാനിരിക്കാം. [ഇരിക്കുന്നു]

രാവണൻ:—വിഭീഷണ, തനിക്കു് എന്തോ വിരക്തിയുള്ളതായി തോന്നുന്നുവല്ലോ.

വിഭീഷണൻ:—പറഞ്ഞതു കേൾക്കാത്ത സ്വാമിയെ സേവിക്കുന്ന ഭൃത്യജനത്തിനു വിരക്തിയേ ഉണ്ടാകയുള്ളൂ.

രാവണൻ:—ഈ സംസാരം നിൽക്കട്ടെ. താനും ചെല്ലു, വാനരനെ കൊണ്ടുവരുവാൻ.

വിഭീഷണൻ:—കല്പനപോലെ. (പോയി) പിന്നെ രാക്ഷസന്മാരാൽ ഗൃഹീതനായ ഹനുമാൻ പ്രവേശിക്കുന്നു.)

എല്ലാവരും:— എടാ, ഇങ്ങോട്ടു്, ഇങ്ങോട്ടു്.

ഹനു:—കെട്ടമതിയാംമാരാക്ഷസ-
നൊട്ട തോററിട്ടില്ല തെല്ലുപോലും ഞാൻ
പിടിയിൽപ്പെട്ടേൻ സ്വയമേ
വടിവിൽ നിശാടേശനെക്കാണ്മാൻ. ൮൮

(അടുത്തുചെന്നിട്ട്) രാജാവേ, അങ്ങയ്ക്കു കുശലമല്ലയോ?

രാവണൻ:—(അവജ്ഞയോടെ) വിഭീഷണ, ഇവനാണോ അതു ചെയ്തതു്?

വിഭീഷണൻ:—മഹാരാജാവേ, അതിലപ്പുറവും.

രാവണൻ:—താനെങ്ങിനെ അറിഞ്ഞു?

വിഭീഷണൻ:—'നീയാരാണെ'ന്നു കല്പിച്ചു ചോദിച്ചാലും.

രാവണൻ::—എടൊ, വാനര, നീയാരാണ്? എന്തു കാരണം പിടിച്ചാണ്, ഞങ്ങളുടെ അന്തഃപുരത്തിൽ കേറിയതു്?

ഹനുമാൻ:—കേട്ടുകൊൾക:

പ്രഭഞ്ജനനഞ്ജനയിൽ പിറന്നോരൗരസാത്മജൻ,
രാഘവൻ ചൊല്ലിവിട്ടോൻ ഞാൻ, ഹനുമാനെന്ന വാനരൻ.

വിഭീഷണൻ:—മഹാരാജാവേ, കേട്ടുവോ?

രാവണൻ:—കേട്ടതുകൊണ്ടെന്താണ്?

വിഭീഷണൻ:—ഹനുമാനേ, ശ്രീരാമൻ രാഘവൻ എന്തു പറയുന്നു.?

ഹനുമാൻ:—രാമൻെറ നിയോഗം കേട്ടുകൊൾക.

രാവണൻ:—എന്ത്, എന്ത്, രാമൻെറ നിയോഗം, എന്നോ? ഉം, കൊല്ലട്ടെ ഈ കുരങ്ങനെ!

വിഭീഷണൻ:—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും! എന്തു കുററത്തിനും ദൂതന്മാരെ കൊന്നുകൂടാ. അല്ലെങ്കിൽ, രാമൻ പറഞ്ഞയച്ചതു കേട്ടു പിന്നെ യഥേഷ്ടം കല്പിച്ചു ചെയ്തുകൊൾക.

രാവണൻ:-എടാ വാനരാ, ആ മനുഷ്യൻ എന്തു പറയുന്നു.

ഹനുമാൻ:—കേട്ടുകൊൾക:

ചെന്നാശ്രയിക്കുക ഗിരീശനെ നീ;—യതല്ല-
യെന്നാൽ ദുരാസദ രസാതലമാണ്ടുകൊൾക;
എന്നാലുമന്തകപുരത്തിനയയ്ക്കുവാൻ,മെ-
യ്യൊന്നായ്മികച്ച കണകൊണ്ടു പിളത്തി നിന്നെ. ൧൩

എന്നു്.

രാവണൻ:—ഹ ഹ ഹ,

ചാലേ ദേവപ്പരിഷകളെ ഞാനററ ദിവ്യാസ്ത്രവൃന്ദ-
ത്താലെ വെന്നേന,സുരവരരെപ്പോരുമെൻകീഴിൽ നില്പോർ;
പൌലസ്ത്യന്നും കദനമുതകിപ്പുഷ്പകം ഞാൻ കവർന്നേൻ;
മാലററെന്നോടൊരു മനുജനാം രാമനെന്മട്ടെതിക്കും? ൧൪

ഹനുമാൻ:—ഇപ്രകാരമുള്ള ഭവാൻ എന്തിനാണ് ഒളി
വായി അദ്ദേഹത്തിന്റെ ഭാര്യയെ കട്ടതു്?

വിഭീഷണൻ:—ശരിയാണ് ഹനുമാൻ പറയുന്നതു്:

രഘുമുഖ്യനെ മായകാട്ടിയിട്ടകലത്താക്കി നിശാചരർഷഭ,
യതിരൂപിയുമായ്ബ് ഭവാൻ വെറും ചതിയാലല്ലിഹരിച്ചുസീതയെ? ൧൫

രാവണൻ:— വിഭീഷണ, താൻ ശത്രുപക്ഷം പിടിക്കയാ
ണോ?

വിഭീഷണൻ:—

പ്രസീദ രാജൻ! ഹിതമോതിടുന്നു ഞാൻ
കൊടുക്ക കാകുൽസ്ഥനു ധമ്മപത്നിയെ;
അരക്കർകോനായ ഭവാൻ നിമിത്തമി-
ക്കലം നശിക്കായ്വതിനുണ്ടുവാഞ്ഛ മേ! ൧൬

രാവണൻ:—വിഭീഷണ, മതി മതി ഭയം.

ഒരു മൃഗമിഹ വീഴ്ത്തുമേത്തുമട്ടു,രു സടതുങ്ങിയ കേസരീന്ദ്രനെ?
പെരുമയുടയ മത്തവാരണം കുറുനരിയാൽ കൊലയേററുപോകുമോ?

ഹനുമാൻ:—ഹേ രാവണ, ഭവാൻ ഭാഗ്യക്ഷയത്താൽ
രഘവനെപ്പററി ഈവിധം സംസാരിക്കുന്നതു
യുക്തമാണോ? ഛീ, അരുതു്.

ഹേ രാത്രിഞ്ചരപാംശ പുണ്യവിലയം നേരിട്ട ഹേ രാവണ,
സ്വാരാജ്യപ്പെരുമാളിനോട്ട സമനായ് ലോകത്തിനേകേശനായ്,
വീരാഗ്രേസരനായനോപമമാം കാകുൽസ്ഥനെപ്പററി നീ-
യോരാതേവമിടിച്ചുചൊൽവതു വെറും നിസ്സാര, കൊള്ളാവതോ? ൫൪

രാവണൻ:—എന്തെന്തു്, പേർവിളിക്കുന്നുവോ? കൊല്ലട്ടെ ഈ കുരങ്ങനെ. അല്ലെങ്കിൽ, ദൂതവധം നിന്ദ്യമാണല്ലോ. ശംകുകർണ്ണ, ഈ കുരങ്ങനെ, വാലിന്മേൽ തീക്കൊളുത്തി വിടുക.

ശങ്കുകർണ്ണൻ:—മഹാരാജാവിന്റെ കല്പനപോലെ. ഇങ്ങോട്ടു്, ഇങ്ങോട്ടു്.

രാവണൻ:—അല്ലെങ്കിൽ, വരിക.

ഹനുമാൻ:—ഇതാ, ഞാൻ.

രാവണൻ:—ഞാൻ പറഞ്ഞതായി ആ മനുഷ്യനോടു പറയുക.

ദാരാപഹാരക്രിയയാൽ ഭവാനു
ഹേ രാമ, ചേർത്തേനവമാനമീ ഞാൻ;
നേരായ് ഭവാൻ വില്ലിൽ വിദഗ്ദ്ധനെങ്കിൽ
വാരാണ്ടു യുദ്ധം മമ നൽകിയാലും. ൫൫

ഹനുമാൻ:—ഉടനെ കാണാം.

ശല്യവൃക്ഷഭയനസ്സ്ഥാനാത്തനങ്ങ-
ള്ളു, ഭൂമിതിൽ ഗോപുര കൊത്തളങ്ങൾ പാഴായ്,
കപിപടലമുടച്ചുവിട്ട നാനാ-
പ്രമദവനങ്ങൾ ചുഴന്ന തന്റെ ലങ്ക! ൫൬

രാവണൻ:—ഉം, ഈ കുരങ്ങനെ പുറത്താക്കട്ടെ.

രാക്ഷസന്മാർ:—ഇങ്ങോട്ടു് ഇങ്ങോട്ടു്.

(ഹനുമാൻ രാക്ഷസന്മാരോടുകൂടി പോയി)

വിഭീഷണൻ:—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും! മഹാരാജാവിന്റെ ഗുണത്തിനായി ഒന്നു പറയാനുണ്ടു്.

രാവണൻ:—പറയുക. കൊള്ളാമെങ്കിൽ നാം കേൾക്കും.

വിഭീഷണൻ:—എല്ലാംകൊണ്ടും രാക്ഷസവംശത്തിന്നു നാശം അടുത്തിരിക്കുന്നതായി എനിക്കു തോന്നുന്നു.

രാവണൻ:—എന്തുകൊണ്ട്!

വിഭീഷണൻ:—മഹാരാജാവിൻെറ പിഴവുകൊണ്ട്.

രാവണൻ:—എന്താണ് എൻെറ പിഴവ്?

വിഭീഷണൻ:—സീതയെ അപഹരിച്ചതുതന്നെ.

രാവണൻ:-സീതാപഹരണംകൊണ്ട് എന്താണു ദോഷം?

വിഭീഷണൻ:—അധർമ്മം കൂടി.

രാവണൻ:—കൂടി എന്നതുകൊണ്ട് വേറെയുമുണ്ടെന്നു തോന്നുന്നു. അതു പറയുക.

വിഭീഷണൻ:—അതു മാത്രമേ ഉള്ളൂ.

രാവണൻ:—വിഭീഷണാ, താൻ എന്തിന്നു മറച്ചുവെക്കുന്നു? താൻ സത്യം പറയാഞ്ഞാൽ, എൻെറ പ്രാണനെ കൊണ്ട് ആണയിടിയിക്കും.

വിഭീഷണൻ:—മഹാരാജാവു അഭയം തരണം.

രാവണൻ:—അഭയം തന്നു. പറഞ്ഞുകൊൾക:

വിഭീഷണൻ:—ബലവാനോടു കലഹവും.

രാവണൻ:-. (കോപത്തോടുകൂടി) എന്തെന്ത്, ബലവാനോടു കലഹമോ?

കൂടലർപ്പങ്കിൽനിന്നിട്ടെന്നോടീ നക്തഞ്ചരാധമൻ
കടുംക്രോധംവരുംവണ്ണം സംസാരിക്കുന്നു നിർഭയം. ൨൪

ആരവിടെ?

മമ സോദരസൌഹൃദം ഗണിക്കാ-
തെതിർപക്ഷത്തിലണഞ്ഞുനിൽക്കുംവാനെ
ഇനി മുന്നിലെനിക്കു കാണ്മവാൻവ-
യ്യ,തിനാലിയ്യിവനെപ്പുറത്തുതള്ളാം. ൨൮

വിഭീഷണൻ:—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും. ഞാൻതന്നെ പോയ്ക്കൊള്ളാം,

പൊയ്ക്കൊള്ളാം തമ്പുരാനേ, നിൻചൊല്ലാൽ നിർദ്ദോഷനായ ഞാൻ:
കോപവും കാമവും വിട്ടു ചെയ്യു വേണ്ടവിധം ഭവാൻ. ൨൩

(ചുററിനടന്നിട്ട്) ഇതാ, ഇനി,

ഹുല്ലാംഭോരുഹനേത്രനായ്,ക്കൊടിയവില്ലേന്തി,ദ്ദശഗ്രീവനെ
ക്കൊല്ലാനായ്ജ്ജപഥംകഴിച്ചുവന്നവനായ്, ബ്ഭക്തേഷ്ടസന്ദായിയായ്
ചൊല്ലാൻനുള്ള നൃദേവരാമനെയുടൻ ചെന്നാശ്രയിച്ചിട്ടു ഞാ-
നെല്ലാംകൂടി മുടിഞ്ഞ രാക്ഷസകുലം പ്രത്യുദ്ധരിച്ചീടുവൻ. ൨൧

(പോയി.)

രാവണൻ:—ഹാ, വിഭീഷണൻ പൊയ്ക്കഴിഞ്ഞു. ഞാൻ ഇനി നഗരത്തിന്നു കാവലുറപ്പിക്കട്ടെ.

(പോയി.)

മൂന്നാമങ്കം കഴിഞ്ഞു.

——(೦)——

# നാലാമങ്കം

(അനന്തരം ഒരു വാനരഹരിക്കാരൻ പ്രവേശിക്കുന്നു.)

ഹരിക്കാരൻ:—ഹേ ഹേ സേനാപതി, വാനരസൈന്യത്തിന്ന് ഒരുങ്ങുവാൻ കല്പനകൊടുക്കുക.

സേനാപതി:—(പ്രവേശിച്ച്) ആയ്യ, എന്തിനാണ് ഈ ഒരുക്കം.

ഹരിക്കാരൻ:—സീതാദേവിയുടെ വത്തമാനം ഹനൂമാന്ന ങ്ങുന്ന് രാമൻതിരുമേനിയുടെ അടുക്കൽ എത്തിച്ചിരിക്കുന്നു.

സേനാപതി:— എന്തെന്ത്; എന്തെന്ത്?

ഹരിക്കാരൻ:—കേട്ടുകൊൾക:

മേവുന്നു പോലിളാധീശ്വരമകളധുനാ ലങ്കയിൽ, ധമ്മമാഗ്ഗം
കൈവിട്ടിട്ടോനായ് പ്പുലസ്ത്യാത്മജനഹഹ! വലയ്ക്കുന്നതേറേററെ മാഴ്കി;
ഈ വൃത്താന്തം ശ്രുവിച്ചേറിയൊരഴലിലകം കാഞ്ഞ രാമന്റെ കാര്യം
ചെയ്യാൻ രാജാവു ഘോരപ്ലവഗബലമൊരുങ്ങട്ടെയെന്നാജ്ഞയിട്ടാൻ. ൬

സേനാപതി:—ശരി, മഹാരാജാവിന്റെ കല്പനപോലെ.

ഹരിക്കാരൻ:—ഞാനും വാനരസൈന്യം ഒരുങ്ങിയതായി തിരുമനസ്സുണത്തിക്കട്ടെ.

(രണ്ടുപേരും പോയി.)

വിഷ്കംഭം കഴിഞ്ഞു.

——(:o:)——

(പിന്നെ രാമനും ലക്ഷ്മണനും സുഗ്രീവനും ഹനുമാനും പ്രവേശിക്കുന്നു)

രാമൻ:—

കേറിത്താഴ്വര പീത്തു പൊന്ത*നിറവാം കാറൊത്ത ശൈലങ്ങളെ;
സ്സിംഹവ്യാഘ്രഗജേന്ദ്രർ നീരുന്നകരുന്നോരാർകൾ പിന്നിട്ടു ഞാൻ;
പൂ കായ് വാച്ച മരങ്ങളുള്ള പല വൻകാടും കടന്നീടിനേ,-
നെന്നിട്ടിപ്പോഴുതിൽക്കപീന്ദ്രബലമൊത്താഴിക്കരെയ്ക്കെത്തിനേൻ. ൭

ലക്ഷ്മണൻ:—ഇതാ, ഇതാ, വരുണഭഗവാൻ.

നരയണിയലമുത്തു മാലചാത്തി,-
സ്സുരമണിനീർമുകിൽ നേർപയസ്സിണങ്ങി,
സരിതയുതഭുജാഢ്യനായ്, ശ്ലയിക്കും
ഹരിയുടെ മട്ടിൽ നദീശ്വരൻ ലസിപ്പൂ. ൮

---

* പൊന്ത=വള്ളിക്കെട്ട്.

രാമൻ:—ഛീ, എന്തെന്തു്?

അരിയത്തീരെ മുടിക്കാൻ ശരവും കൈക്കൊണ്ടോരുങ്ങുമീയെന്നെ,
സാഗരമിതു തടയുന്നോ, സാമ്പ്രതമവനെസ്സജീവനാക്കാനായ്! ൪

സുഗ്രീവൻ:—എയ്, ആകാശത്തു്,

കരിവാർമുകിൽക്കെതിർ നിറം കലൎന്നു, പൊൻ-
വരഭൂഷണങ്ങളണിമെയ് തെളിഞ്ഞിതാ,
ഒരരക്കനോടിയണയുന്നതെന്തിനാ-
ണെരിതീയ്യിൽ വീഴ്‌വതിന്നു പാററപോലവേ? ൫

ഹനുമാൻ:—ഹേ ഹേ വാനരവീരന്മാരെ, നിങ്ങൾ സന്നദ്ധരാകുവിൻ!

വൃക്ഷം, നഗം, പൽ, നഖ, മിങ്ങു മുഷ്ടിമു-
ട്ട, ക്ഷീണമാം നാദവുമായ് കപീശ്വരൻ
രക്ഷസ്സിനെക്കൊൽവതിന്നിനി നിൽക്കുവിൻ!
രക്ഷിക്കുവിൻ നമ്മുടെ മാനവേന്ദ്രനെ! ൬

രാമൻ:—ഒരു രാക്ഷസനോ? ഹനുമാനേ, മതി മതി, പരിഹാസം.

ഹനുമാൻ:—തിരുമേനിയുടെ കല്പനപോലെ.

(പിന്നെ വിഭീഷണൻ പ്രവേശിക്കുന്നു)

വിഭീഷണൻ:—ഹാ ഞാൻ രാഘവൻെറ പടകുടിക്കരികിൽ എത്തിക്കഴിഞ്ഞു. (ആലോചിച്ചിട്ടു്) വന്ന വിവരം ആളെ അയച്ചറിയിക്കാതെ ചെന്നാൽ, ശത്രുവിൻെറ ചാർച്ചക്കാരനായ എന്നെപ്പററി ശ്രീമാൻ രാഘവൻ എന്തു വിചാരിക്കും? എന്തുകൊണ്ടെന്നാൽ,

പൊടിക്കിലമരാരിയാമെവനൊടൊന്നു നേരിട്ടിടാൻ
മിടുക്കമരയുക്തനാം കുലിശഭൃത്തിനും നാസ്തിതാൻ;
അവന്നനുജനായ ഞാൻ ശരണകാംക്ഷിയായ് ച്ചെൽകിലെ-
ന്തുരയ്ക്കുമിഹ രാമനെന്നിടർപെടുന്നിതെൻമാനസേ. ൭

അല്ലെങ്കിൽ,

നേരായധൎമ്മാൎത്ഥവിരോധമുണ്ട്;
ധാരാളമുണ്ടാശ്രിതവത്സലത്വം:
ഈ രാഘവൻ ശിഷ്ടനുമാണ്; ദുഷ്ടൎക്ക്-
ച്ചേരാത്ത ഞാനെന്തിന്നു ശങ്കകൊൾവൂ? വ്വ

(കീഴ്പോട്ടു നോക്കീട്ട്) ഇതാ, രഘുപുംഗവന്റെ കൈ-ന്നില; ഇറങ്ങുകതന്നെ.

(ഇറങ്ങിയിട്ട്) ഹാ, ഇവിടെ നിന്നിട്ട് ഞാൻ വന്ന വിവരം തിരുമനസ്സുണത്തിക്കാം.

ഹനുമാൻ:—(മേല്പോട്ടു നോക്കിയിട്ട്) എയ്, ശ്രീമാൻ വിഭീഷണനോ?

വിഭീഷണൻ:—എയ്, ഹനുമാൻ. ഹനുമാനെ, ഞാൻ വന്ന വിവരം തിരുമനസ്സുണത്തിക്ക.

ഹനുമാൻ:—അങ്ങിനെ തന്നെ (അടുത്തു ചെന്നിട്ട്) തിരുമേനി ജയിച്ചാലും, ജയിച്ചാലും!

അരച, ഭവാൻകാരണമേ പരമേട്ടൻ നാട്ടിൽനിന്നു തള്ളുകയാൽ
നിരഘൻ വിഭീഷണനിതാ, ശരണംപ്രാപിച്ചിരിപ്പു നിന്നരികിൽ

രാമൻ:—വിഭീഷണൻ ശരണം പ്രാപിച്ചിരിക്കുന്നു എന്നോ? ഉണ്ണി, ലക്ഷ്മണ, ചെല്ലു; വിഭീഷണനെ സൽക്കരിച്ചു കൂട്ടിക്കൊണ്ടു വരു.

ലക്ഷ്മണൻ:—ജ്യേഷ്ഠൻെറ ആജ്ഞപോലെ.

രാമൻ:—സുഗ്രീവ, അങ്ങെന്തോ പറവാൻ വിചാരിക്കുന്നതായി തോന്നുന്നുവല്ലോ.

സുഗ്രീവൻ:—തിരുമേനി, മായയേറിയവരും കപടമായി പൊരുതുന്നവരുമാണ് രാക്ഷസന്മാർ. അതിനാൽ, ആലോചിച്ചിട്ടുവേണം വിഭീഷണനെ കൂട്ടിക്കൊണ്ടു വരുവാൻ.

ഹനൂമാൻ:—മഹാരാജാവേ, ഇങ്ങനെ പറഞ്ഞുകൂടാ.

ക്ഷിതിനാഥനില്ലറ്റക്കൂർ നമുക്കുള്ളതുപോലുണ്ടു ദൃഢം വിഭീഷണനും;
അതുനാളിവനേട്ടനോടു വാദിപ്പതു കൂടിപ്പുരിയിങ്കൽവെച്ചു കണ്ടേൻ. ൫൦

രാമൻ:—എന്നാൽ, ചെല്ലൂ; വിഭീഷണനെ സൽക്കരിച്ചു കൂട്ടിക്കൊണ്ടുവരൂ.

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ ആജ്ഞപോലെ. (ചുററിനടന്നിട്ട്) എയ്, വിഭീഷണൻ, വിഭീഷണ, ഭവാനു കുശലമല്ലേ?

വിഭീഷണൻ:—എയ് ലക്ഷ്മണകുമാരൻ. കുമാരാ, ഇപ്പോൾ ഞാൻ കുശലിയായി!

ലക്ഷ്മണൻ:—വിഭീഷണ, നമുക്കു് ജ്യേഷ്ഠൻെറ അരികിൽ പോകാം.

വിഭീഷണൻ:—അങ്ങനെതന്നെ.

(രണ്ടുപേരും അടുത്തു ചെല്ലുന്നു.)

ലക്ഷ്മണൻ:—ജ്യേഷ്ഠൻ ജയിച്ചാലും!

വിഭീഷണൻ:—തിരുമേനി പ്രസാദിച്ചാലും! തിരുമേനി ജയിച്ചാലും!

രാമൻ:—എയ് വിഭീഷണൻ. വിഭീഷണാ ഭവാനു കുശലമല്ലേ?

വിഭീഷണൻ:—തിരുമേനി ഇപ്പോൾ ഞാൻ കുശലിയായി

അരുണാബ്ജനേർനയനനായ് ശ്ശരണ്യനാം
തിരുമേനിയെശ്ശരണമാണ്ട കാരണം
ധരണീപതേ, കുശലിയായതിന്നു ഞാൻ,
ദുരിതം ത്വദീക്ഷണവശാലകന്നുപോയ്' ൫൧

രാമൻ:—ഭവാൻ ഇന്നുമുതൽക്കു്, എൻെറ വാക്കാൽ ലങ്കേശ്വരനായി ഭവിച്ചാലും!

വിഭീഷണൻ:—ഞാൻ അനുഗൃഹീതനായി.

രാമൻ:—വിഭീഷണ, അങ്ങു വന്നതുകൊണ്ടുതന്നെ നമ്മുടെ കാൎയ്യം സാധിച്ചുകഴിഞ്ഞു. എന്നാൽ സമുദ്രം കടക്കാൻ ഉപായം കാണുന്നില്ല.

വിഭീഷണൻ:—തിരുമേനി, എന്താണിതിൽ അറിയാനുള്ളതു്? വഴി തരാത്തപക്ഷം, സമുദ്രത്തിന്റെ നേരെ തിരുമേനി ഒരു ദിവ്യാസ്ത്രം പ്രയോഗിക്കുകതന്നെ.

രാമൻ:—കൊള്ളാം. വിഭീഷണ, കൊള്ളാം. ആകട്ടെ' ഞാൻ ഈ വിധംതന്നെ ചെയ്തുകളയാം. (പെട്ടെന്നു എഴുന്നേററു കോപത്തോടെ)

ജലമോടു ചളിയും വരണ്ടുണങ്ങിപ്പുലമകരങ്ങൾ നിലത്തുചിന്നി,
അലയലറമൊഴിഞ്ഞതാക്കുവൻ ഞാൻ ജലധി ജവാൽ, വഴി മേ-
[തരാഞ്ഞിലമ്പാൽ. ൧൭

പിന്നെ വരുണൻ പ്രവേശിക്കുന്നു.)

വരുണൻ:—(സംഭ്രമത്തോടെ)

കാൎയ്യാൎത്ഥമെത്തിയ നരാകൃതിയായ ദേവ-
നാരായണന്നു പിഴചെയ്തതുകാരണത്താൽ,
പോരിൽസ്സുരാരിഹരമാം കണകൊണ്ടു ഭീതി
നേരിട്ടു ഞാനിവനെവെക്കമുപാശ്രയിപ്പൻ. ൧൮

(നോക്കിയിട്ടു്) എയ്, ഇതാ ഭഗവാൻ.

മാനുഷനുടെ വടിവേന്തിശ്ശാൎങ്ഗം ഗദ ചക്രമെന്നിവ ധരിപ്പാൻ
കാരണഭൂതൻ സ്വയമേ കാൎയ്യാൎത്ഥം വന്നിരിക്കുന്നു! ൧൯

ത്രൈലോക്യകാരണമായ ഭഗവാൻ നാരായണന്നു നമസ്കാരം!

ലക്ഷ്മണൻ:—(നോക്കീട്ടു്) എയ് ആരാണിദ്ദേഹം?

സുലളിതവിപുലാരക്തേക്ഷണൻ നവ്യനീലോൽ-
പലരുചി, മണിരാജന്മൌലി, മത്തേഭലീലൻ,
ജലതതിയുടെ മദ്ധ്യത്തിങ്കൽ നിന്നിങ്ങുയൎന്നാ-
നലകടിപെടുമാറാം ദീപ്തിയോടൊത്തു ശീഘ്രം. ൨൦

വിഭീഷണൻ:—തിരുമേനി, ഇതാ വരുണഭഗവാൻ എഴുന്നള്ളിയിരിക്കുന്നു.

രാമൻ:—ഇതു വരുണനാണോ? ഭഗവൻ, വരുണ, അങ്ങയ്ക്കു നമസ്കാരം!

വരുണൻ:—ദേവേശൻ എന്നെ നമസ്കരിച്ചുകൂടാ. അല്ലെങ്കിൽ,

ശരി: രാജകുമാര, കോപമെന്തി-
ന്നി?-രിശം പോരുമിനി;-ബ്ഭവാനു ഞങ്ങൾ
നരസത്തമ, ചെയ്യു വേണ്ടതെന്തെ-
ന്നരചെയ്തീടുക വൈകിടാതെതന്നെ. ൬൩

രാമൻ:—ലങ്കയിലേയ്ക്കു പോകാൻ അങ്ങു വഴിതരണം.

വരുണൻ:—ഇതാ വഴി, ഭവാൻ പൊയ്ക്കൊൾക.

(മറഞ്ഞു.)

രാമൻ:—എയ്, വരുണഭഗവാൻ മറഞ്ഞു. വിഭീഷണ, നോക്കു, നോക്കു, ഭഗവാന്റെ പ്രസാദത്താൽ സമുദ്രം, അലയിളകാതെ നിൽക്കുന്നു.

വിഭീഷണൻ:—തിരുമേനി, ഇപ്പോൾ സമുദ്രം രണ്ടുവിധത്തിലായതുപോലെ കാണപ്പെടുന്നു.

രാമൻ:—ഹനുമാനെവിടെ?

ഹനുമാൻ:—തിരുമേനി ജയിച്ചാലും!

രാമൻ:—മുമ്പേ നടക്കു.

ഹനുമാൻ:—തിരുമേനിയുടെ കല്പനപോലെ.

(എല്ലാവരും ചുററി നടക്കുന്നു)

രാമൻ:—(നോക്കിയിട്ട് ആശ്ചര്യത്തോടെ) ഉണ്ണി ലക്ഷ്മണ, സ്നേഹിത വിഭീഷണ, മഹാരാജാവേ സുഗ്രീവ, സഖേ ഹനുമാനേ, നിങ്ങൾ നോക്കുവിൻ, നോക്കു

വിൻ. അഹോ, സമുദ്രത്തിൻെറ വിചിത്രത! ഇതി ങ്കലാകട്ടെ.

ചിലേടം പൊങ്ങും വെൺനുര; ചിലയിടം മത്സ്യബഹളം;
ചിലേടംചിന്നം ശംഖണി; ചിലയിടം കാർമുകിൽനിറം;
ചിലേടം കല്ലോലം, ചില ദിശി കൊട്ടുംനക്രപടലം;
ചിലേടം ഭീമാംബുച്ചുഴി; ചിലയിടം നിശ്ചലജലം. ൧൭

ഭഗവൽപ്രസാദത്താൽ സമുദ്രം കടന്നുകഴിഞ്ഞു.

ഹനുമാൻ:—തിരുമേനി, ഇതാ, ഇതാ, ലങ്ക.

രാമൻ:— (വളരെ നേരം നോക്കിയിട്ട്) ഹാ, രാക്ഷസനഗരത്തിൻെറ ലക്ഷ്മി ഉടനെ നശിച്ചുപോകുമല്ലോ.

വമ്പാളുന്ന മദീയബാണപതനക്കാററാൽ ചെരിഞ്ഞും, ശരി-
യ്ക്കുമ്പാട്ടും കപിസേനയാകിയ തിരച്ചാർത്തിൻെറ തല്ലേററമേ,
കമ്പിയ്ക്കും കടലിൽ കിടന്നു തിരയും കപ്പൽക്കണേരായ് ത്തക-
ർന്നമ്പിടപ്പാം, ദശകണ്ഠനാകുമമരക്കാരൻെറ കുററത്തിനാൽ. ൧൮

സുഗ്രീവ, ഈ സുവേലപർവ്വതത്തിൽ സേനാനിവേശം ചെയ്യാം. [ഇരിക്കുന്നു,]

സുഗ്രീവൻ:—തിരുമേനി കല്പിക്കുന്നതുപോലെ. നീല, ഇങ്ങനെ ചെയ്യുക.

നീലൻ:—(പ്രവേശിച്ച്) മഹാരാജാവിൻെറ കല്പനപോലെ. (പോയി, പ്രവേശിച്ച്) തിരുമേനി, ജയിച്ചാലും! സൈന്യങ്ങളെ ക്രമേണ ഉറപ്പിച്ച്, ഓരോ വകുപ്പിനേയും പരിശോധിച്ചു വരുന്നതിനിടയിൽ, പട്ടികയിലൊന്നും കാണാത്ത ഏതോ രണ്ടു വാനരന്മാരെ പിടിച്ചുനിർത്തിയിട്ടുണ്ട്. എന്തു വേണമെന്ന് അടിയങ്ങൾക്കറിഞ്ഞുകൂടാ. ഇവിട്ടുന്നുവേണം തീർച്ചയാക്കാൻ.

രാമൻ:—അവരെ വേഗത്തിൽ കൂട്ടികൊണ്ടുവരിക.

നീലൻ കല്പനപോലെ. (പോയി.)

(പിന്നെ നീലനും, വാനരന്മാരാൽ കൈവിലങ്ങിട്ടു പിടിക്കപ്പെട്ട വാനരരൂപന്മാരായ ശുകസാരണന്മാരും പ്രവേശിക്കുന്നു.)

വാനരന്മാർ:—എടാ, പറഞ്ഞോളിൻ, നിങ്ങളാരാണ്. പറഞ്ഞോളിൻ.

ശുകസാരണന്മാർ:—എജമാനനെ, ഞങ്ങൾ കുമദനങ്ങുന്നിൻെറ ചേവകന്മാരാണ്.

വാനരന്മാർ,—സ്വാമി! ഇവർ കുമുദനങ്ങുന്നിൻെറ ചേവകന്മാരാണത്രെ.

വിഭീഷണൻ:—(ശുകസാരണന്മാരെ സൂക്ഷിച്ചുനോക്കിയിട്ട്.)

ഇവരിങ്ങുനമ്മളുടെ സേനയിൽപ്പെട്ട-
ന്നവരല്ല; വാനരരുമല്ലതാനിവർ;
പകപൂണ്ട പംക്തിമുഖനാൽ നിയുക്തരാം
ശുകസാരണാഖ്യരുധിരാശരാണിവർ. ൬൯

ശുകസാരണന്മാർ:—(ആത്മഗതം) അയ്യോ, കൊച്ചുതമ്പുരാൻ നമ്മെ അറിഞ്ഞുവല്ലോ? (പ്രകാശം) ആയ്യ, ഞങ്ങളിരുവരും, രാക്ഷസരാജാവിൻെറ തകരാറുകൊണ്ട് രാക്ഷസകുലം നശിപ്പിക്കാൻ പോകുന്നതു കണ്ടിട്ട്, ഗത്യന്തരമില്ലായ്കയാൽ, ഇവിടെ ആശ്രയിപ്പാനായി വാനരരൂപത്തിൽ വന്നതാണ്.

രാമൻ:—സഖേ, വിഭീഷണ, എന്താണ് ഭവാൻെറ അഭിപ്രായം?

വിഭീഷണൻ:—തിരുമേനി,

പംക്തികന്ധരനല്ലൊത്ത മന്ത്രിമാരിവർ മന്നവ,
ലങ്കേശനെ വിടാ പ്രാണസങ്കടാവസ്ഥയിങ്കലും. ൭൦

അതിനാൽ തിരുമേനി യഥായോഗ്യം ശിക്ഷ കല്പിച്ചാലും.

രാമൻ:—വിഭീഷണ, വേണ്ട, വേണ്ട.

ഇവരെട്ടുബന്ധിപ്പിച്ചാലിവനില്ലതുകൊണ്ടു മാത്രമൊരു ലാഭം;
ചേതം രാക്ഷസരാജനുമില്ല;-തിനാൽ വിട്ടയച്ചേയ്ക്കു. ൭൧

ലക്ഷ്മണൻ:—വിടുകയാണെങ്കിൽ, ഇവർ പടകുടിയെല്ലാം കടന്നു കണ്ടിട്ടു മതി, വിട്ടയക്കുക എന്നുകൂടി കല്പനയുണ്ടാകണം.

രാമൻ:—ലക്ഷ്മണൻ പറഞ്ഞതു ശരിയാണ്. നീല, ഇങ്ങിനെ ചെയ്തുകൊൾക.

നീലൻ:—തിരുമേനി കല്പിക്കുന്നതുപോലെ.

രാമൻ:—അല്ലെങ്കിൽ വരിക.

ശുകസാരണന്മാർ:—ഇതാ, ഞങ്ങൾ.

രാമൻ:—ഞാൻ പറഞ്ഞതായി ആ രാക്ഷസേന്ദ്രനോട് പറയണം.

ദാരാപഹാരം മമ ചെയ്തു താൻ താൻ പോരാട്ടമേല്പിച്ചവനാം ഭവാനെ
നേരിട്ടു കാണ്മീലി,ഹ കാണ്മവാൻ വന്നോരിയ്യിവൻ യുദ്ധവിരുന്നുകാരൻ!

എന്ന്.

ശുകസാരണന്മാർ:—കല്പനപോലെ. (പോയി)

രാമൻ:—വിഭീഷണ, നമുക്കും പ്രധാന സൈന്യത്തെ പരിശോധിക്കാം.

വിഭീഷണൻ:—തിരുമേനിയുടെ ആജ്ഞപോലെ.

രാമൻ:—(പുറത്തിറങ്ങി നടന്നു നോക്കീയിട്ട്) എയ്, ആദിത്യഭഗവാൻ അസ്തമിക്കാറായി. ഇപ്പോഴാകട്ടെ,

അസ്താഗ്രിതൻമുകളിലായ് വിലസുന്ന സന്ധ്യാ-
രക്താഭചേന്ന, കിരണങ്ങൾ കുറഞ്ഞ സൂര്യൻ.
ചട്ടറ്റൊരാനയുടെ ചെന്നിറമായി നെറ്റി-
പ്പട്ടത്തിൽനിന്നുമൊരു പൊൻകുമിളിക്കു തുല്യം. ൨൩

[എല്ലാവരും പോയി]

നാലാമങ്കം കഴിഞ്ഞു.

— —*— —

# അഞ്ചാമങ്കം.

(പിന്നെ ഒരു രാക്ഷസഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ:—ഹേ, ആരാണിവിടെ പ്രവാളതോരണദ്വാരത്തിൽ കാവൽ നിൽക്കുന്നതു്?

[വേറെ ഒരു രാക്ഷസൻ പ്രവേശിക്കുന്നു്]

രാക്ഷസൻ:—ആൎയ്യ, ഇതാ, ഞാനാണു്. എന്തു ചെയ്യണം?

ഹരിക്കാരൻ:—ചെല്ലു, മഹാരാജാവിൻെറ കല്പനയാൽ വിദ്യുജ്ജിഹ്വനെ വിളിച്ചുകൊണ്ടു വരു.

രാക്ഷസൻ:—ആൎയ്യ, അങ്ങനെതന്നെ.

(പോയി)

ഹരിക്കാരൻ:—കഷ്ടം! കഷ്ടം! രാക്ഷസവംശത്തിൻെറ അഭ്യുദയം ക്ഷയിക്കുകയാൽ, എല്ലാം സാധനങ്ങളും മുടിഞ്ഞു്, വീരപുരുഷന്മാർ കൊല്ലപ്പെട്ടു്, താൻ തന്നെയും പ്രാണസംശയത്തിൽ അകപ്പെട്ടിരിക്കുന്ന മഹാരാജാവിന്നു് ഇനിയും ബുദ്ധി തെളിയുന്നില്ലല്ലോ. ആരെങ്കിലും,

ഗ്രാഹക്കൂററർ നിറഞ്ഞ നീലജലമൊത്തു,ല്ലോലകല്ലോലക-
വ്യൂഹം ഭീകരമാംവിധം കരകളിൽത്തല്ലുന്ന പാഥോധിയെ
ഹാഹന്താശു കടന്നുകേറിയതു കണ്ടിട്ടും, കളത്രത്തെയ-
ദ്ദേഹത്തിന്നു തിരിച്ചു നൽകിയരിശം തീൎക്കാതിരുന്നീടുമോ? ൧

എന്നു മാത്രമല്ല,

പ്രഹസ്തകുംഭകൎണ്ണാദി പ്രവീരന്മാരെ രാഘവൻ
കൊന്നൊടുക്കീ പടയിലിന്നിന്ദ്രജിത്തുമിറങ്ങിനാൻ. ൨

ഇങ്ങനെയൊക്കെയായിട്ടും,

നേരാം നയപ്പൊരുളിണങ്ങിയ മന്ത്രിവാക്യം
മാരാത്തികൊണ്ടു ഗണിയാതിഹ വീരമാനി
പോരാടുവാൻ തുനികയാണു; കൊടുത്തിടുന്നി-
ല്ലാരാഘവർഷഭനു ജാനകീദേവിയാളെ. ൩

വിദ്യുജ്ജിഹ്വൻ:—(പ്രവേശിച്ച്) ആൎയ്യന്നു സുഖമല്ലയോ?

ഹരിക്കാരൻ:—വിദ്യുജ്ജിഹ്വ ചെല്ലു, മഹാരാജാവ് അരുളിച്ചെയ്തപ്രകാരം, രാമലക്ഷ്മണന്മാരുടെ തലയുണ്ടാക്കിക്കൊണ്ടുവരു.

വിദ്യുജ്ജിഹ്വൻ:—മഹാരാജാവിൻെറ കല്പനപോലെ. [പോയി]

ഹരിക്കാരൻ:—ഞാനും മഹാരാജാവിൻെറ അടുക്കൽ ചെല്ലട്ടെ. (പോയി)

വിഷ്കംഭം കഴിഞ്ഞു.

——*——

[പിന്നെ രാക്ഷസിമാരാൽ ചുററപ്പെട്ട സീത പ്രവേശിക്കുന്നു]

സീത:—എന്താണ്, ആൎയ്യപുത്രൻ വന്നതിനാൽ ആഹ്ലാദം പൂണ്ടതായ എൻെറ മനസ്സിന് ഇന്ന് ഒരാവേഗം തോന്നുന്നതു? ദുൎന്നിമിത്തങ്ങളും കാണുന്നുണ്ട്. എന്നാലും, ഇപ്പോൾ മനസ്സിന്നു വലുതായ ഒരുൽക്കണ്ഠം വർദ്ധിച്ചുവരുന്നു! എന്തായാലും, ഈശ്വരന്മാർ ശാന്തി വരുത്തട്ടെ!

[പിന്നെ രാവണൻ പ്രവേശിക്കുന്നു]

രാവണൻ:—അരുതരുതു്.

ഇത്തനപിയെൻ പുരിവെടിഞ്ഞു ഗമിക്കയായീ;
പുത്രൻസിതാംബുരുഹമൊന്നു കരത്തിലുള്ളോൻ,
യുദ്ധത്തിലെന്നു വശയായ് മമ ലങ്കയന്നേ
വിത്തേശനെസ്സപദി വെന്നഥ ഞാൻ പിടിച്ചോൻ. ൪

ഭദ്രേ, നിൽക്കു, നിൽക്കു, പോകരുതു്. എന്തു പറയുന്നു—'ഞാൻ നിന്നെ വിട്ടു് രാമൻെറ അടുക്കൽ പോകയാണു്' എന്നോ? ഉം, മറയത്തു പോ!

ഹാൽത്താൻ പിടിച്ചേൻ, നിധിസ്വാമി തൻപാ-
ട്ടിടത്തിങ്കൽവെച്ചുന്നിന്നെ സ്വയം ഞാൻ;
ഹാൽത്താൻ പിടിച്ചീട്ടവൻ നിന്നെ വീണ്ടും
പടപ്പാരിലാരാമനെക്കൊന്നുവീഴ്ത്തി. ൬

ഇവളെന്തിനാണു്. സീതയെത്തന്നെ പ്രലോഭിക്കാം.

(കാമാവേശം നടിച്ചു്) അമ്പോ, പുഷ്പധന്വാവിൻെറ നിസ്തുലമായ ബലം! എന്തെന്നാൽ,

ഓർക്കാതായ്നിശിനിദ്രയേ മിഴികൾ മേ സീതാമുഖം കാൺകയാൽ;
നേർക്കാതെക്ലേശമായ്‌വിളത്തിതുടലും തൽസ്സംഗസൌഖ്യാശയാൽ;
ഏൽക്കാവല്ലു മദനാജ്ഞവസ്തുനിരയാൽ താവുന്ന താപം; തുലോം
തോൽക്കാറായ്മലരമ്പനോടഹഹ! മുപ്പാർ വെന്ന ലങ്കേശ്വരൻ.

(അടുത്തു ചെന്നിട്ടു്)

പൊയ്ത്താർപലാശമിഴി, ജാനകി, സന്ത്യജിക്ക
മർത്ത്യങ്കലുള്ള രതി നീ മമ ചിത്തനാഥേ!
യുദ്ധേ മദസ്പൃഹതികൊണ്ടു സലക്ഷ്മണൻ നിൻ
ചിത്തേശനിപ്പൊഴുതിൽ വീഴ്‌വതു കണ്ടുകൊൾക. ൭

സീത:—ഛീ, മൂഢനാണു് കെട്ട രാവണൻ; മന്ദരത്തെ കൈകൊണ്ടെടുക്കാനാണല്ലോ ഇവൻ കൊതിക്കുന്നതു്!

ഒരു രാക്ഷസൻ:—(പ്രവേശിച്ചു്) മഹാരാജാവു സർവോൽക്കർഷേണ വർത്തിച്ചാലും!

ഇതാ, നൃപാലാത്മജരാനരന്മാർ തൻ ശിരസ്സുകൾ,
തല്പ്രീതിക്കടരിൽ കൊല്ലുതമ്പുരാൻ കൊണ്ടെടുത്തവ. ൮

രാവണൻ:—സീതേ, നോക്കു, നോക്കു, ആ മനുഷ്യരുടെ തലകൾ.

165821
38249
O15:2D35:23
UNIVERSITY LIBRARY
20 JUL 1955

സീത:—ഹാ! ആൎയ്യപുത്ര— (എന്നു മൂൎഛിച്ചുവീഴുന്നു.)

രാവണൻ:—

പരമവസിതജീവകാലനാമീ
നരനിൽ മനോരതി കൈവെടിഞ്ഞു സീതേ,
വിരവിനൊടവിശാലലോചനേ, നീ-
യുരപെരുകീടിന ലക്ഷ്മി നേടിയാലും! ൻ

സീത:—(ബോധം പൂണ്ടിട്ട്) ഹാ, ആൎയ്യപുത്ര, ത്രുമണം തിരണ്ട പുതിയ താമരപ്പൂവുപോലുള്ള മുഖങ്ങൾ കണ്ണുതുറിച്ചുവയായി കണ്ടുംകൊണ്ടിരിക്കുന്ന മന്ദഭാഗ്യയായ ഞാൻ മഹാധൈൎയ്യവതിതന്നെ! ഹാ ആൎയ്യപുത്ര, എന്നെ ഈ ദുഃഖസമുദ്രത്തിൽ തള്ളിക്കളഞ്ഞുംവെച്ച് ഭവാൻ എങ്ങോട്ടുപോയി? ഞാൻ ചാകുന്നില്ലല്ലോ! ഇതു വ്യാജമായിരിക്കുമോ? ഭദ്ര, ഏതു വാളുകൊണ്ടാണോ, ആൎയ്യപുത്രന് അനുരൂപമല്ലാത്തതു ചെയ്തതു്, അതുകൊണ്ടുതന്നെ എന്നേയും കൊല്ലേണമേ

രാവണൻ:—

അന്നരാധിപനെയും സഗൎഭ്യനാകുന്ന ലക്ഷ്മണനെയും രണാന്തരേ
കൊന്നുപോയ് നിയതമിന്ദ്രജിത്തുതാൻ; വന്നുനിന്നെ വിടുവിക്കുമാരിനി?

[അണിയറയിൽ]

രാമൻ, രാമൻ—

സീത:—നീ ദീൎഘായുസ്സായിരിക്കുക.

ഒരു രാക്ഷസൻ:—(പ്രവേശിച്ച്) രാമൻ, രാമൻ—

രാവണൻ:—എന്തെന്ത്, രാമൻ എന്നോ?

രാക്ഷസൻ:—മഹാരാജാവു പ്രസാദിക്കണേ, പ്രസാദിക്കണേ! അടിയന്തരവൎത്തമാനം ഉണൎത്തിപ്പാനുള്ള ബദ്ധപ്പാടുനിമിത്തം സമയം നോക്കാതിരുന്നതാണ്,

രാവണൻ:—പറയുക, പറയുക, എന്തു ചെയ്തു മനുഷ്യതാപസൻ?

രാക്ഷസൻ:—കല്പിച്ചു കേൾക്കണം:

വൻകൈക്കരുത്തുമുരപേറിയ നെഞ്ഞുറപ്പും
തങ്കുന്ന രാമനിഹ ലക്ഷ്മണനോടുകൂടി
ലങ്കേശനായ തിരുമേനിയെയും ഗണിക്കാ-
തുങ്കേറി നിന്മകനെയാശു കൊലപ്പെടുത്തി. ൧൧

രാവണൻ:—അമ്പോ, യുദ്ധഭീരുവായ ദുഷ്ട,

ആരോടിന്ദ്രാദി ദേവന്മാർ തോററു പിന്മാറി ദൈത്യരും;
ഇന്ദ്രജിത്താമവനെയും മാനുഷൻ യുധി കൊൽകയോ? ൧൨

രാക്ഷസൻ:—മഹാരാജാവു പ്രസാദിക്കണേ, പ്രസാദിക്കണേ! തൃപ്പാദസന്നിധിയിൽ, കൊച്ചുതമ്പുരാനെക്കുറിച്ചു് വ്യാജം ഉണത്തിക്കുകയല്ല.

രാവണൻ:—ഹാ, ഉണ്ണി, മേഘനാദ—(മൂർച്ഛിച്ചു വീഴുന്നു)

രാക്ഷസൻ:—മഹാരാജാവേ, ആശ്വസിച്ചാലും, ആശ്വസിച്ചാലും!

രാവണൻ:—(ബോധംപൂണ്ടു്)

ഹാ വത്സ, സർവ്വഭുവനജ്വരദാസ്ത്രവേദിൻ,
ഹാ വത്സ,നാമിതരിപുവ്രജ, ശക്രജിത്തേ,
ഹാ വത്സ, വീര, ഗുരുവത്സല, യുദ്ധശൂര,
ഹാ വത്സ, നീയിവനെവിട്ടിഹ പോയതെന്തേ! ൧൩

(എന്നു വീണ്ടും മൂർച്ഛിക്കുന്നു.)

രാക്ഷസൻ:—അയ്യോ, കഷ്ടം! ലോകം മൂന്നും ജയിച്ച ലങ്കേശ്വരൻ ദുർവ്വിധിയാൽ ഈ നിലയിലായിപ്പോയല്ലോ! മഹാരാജാവേ, ആശ്വസിച്ചാലും, ആശ്വസിച്ചാലും!

രാവണൻ:—(ആശ്വസിച്ചിട്ടു്) ഇനി അനത്ഥങ്ങൾക്കു കാരണഭൂതയായ സീതയും, ലോകം മൂന്നും ജയിച്ചിട്ടും

നിഷ്ഫലയായിത്തീൎന്ന ഈ അസ്ഥിരലക്ഷ്മിയും എന്തിനാണ്? എടോ, കൃതാന്തഹതക, നീ ഇപ്പോഴും ഭയപ്പെട്ടുനിൽക്കയാണോ?

ഇതുനേരവുമുണ്ണിയിന്ദ്രജിത്തോടു കൂടാതെയിതാ, ദശാനനൻ
ഉയിർപേറിയിരുന്നിടുന്നു ഹാ വിഗതസ്നേഹകഠോരമാനസൻ! ൧൪

[എന്നു മൂർച്ഛിച്ചു വീഴുന്നു.]

രാക്ഷസൻ:—അല്ലയോ രാക്ഷസവീരന്മാരെ, തിരുമേനി ഈ നിലയിലായാൽ, അകത്തേ മതിൽക്കെട്ടിൽ കാവൽ നിൽക്കുന്ന നിങ്ങൾ സൂക്ഷിച്ചുകൊള്ളുണേ!

[അണിയറയിൽ]

ഹേ, ഹേ, പ്രഹസ്തൻ, നികുംഭൻ, കുംഭകൎണ്ണൻ, ഇന്ദ്രജിത്ത് എന്നിവർ മുന്നണിയിൽവെച്ചു വധിക്കപ്പെട്ടതിനാൽ ഹാനി സംഭവിച്ചുപോയ സൈന്യസമുദ്രത്തിൽനിന്നു ഭയപ്പെട്ടു പിൻവാങ്ങുന്ന രാക്ഷസവീരന്മാരേ, നിരന്തരമായി ദേവയുദ്ധങ്ങളിൽ വിജയം നേടിയ നിങ്ങൾ പേടിച്ചോടുന്നതു ശരിയല്ല— വിശേഷിച്ചും, ലോകമെല്ലാം ജയിച്ചു കീൎത്തിപ്പെട്ട ഇരുപതു തൃക്കൈകളോടുകൂടിയ സ്വാമി ലങ്കേശ്വരൻ ജീവിച്ചിരിക്കെ.

രാവണൻ:—(കേട്ടിട്ട് അമർഷത്തോടെ) ചെന്ന്, വീണ്ടും വൎത്തമാനമറിയുക.

രാക്ഷസൻ:—കല്പനപോലെ. (പോയി പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

ഇതാ, രാമൻ

ഹുങ്കാലങ്ങയെ മാനിയാതെ ചിരിയാൽ നേത്രംവിടുൎത്തിഭാനു-
സ്സിങ്കൽ ബാണമയച്ചു, വാനരഗണം ചുഴെച്ചുഴന്നങ്ങിനെ,
നിൻ കല്യാത്മജനെപ്പടത്തലയിലായ് വീഴിച്ചതിൻശേഷമീ
ലങ്കയ്ക്കായണയുന്നു മന്നവ ഭവിപ്പിക്കുന്നതിന്നാംവിധം. ൧൫

രാവണൻ:—(പെട്ടെന്നെഴുന്നേററു കോപത്തോടേ) അവനെവിടെ, അവനെവിടെ? (വാളുയർത്തിക്കൊണ്ടു്)

ആ വജ്രായുധകുംഭികുംഭഫലകം വെട്ടിപ്പൊളിച്ചുള്ളതാ-
മീവൻവാളരിശത്തിനുററബലിയായ് നിന്നെ സമർപ്പിക്കുമേ;
ആവുംപോലിഹ കാത്തിടട്ടെ സുരരിന്നെ;—ൻ കയ്യിൽനിന്നെങ്ങുവാൻ
പോവും? ക്ഷുദ്ര, നികൃഷ്ടതാപസ, നിലക്കൊള്ളു നിലക്കൊള്ളു നീ! ഹന്ത

രാക്ഷസൻ:—തിരുമേനി, അതിസാഹസം വേണ്ടാ.

സീത:—അനിഷ്ടവും, അനർത്ഥവും അനാവശ്യവും ആചരിയ്ക്കുന്ന രാവണന്നു് അധികം വൈകാതെ മരണം പററും.

രാവണൻ:—ഇവൾ കാരണമായിട്ടു്, ഭ്രാതാക്കന്മാരും മക്കളും ബന്ധുക്കളുമായി എനിക്കു വളരെപ്പേർ കൊലപ്പെട്ടുപോയി. അതിനാൽ ഞാൻ ശത്രുവിങ്കൽ ആസക്തമായിരിക്കുന്ന ഇവളുടെ ഹൃദയം പിളർന്നു്, കുടർമാല വലിച്ചെടുത്തണിഞ്ഞിട്ടു്, രണ്ടു മനുഷ്യരോടുകൂടിയ വാനരസൈന്യത്തെ മുഴുവൻ ഇടിവാളിനൊത്ത വാൾകൊണ്ടു വെട്ടിമുറിച്ചുകളയാം.

രാക്ഷസന്മാർ:—മഹാരാജാവു പ്രസാദിക്കണേ, പ്രസാദിക്കണേ! ഇനിയും ശത്രുബലദർപ്പത്തെക്കുറിച്ചു വെറുതെ നിരന്തരപ്രയത്നം ചെയ്യേണ്ട. സ്ത്രീവധമോ തീർച്ചയായും ചെയ്തുകൂടാ.

രാവണൻ:—എന്നാൽ തേർ കൊണ്ടുവാ.

രാക്ഷസൻ:—കല്പനപോലെ. (പോയി പ്രവേശിച്ചു്) മഹാരാജാവു ജയിച്ചാലും! ഇതാ തേർ.

രാവണൻ:—(തേരിൽ കേറിയിട്ടു്)

സ്വാരാജ്യക്കാർ ചുററുമേ കൂടിയാലും,
നേരായ് സ്സീതേ, രാമനെസ്സമ്പ്രതം തേ,

നേരിട്ടെൻവില്ലെയ്തു കൂട്ടുന്ന ക്രൂര-
മ്പേറിക്കേറികൊണ്ടുമാറൊത്തു കാണാം.

[രാവണൻ പരിവാരങ്ങളോടുകൂടി പോയി]

സീത:—ഈശ്വരന്മാരെ, ഞാൻ എൻെറ വംശത്തിനനുരൂപമായ ചാരിത്രത്തോടുകൂടി ആൎയ്യപുത്രനെ അനുവൎത്തിക്കുന്നുണ്ടെങ്കിൽ, ആൎയ്യപുത്രന്നു വിജയം സിദ്ധിക്കണമേ! (പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

---

## ആറാമങ്കം.

[പിന്നെ മൂന്നു വിദ്യാധരന്മാർ പ്രവേശിക്കുന്നു]

എല്ലാവരും:—ഹേ ഇതാ നമ്മൾ; ഇതാ നമ്മൾ.

ഒന്നാമൻ:—

ഇക്ഷ്വാകുവംശം വിപുലോജ്വലകേതുവാകും

രണ്ടാമൻ:—

പൌലസ്ത്യപ്രഹിംസയിലൊരുങ്ങിയ രാഘവൻെറ

മൂന്നാമൻ:—

പോർ കാണ്മാൻ കരളിലാണ്ട കുതൂഹലത്താൽ

എല്ലാവരും:—

വന്നെത്തി നമ്മൾ തുഹിനാദ്രിയിൽ നിന്നുമന്ദം. ൧

ഒന്നാമൻ:—ചിത്രരഥ, ഇതാ, ദേവദേവൎഷിസിദ്ധവിദ്യാധരപ്രമുഖന്മാർ ആകാശത്തു തിക്കിത്തിരക്കിനിൽക്കുന്നു; അതിനാൽ നമുക്ക് ഇവരുടെ കൂട്ടത്തിൽ ചേരാതെ ഒരു വിജനസ്ഥലത്തു സുഖമായിനിന്നു രാമരാവണന്മാരുടെ യുദ്ധം കാണാം.

ഇരുപേരും:—അങ്ങനെതന്നെ. (ആവിധം ചെയ്തിട്ട്) .

ഒന്നാമൻ:—അമ്പോ, ഈ പോൎക്കളം കണ്ടാൽ പേടിയാവും. ഇവിടെയാകട്ടെ,

സ്ഫാരാസി നക്രനിര ചേൎന്നു, നിശാചരാംഗ-
നീരാൽ നിറഞ്ഞു, കപിവീചികളോടുകൂടി,
ശ്രീരാമചന്ദ്രശരരശ്മിയിൽ 'വേലിയേറി'
വാരാശിപോലെ വിലസുന്നു രണപ്രദേശം. ൧

രണ്ടാമൻ:—ശരിതന്നെ.

ക്രോധിച്ചദ്രിമരങ്ങളാൽ തലചതച്ചുന്മുഷ്ടിയാൽ കുത്തിയും,
പാടേ വാൽ ചെവി പൊങ്ങുമൂൎജ്ജിതകപീന്ദ്രന്മാർ വധിച്ചിട്ടിതാ,
കണ്ണും ഞെക്കലിൽ വട്ടകണ്ണുകളും തുറിച്ചോഷ്ഠം കടിച്ചുഗ്രമാം
വക്ത്രംപൂണ്ടിഹ വീണു രാക്ഷസഗണം വജ്രാഹതാദ്രിപ്രഭം. ൨

മൂന്നാമൻ:—ഇതും നിങ്ങൾ കാണേണ്ടതാണ്.

ചൊടിച്ചു വിരിവാൎന്ന കണ്ണിണയൊടൊത്തു, വെൺദംഷ്ട്രയും
കടിച്ചു, കരിവാർമുകിൽപ്രഭതിരണ്ട രക്ഷസ്സുകൾ
കടഞ്ഞ തെളിവാളുമായ് കപിബലങ്ങളെക്കൊല്ലുവാൻ
തുടൎന്നഴറി വാ തുറന്നെതിരിടുന്നതെമ്പാടുമേ. ൩

ഒന്നാമൻ:—അമ്പോ,

പേത്തും വിടുന്നു കണ്ണ മൎക്കടരിൽക്ഷപാടർ;

രണ്ടാമൻ:—

വീഴ്ത്തുന്നു കുന്നുകളരക്കരിൽ മൎക്കടന്മാർ;

മൂന്നാമൻ:—

മുഷ്ടിപ്രഹാരമൊടുമുട്ടിടിയും മുഴുത്തു

എല്ലാവരും:—

മുററം രണം ഹഹ! ഭയങ്കരമായ് തുടൎന്നു. ൪

ഒന്നാമൻ:—നിങ്ങൾ രാവണനെ നോക്കുവിൻ:

ചാരുപ്പൊൻപിടിയിട്ട വേലിനെയുലച്ചുന്നു വെളുപ്പാംനിറം
ചേരും ദംഷ്ട്ര കടിച്ചുകൊണ്ടിഹ തെളിപ്പിക്കുന്നു തേരഞ്ജസാ,
താരശ്രേണിചുഴന്ന പൂൎണ്ണശശിയെപ്പൂൎവാദ്രിയിൽ കാണുമ-
ന്നേരം രാഹുകണക്കു രാമനെ നിരീക്ഷിച്ചിട്ടുമൎഷാന്ധ്യനായ്. ൫

രണ്ടാമൻ:—നിങ്ങൾ രാമനേയും നോക്കുവിൻ:

നേരേ ചാപക്കൊടിയിടത്തു കൈകൊണ്ടു കുത്തിപ്പിടിച്ചി-
ട്ടേ,റെച്ചേല്പുള്ളൊരു കണ വലംകയ്യിനാലെ ചുഴററി,
പോരിൽത്തേർതാണ്ടെഴുമരിയെയും നോക്കി മന്നിങ്കൽ നില്പൂ
വീരൻ: ക്രൌഞ്ചപ്രവരഗിരിയെക്കാത്തികേയൻകണക്കേ. ൧

മൂന്നാമൻ:—അമ്പമ്പൊ,

ലങ്കാധിപൻ ചാട്ടിയ കാലമൃത്യുസങ്കാശമാം വേലിതു രാമഭദ്രൻ
രണ്ടായ് മുറിച്ചാൻ മൃദുവായ് ച്ചിരിച്ചുംകൊണ്ടാശു കോദണ്ഡികളിൽ
(പ്രശസ്തൻ. ൨

ഒന്നാമൻ:—വേൽ പാഴിൽ വീണതായ് ക്കണ്ടു
കോപത്താൽക്കണ്ണു വിടന്നിതാ
രാമങ്കലമ്പു തൂകുന്തു
പേമഴയ്യെന്നാത്തു രാവണൻ. ൩

രണ്ടാമൻ:—അഹോ, രാമൻെറ ഭംഗി!

രാവണാഭ്രത്തിൽ നിന്നോലുമിവൻവിശിഖമാരിയെ
അഴകായ് രാമനേൽക്കുന്തു മഴയെക്കാളപോലവേ. ൪

മൂന്നാമൻ:—ഇതാ, ഇദ്ദേഹം

ക്രൂരമാകിയ പൊന്നണിക്കുലവില്ലുയത്തിയതിദ്രുതം
ഘോരസായകരാജിയെച്ചിതറിച്ചുകൊണ്ടടർമുന്നിലായ്
തേരിലാണ്ടണയും ദശാസ്യനൊടേല്പു കാൽനടയായ്: മദം
പേറിടും കൊലയാനയോടെകിർ*ക്കുത്ത കേസരിപോലവേ. ൫

എല്ലാവരും:—എയ്, ഇവിടം ഒരു പ്രഭകൊണ്ടു കത്തയെരിയുന്ന മട്ടിലായല്ലൊ; ഇതെന്തായിരിക്കാം!

ഒന്നാമൻ:—ശരി, യുദ്ധം ഒരേ മട്ടിൽ നിൽക്കുന്നതിൽ ശങ്കിതനായ ദേവേന്ദ്രൻ, മാതലി തെളിക്കുന്ന തേരയച്ചിരിക്കയാണു്.

---

* എകിർ=ദംഷ്ട്ര.

രണ്ടാമൻ:—രാമൻ അടുത്തുചെന്ന മാതലിയെക്കണ്ടിട്ട്, അദ്ദേഹം പറകയാൽ തേരിൽ കയറി.

മൂന്നാമൻ:—ഇതാ,

സുരപ്രവര,പംക്തിതൻ വിജയഗർവ്വിനാചാര്യനായ്-
പ്പുരം ദിതിതനൂജർ തൻകഥകഴിപ്പതാം തേരിതിൽ
അരക്കരെ മുടിച്ചുകൊൾവതിനു ലാലസിക്കുന്നതേ:
പുരത്രയഹതിക്കു പണ്ടചലകാർമ്മുഖൻപോലവേ. ൧൨

ഒന്നാമൻ:—അമ്പോ, യുദ്ധം കേമമായിക്കഴിഞ്ഞു.

സ്വവിശിഖക്ഷപതോഗ്രശരൌഘമാം
നൃവരകർബ്ബുരർ തൻപട കണ്ടിതാ,
പ്ലവഗരാക്ഷസസൈനികർ നിൽപ്പുമായ്
വിവിധശസ്ത്രവിസർജ്ജനമെന്നിയെ. ൧൩

രണ്ടാമൻ:—അമ്പമ്പോ,

തരത്തിൽ വട്ടം തിരിവോര,സംഭ്രമായ്-
ശ്ശരംപൊഴിപ്പോരിവർ തേരിലാണ്ടവർ,
ധരിത്രിവേകും കതിർ തൂകിയംബരേ
ചരിച്ചിടും രണ്ടു ദിനേശർപോലെ താൻ. ൧൪

മൂന്നാമൻ:—നിങ്ങൾ രാവണനെ നോക്കുവിൻ:

കുതിച്ചു കയറും കൊടുംകണകളാൽ തുരംഗങ്ങളെ-
ച്ചുതച്ചു, ബലവാർദ്ധിനാൽ ധ്വജവുമെയ്തുപൊട്ടിച്ചുടൻ,
അതുച്ഛശരവൃഷ്ടിചെയ്തതിഭയം പെടുംവണ്ണമായ്
നദിച്ചു നരദേവനെപ്പരിഹസിക്കയും ചെയ്‌വൂതേ. ൧൫

ഒന്നാമൻ:—ഇതാ രാമൻ,

നിൽപ്പൂന്നിക്കുവതായ മെയ്യൊടുകുറഞ്ഞൊന്നാശ്വസിച്ചൂഴിപൻ
കെല്പേറും കണപാർത്തു, മാതലി ശരിക്കൊപ്പിക്കയാൽ വീര്യവാൻ
ക്ഷിപ്രംകോപവിപാടലാക്ഷിയുഗനായ് മദ്ധ്യാഹ്നസൂര്യാഭനായ്
ചൊല്പൊങ്ങും നൃവരൻ പിതാമഹമഹാസ്ത്രത്തെത്തൊടുത്തീടിനാൻ. ൧൬

രണ്ടാമൻ:—ഈ അസ്ത്രം,

കട്ടമുനയിലിനാഗ്നിദേവതകളേല്ലാന്നടവൊട്ട രാഘവനാഞ്ഞു വിട്ടവാറേ
അടരിൽ നിശി പരപ്രമാണിയെ ഞാനടനെമടങ്ങി വരുന്ന രാമനിൽ-
[ത്താൻ. ൧൭

എല്ലാവരും:—ഹാ, രാവണൻ വീണുപോയി!

ഒന്നാമൻ:—

അരക്കർകോനെക്കൊലചെയ്തതാര്യ്യരണ്ടരം പൊഴിക്കുന്നിതു പുഷ്പവർഷം;
ഒരുച്ചഘോഷത്തോടിതാ നിലിമ്പപ്പെരുമ്പറക്കൊട്ടു മുഴങ്ങിടുന്നു. ൧൮

രണ്ടാമൻ:-ആകട്ടെ; ദേവകാര്യ്യം നിറവേറിക്കഴിഞ്ഞതല്ലോ

ഒന്നാമൻ:—അതിനാൽ വരിക. നമുക്കും സൎവ്വഹിതനായ രാമനെ സംഭാവനം ചെയ്യാം.

രണ്ടുപേരും:—അങ്ങിനെതന്നെ, ഉത്തമപക്ഷം.

(എല്ലാവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

——(০)——

(പിന്നെ രാമൻ പ്രവേശിക്കുന്നു)

മരാൻ:-—

യുദ്ധത്തിൽ ദശകണ്ഠനെക്കോടിയൊരമ്പെയ്തിന്നു കൊന്നേൻ ബലാൽ,
*ധാത്മാവു വിഭീഷണന്നുതകിനേനൈശ്വര്യ്യ,മീവണ്ണമായ്
ഉ സത്വാചരിതപ്രതിശ്രവമഹാംഭോരാശി നീന്തിക്കട-
ന്നസ്സീതയ്ക്കൂഴലാററവാൻ പ്രിയതമായ്പ്പോകുന്ന ലങ്കയ്ക്കു ഞാൻ. ൧൯

ലക്ഷ്മണൻ:—(പ്രവേശിച്ച്) ജ്യേഷ്ഠ, ജയിച്ചാലും! ജ്യേഷ്ഠ ഇതാ, ജ്യേഷ്ഠത്തി ജ്യേഷ്ഠന്റെ അടുക്കലേക്കു വരുന്നു.

രാമൻ:—ഉണ്ണി, ലക്ഷ്മണ,

അവതിയിലെക്കാളി,പ്പൊഴുതരിനിലയേവാണ സീതയെക്കാൺകിൽ
ഒരുമന്യുവന്നുദിച്ചെൻകരളിൻധൈര്യ്യത്തിനെത്തടുത്തേയ്ക്കാം. ൨൦

---

* സത്വം (ഗുണം) ഏറിയവരാൽ ആചരിക്കപ്പെട്ട ഉല്ക്കടങ്ങളായ പ്രാണികളാൽ വ്യാപിക്കപ്പെട്ട എന്നും പ്രതിജ്ഞയാകുന്ന വൻകടൽ,൹

ലക്ഷ്മണൻ:—ജ്യേഷ്ഠൻെറ കല്പനപോലെ. (പോയി)

വിഭീഷണൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

ഇതാ, വിഭോ, നിൻകുലപത്നി, നിൻക-
യ്യൂക്കാലെ മാലററവൾ, നിൻപ്രസാദാൽ,
പൗരാസുരാമിത്രരിൽ നിന്നൊഴിഞ്ഞ
പൂമാതുപോലിങ്ങെഴുന്നള്ളിടുന്നു. ൨൧

രാമൻ:—വിഭീഷണ, രാക്ഷസൻ തീണ്ടിയതിനാൽ ദോഷപ്പെട്ടു്, ഇക്ഷ്വാകുകുലത്തിന്നു് ഒരു കളങ്കമായി ത്തീൎന്നവൾ അവിടെത്തന്നെ ഇരുന്നുകൊള്ളട്ടെ. ലങ്കേശ്വര, ദശരഥരാജാവായ അച്ഛനെ വിചാരിച്ചാൽ, എന്നെ കാണ്മാൻ പാടില്ല! അത്രതന്നെയല്ല,

അകാൎയ്യവിഷയത്തിൽപോയ് മുഴുകുന്നോനെ മന്നവ,
തടുക്കുമാരവൻമിത്രം: മറിച്ചുള്ളോനമിത്രമാം. ൨൨

വിഭീഷണൻ:—കല്പിച്ചു പ്രസാദിക്കണം!

രാമൻ:—ഭവാൻ ഇതിലധികം ശല്യപ്പെടുത്തരുതു്.

ലക്ഷ്മണൻ:—(പ്രവേശിച്ച്) ജ്യേഷ്ഠ ജയിച്ചാലും! ജ്യേഷ്ഠൻെറ അഭിപ്രായം കേട്ടിട്ട് ജ്യേഷ്ഠത്തി അഗ്നിപ്രവേശനത്തിന്നു് അനുവാദം കാത്തുനിൽക്കയാണു്.

രാമൻ:—ലക്ഷ്മണ, ആ പതിവ്രതയ്ക്കു് വേണ്ടതു ചെയ്തുകൊടുത്തേയ്ക്കു.

ലക്ഷ്മണൻ:—ജ്യേഷ്ഠൻെറ കല്പനപോലെ. (ചുററിനടന്നിട്ട്)
ഹാ! കഷ്ടം!

ജ്യേഷ്ഠത്തിതൻ ശുദ്ധി ധരിക്കയാലും
ജ്യേഷ്ഠൻെറയിക്കല്പന കേൾക്കയാലും

ഊഞ്ഞാലുപോലായ്ച്ചമയുന്നു, ധമ്മ-
സ്നേഹങ്ങൾ തൻമദ്ധ്യഗമെൻെറ ചിത്തം. ൨൩

ആരവിടെ?

ഹനുമാൻ:—(പ്രവേശിച്ച്) കൊച്ചുതമ്പുരാൻ ജയിച്ചാലും!

ലക്ഷ്മണൻ:—ഹനുമാനേ, ഭവാനു കഴിവുണ്ടെങ്കിൽ—ജ്യേഷ്ഠൻ ഇപ്രകാരം ആജ്ഞാപിക്കുന്നു.

ഹനുമാൻ:—ഇതിൽ കൊച്ചുതമ്പുരാൻ എന്തു വിചാരിക്കുന്നു?

ലക്ഷ്മണൻ:—എൻെറ വിചാരംകൊണ്ടു പ്രയോജനമില്ല. ജ്യേഷ്ഠൻെറ അഭിപ്രായം അനുസരിക്കുന്നവരാണല്ലോ നമ്മൾ. നമുക്കു പോവാം.

ഹനുമാൻ:—കൊച്ചു തമ്പുരാൻ ആജ്ഞാപിക്കുന്നതുപോലെ.

(രണ്ടുപേരും പോയി)

ലക്ഷ്മണൻ:—(പ്രവേശിച്ച്) ജ്യേഷ്ഠൻ പ്രസാദിച്ചാലും! ജ്യേഷ്ഠ, ആശ്ചര്യമാശ്ചര്യം! ഇതാ ജ്യേഷ്ഠത്തി,

സംഫുല്ലാംബുജദളമാലപോലെയുള്ളോൾ,
തൻപ്രാണസ്പൃഹയെവെടിഞ്ഞു, നിൻപ്രയത്നം
സമ്പ്രത്യുജ്ഝിതഫലമാക്കിവിഴ്വതിയ്യിൽ:-
ച്ചെമ്പൊയ്ത്താർനിരയിൽ മരാളിപോലെ മന്ദം.

രാമൻ:—ആശ്ചര്യം, ആശ്ചര്യം! ലക്ഷ്മണ, തടുക്കു, തടുക്കു.

ലക്ഷ്മണൻ:—ജ്യേഷ്ഠൻെറ കല്പനപോലെ.

ഹനുമാൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

എരിവഹ്നിയിൽ നിന്നിതാ, നിറം പെരുകും കാഞ്ചനമാല പോലവെ;
പരിപാവനി പാവകങ്കലാണ്ടൊരുകേടും പിണയാതെ കേറിനാൾ. ൨൪

രാമൻ:—(ആശ്ചര്യത്തോടെ) എന്ത്, എന്ത്!

ലക്ഷ്മണൻ:—അമ്പോ, ആശ്ചര്യം!

സുഗ്രീവൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

ആരായിരിക്കാമിത,*സുവ്യപായം
ചേരാതെഴും മൈഥിലമങ്കയാളെ
പാരാതെകൈക്കൊണ്ടെരിതിയ്യിൽനിന്നി-
ട്ടാരാദ്ധ്യരൂപത്തൊടുയൻവന്നാൻ? വന്ത

ലക്ഷ്മണൻ:—എയ്, ഇതാ, .ജ്യേഷ്ഠത്തിയെ മുൻനടത്തി അഗ്നിഭഗവാൻ ഇങ്ങോട്ടെഴുന്നെള്ളുന്നു.

രാമൻ:—എയ്, ഇതാ, ഭഗവാൻ ഹുതാശനൻ. നാം അടുത്തുചെല്ലുക.

(എല്ലാവരും അടുത്തുചെല്ലുന്നു)
പിന്നെ സീതദേയയും കൊണ്ടു് അഗ്നി പ്രവേശിക്കുന്നു.)

അഗ്നി:—ഇതാ, ഭഗവൻ നാരായണൻ, ദേവൻ ജയിച്ചാലും!

രാമൻ:—ഭഗവാനേ, അങ്ങയ്ക്കു നമസ്കാരം.

അഗ്നി:—ദേവേശൻ എന്നെ നമസ്കരിച്ചുകൂടാ.

ഇതാ, കൈക്കൊൾക രാജേന്ദ്ര, ശുദ്ധയായ് സർവവന്ദ്യയായ്
അപാപയായക്ഷതയാം സീതയെപ്പുരുഷോത്തമ! വന്ത

അത്രതന്നെയല്ല,

അരിയപൂമകളാകിയ ദേവിയാണറിയുകിജ്ജനകന്റെ കുമാരിയാൾ;
അവൾ മനുഷ്യശരീരമെടുത്തുപോന്നനുസരിച്ചു യഥോചിതമങ്ങയെ. വവ്വ

രാമൻ:—ഞാൻ അനുഗൃഹീതനായി.

---

*അസുവ്യപായം=പ്രാണനാശം.

അതിശുദ്ധവിദേഹപുത്രിയെന്നതു നന്നായറിവുള്ളതെങ്കിലും
ഹുതവാഹന, ലോകർ വിശ്വസിപ്പതിനായിങ്ങിനെ ചെയ്തതാണു-
[ഞാൻ. ൨൯

(അണിയറയിൽ ദിവ്യഗന്ധർവന്മാർ പാടുന്നു)

ത്രൈലോക്യകാരണമായ ഭഗവാൻ നാരായണന്നു നമസ്കാരം!

ധാതാവിശ്വരർ; നിന്മനം; ഗിരിശനോ നിൻ ക്രോധമുമ്പെക്കേഴും
നേതാവേ; രവിചന്ദ്രർ നിൻമിഴിയുഗം; വാഗ്ദേവിനാവാണതേ;
നീതാൻ തീർത്തിതജേന്ദ്രദേവകൾപെട്ടും പാർ മൂന്നു:—മിസ്സീത പൂ-
മാതാവാണു ദൃഢം ജഗത്രയപതേ, കൈതൊഴാംക നീ കേശവൻ! ൩൦

(വീണ്ടും അണിയറയിൽ വേറെ ചിലർ പാടുന്നു)

ഒന്നായാഴിയിലാണ്ട ഭൂവിതു ഭവാൻ പൊക്കീ വരാഹാത്മനാ;
നന്നായ് മൂന്നടികൊണ്ടളന്നിതുലകം മൂന്നും സുരാധീശ, നീ;
ഇന്നിദ്ദേവിയുമായ്, നിസർഗ്ഗവടിവിൽപ്പോരിട്ടു പൌലസ്ത്യനെ-
ക്കൊന്നിട്ടെന്നവിധം സുരക്കരുളിയില്ലാശ്വാസമന്യോന്നമേ! ൩൧

അഗ്നി:—ഭദ്രമുഖ, ഇതാ, ദേവദേവർഷിസിദ്ധവിദ്യാധര ഗന്ധർവാപ്സരോഗണങ്ങൾ അങ്ങയുടെ മഹിമ വർണ്ണിച്ചു വാഴ്ത്തുന്നു.

രാമൻ:—ഞാൻ അനുഗൃഹീതനായി.

അഗ്നി:—ഭദ്രമുഖ, അങ്ങുന്ന് അഭിഷേകത്തിന്നായി ഇതിലെ ഇതിലെ.

രാമൻ:—ഭവാന്റെ ആജ്ഞപോലെ.

(രണ്ടുപേരും പോയി)

(അണിയറയിൽ)

ദേവൻ ജയിച്ചാലും! സ്വാമി ജയിച്ചാലും! ഭദ്രമുഖൻ ജയിച്ചാലും! മഹാരാജാവു ജയിച്ചാലും! രാവണാന്തകൻ ജയിച്ചാലും! ആയുഷ്മാൻ ജയിച്ചാലും!

വിഭീഷണൻ:—ഇതാ, ഇതാ, മഹാരാജാവ്.

പോരിൽ പ്രതിജ്ഞാബ്ധി കടന്നു, പൂത-
ചാരിത്രയാം ദേവിയെ നേടി വാഴ്വൂ
സ്ഫരാഭനായ് സ്സർവസുരാഭിഷിക്തൻ!
ഗൌരാംബരത്തിൽക്കളിർതിങ്കൾപോലെ. ൩൨

ലക്ഷ്മണൻ:—അമ്പോ, ജ്യേഷ്ഠന്റെ വൈഷ്ണവതേജസ്സ്.

യമവരുണകുബേരവാസവാദിത്രിദശഗണാവൃതനായി വിളങ്ങിടുന്നു
ദശരഥവചനാൽ കൃതാഭിഷേകൻ; സുരപതിപട്ടമണിഞ്ഞ വജ്രി-
[പോലെ. ൩൩

(പിന്നെ അഭിഷേകം കഴിഞ്ഞ രാമൻ സീതയോടുകൂടി പ്രവേശിക്കുന്നു)

രാമൻ:—ഉണ്ണി, ലക്ഷ്മണ,

ഏതാൾ കാപ്പണിയിച്ചിരുത്തി മണിമൽപീഠത്തിലെന്നാകിലും,
മാതാവിൻ പ്രിയവാഞ്ഛയാൽ മദഭിഷേകത്തെ ക്ഷണാൽ നിർത്തിയോ;
മീതേ വിണ്ണിലിരിപ്പുമാസ്ഥുരുനൃപൻതന്നേ വെളിപ്പെട്ടവ-
ന്നാതുംഗപ്രമദം കഴിച്ചിതധുനാ പട്ടാഭിഷേകം മമ. ൩൪

അഗ്നി:—ഭദ്രമുഖ, ഇതാ, ഇന്ദ്രനിയോഗത്താൽ ഭരതശത്രുഘ്നന്മാരൊന്നിച്ചു പൌരജനങ്ങൾ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നു.

രാമൻ:—ഭഗവാനേ, എനിക്കു സന്തോഷമായി.

അഗ്നി:—ഇതാ, ഇന്ദ്രാദിദേവകൾ അങ്ങയെ ആശീർവദിക്കുന്നു.

രാമൻ:—ഞാൻ അനുഗൃഹീതനായി.

അഗ്നി:—ഭദ്രമുഖ, അങ്ങക്കു ഞാൻ ഇനി എന്തൊരിഷ്ടമാണു ചെയ്യേണ്ടത്?

രാമൻ:—ഭഗവാൻ പ്രസാദിച്ചുവെങ്കിൽ, എനിക്കിതിലധികം എന്തുവേണം?

ഭരതവാക്യം.

വരാതിരിക്കട്ടെ ദുരാധിശോക്കൾ-
ക്ക,രാതിചക്രം ലയമേററിടട്ടേ!
ചിരാൽബ്ഭരിക്കട്ടെ സമസ്തമാമി-
ധരാതലം നമ്മുടെ രാജസിംഹൻ! ൩൮

(എല്ലാവരും പോയി)

ആറാമങ്കം കഴിഞ്ഞു.

അഭിഷേകനാടകം സമ്പൂണ്ണം.

165321
38249
015: 2D35:23
32HO

MUL
165321

MADRAS

PRINTED AT THE K. P. WORKS,—TRIVANDRUM.

-9 DEC 1955

MUL
165321